2022 MAY
VOL 21
ISSUE 05
PAGE 48
PRICE ₹50

# കെയ്റോസ്

കൗമാരക്കാർക്കും യുവജനങ്ങൾക്കുമായുള്ള കത്തോലിക്കാ മാസിക



## ഒരേയൊരു പരിഹാരം
ജിന്റോ ജോൺ

## ആൾമാറാട്ടം
ശശി ഇമ്മാനുവേൽ

## മുറിവുണക്കുന്ന ബന്ധങ്ങൾ
അലീന ആൻ മാത്യു

JESUS YOUTH
A MISSIONARY MOVEMENT AT THE SERVICE OF THE CHURCH

www.jykairosmedia.org



A portrait by El Greco (1580)


## ആവിലായിലെ വി. ജോൺ

(1499–1569) തിരുനാൾ: മേയ് 10

മൃതിയടഞ്ഞു 400 വർഷങ്ങൾക്കു ശേഷം വിശുദ്ധനാക്കപ്പെട്ട ആവിലയിലെ ജോൺ. 1893-ൽ ലിയോ പതിമൂന്നാമൻ മാർപാപ്പ വാഴ്ത്തപ്പെട്ടവനായും 1970-ൽ പോൾ ആറാമൻ മാർപാപ്പ വിശുദ്ധനായും 2012-ൽ ബെനഡിക്ട് പതിനാറാമൻ മാർപാപ്പ സഭയുടെ ഡോക്ടറായും പ്രഖ്യാപിക്കുകയായിരുന്നു. ഒട്ടുമിക്ക മലയാളികൾക്കും അജ്ഞാതനായിരിക്കാം അൻഡലൂസിയയുടെ അപ്പസ്തോലനായ ഈ വിശുദ്ധൻ.

*“കളിമണ്ണുപോലെ തിരിഞ്ഞ് കർത്താവിനോട് പറയുക: ഞാൻ കളിമണ്ണാണ്; കുശവനായ കർത്താവേ, അങ്ങേയ്ക്ക് ഇഷ്ടമുള്ളതുപോലെ എന്നെ രൂപപ്പെടുത്തുക” (ആവിലായിലെ വി. ജോൺ)*





# എഡിറ്റേഴ്സ് റൂം

## കാത്തിരിക്കാം ശക്തിപ്പെടാം



ഒരു സാധാരണ കുടുംബത്തിലെ ഏക ആൺതരിയാണ് രാജു. ഏറെ കഴിവുകളുള്ള, ജീവിതത്തെക്കുറിച്ചു സ്വപ്നങ്ങളുള്ള, അധ്വാനിയും സൽസ്വഭാവിയുമായ ഒരു ചെറുപ്പക്കാരൻ. ബിരുദ പഠനത്തിന്റെ സമയത്ത് സഹപാഠികളിൽ ചിലരുടെ സാമ്പത്തിക ഉന്നതി അവനിൽ മത്സരബുദ്ധി ഉണ്ടാക്കി. വേഗം പണക്കാരനാകണം, കാറ് വാങ്ങണം, ഒരു വലിയ വീടു വയ്ക്കണം എന്നിങ്ങനെയുള്ള ചിന്ത അവനെ കീഴടക്കി. ബിസിനസ് ചെയ്ത് വേഗത്തിൽ പണം ഉണ്ടാക്കാം എന്ന ധാരണയിൽ ഒരു ബിസിനസ് തുടങ്ങി. അവന്റെ പെരുമാറ്റവും, സൽസ്വഭാവവും കണ്ട് ഒട്ടേറെ പേർ അവന്റെ ബിസിനസിൽ നിക്ഷേപം നടത്തി. അവന്റെ ബിസിനസ് ശ്രദ്ധിക്കണമെന്നു പലരും അവനോട് പറഞ്ഞെങ്കിലും അതൊന്നും ഗൗനിക്കാതെ, ബിസിനസിന്റെ താളംതെറ്റലുകൾ ശ്രദ്ധിക്കാതെ അതെല്ലാം മറയ്ക്കാൻ കൂടുതൽ പേരിൽ നിന്ന് കടം വാങ്ങുകയായിരുന്നു രാജു. അവന്റെ ബിസിനസിൽ നിക്ഷേപിച്ചവർക്ക് പണം തിരികെ ലഭിക്കാതെ വന്നപ്പോൾ പോലീസ് ഇടപെടലുകളായി. രാജു ജയിലിലുമായി. കോടികൾ സമ്പാദിക്കാൻ ഇറങ്ങിപ്പുറപ്പെട്ടവൻ കോടികളുടെ ബാധ്യതക്കാരനായി, എല്ലാവരിൽനിന്നും ഒഴിഞ്ഞുമാറി, ഒറ്റപ്പെട്ട്, നിരാശനായി കഴിഞ്ഞു വരുന്നു.

ഉടൻ പണക്കാരനാകണം, സമ്പത്തും സാമൂഹിക സ്ഥിതിയും പെട്ടെന്നു തന്നെ മെച്ചപ്പെടണമെന്നുള്ള ചിന്ത ചെറുപ്പക്കാർക്ക് കൂടിവരുകയാണ്. കടുത്ത മാത്സര്യമുള്ള സാമൂഹിക സ്ഥിതികളും, സുരക്ഷിതബോധം നൽകാത്ത കുടുംബയിടങ്ങളുമാണ് പലപ്പോഴും ഇതിനെ ഉത്തേജിപ്പിക്കുന്നത്.

കാത്തിരിപ്പിന്റെ പാഠങ്ങൾ പ്രകൃതിയിലും നമുക്ക് ദർശിക്കാവുന്നതാണ്. മരത്തിന്റെ കാതൽ വർഷങ്ങളിലൂടെയാണ് രൂപപ്പെടുന്നത്. സസ്യലതാദികളുടെ ഫലത്തിനും, മഴയ്ക്കായി നോക്കിയിരിക്കുന്ന വേഴാമ്പലിനും കാത്തിരിപ്പിന്റെ ഒരു സമയമുണ്ട്.

ദുഃഖവെള്ളിയുടെ കുരിശുമരണത്തിൽ നിന്ന് ഉയിർപ്പിന്റെ സാക്ഷ്യത്തിനായി ശിഷ്യന്മാർ കാത്തിരുന്നു. ഉയിർപ്പിനുശേഷം പരിശുദ്ധാത്മാവിനാൽ ശാക്തീകരിക്കപ്പെടാൻ വീണ്ടും ദിവസങ്ങളുടെ കാത്തിരിപ്പ്. ക്ഷമാപൂർവമായ ഈ കാത്തിരിപ്പാണ് ക്രൈസ്തവ വിശ്വാസത്തെ ദീപ്തമാക്കുന്നത്. ചോദിക്കുവിൻ, നിങ്ങൾക്കു നൽകപ്പെടും; അന്വേഷിക്കുവിൻ, നിങ്ങൾ കണ്ടെത്തും എന്ന തിരുവെഴുത്തുകൾക്ക് ക്ഷമാപൂർവമായ, പ്രത്യാശാഭരിതമായ കാത്തിരിപ്പിന്റെ ആഴം കൂടി ഗ്രഹിക്കാനാകും.

കാത്തിരിപ്പ് ഒരു ആധ്യാത്മികതയാണ്. എന്നെ പരിപാലിക്കുന്ന ദൈവം തക്ക സമയത്ത് എനിക്ക് ആവശ്യമുള്ളതെല്ലാം നൽകുമെന്നുള്ള വിശ്വാസ കാഴ്ചപ്പാടിന്റെ തെളിവാർന്ന പ്രകടനമാണിത്. ജീവിതത്തിന്റെ സമസ്ത മേഖലകളും ഇതിൽ ബന്ധിക്കപ്പെട്ടിരിക്കുന്നു. ജോലി, വിവാഹം, വിദ്യാഭ്യാസം, കുഞ്ഞ്, സാമ്പത്തിക/ഭൗതിക സാഹചര്യങ്ങൾ, അംഗീകാരം, രോഗസൗഖ്യം... എന്നിങ്ങനെ പോകുന്നു. ആധ്യാത്മികതയില്ലാത്ത കാത്തിരിപ്പ് നയിക്കുന്നത് വിദ്വേഷത്തിലേക്കും, അസൂയയിലേക്കും, കലഹങ്ങളിലേക്കും, കാരാഗൃഹത്തിലേക്കും ആയിരിക്കും. രോഗിയെ അത് കൂടുതൽ ദുർബലനാക്കും, കഴിവുകളെ അത് നിർവീര്യമാക്കും, ചിന്തകളെ അത് വക്രീകരിക്കും.

ജീവിതത്തിന്റെ ഏതു സാഹചര്യങ്ങളിലും ഉയിർപ്പിന്റെ സാക്ഷ്യം അനുഭവിക്കാനും, പരിശുദ്ധാത്മാവിന്റെ ശക്തി സ്വീകരിക്കാനും കാത്തിരിപ്പ് ആവശ്യമാണ്. ക്ഷമാപൂർവവും, പ്രത്യാശാഭരിതവുമായ കാത്തിരിപ്പ് ഉന്നതിയിലേക്കു നയിക്കും.

എഡിറ്റർ-ഇൻ-ചീഫ്
jjadvocatesjy@gmail.com

# ഉള്ളടക്കം


**06**
**ആൾമാറാട്ടം**
ശശി ഇമ്മാനുവേൽ

**10**
**കൂട്ടായ്മ വളർത്താൻ ആഴ്ചതോറും...**
ഡോ. എഡ്‌വേർഡ് എടേഴത്ത്


**16**
**മുറിവുണക്കുന്ന ബന്ധങ്ങൾ**
അലീന ആൻ മാത്യു

**22**
**കാഴ്ചയ്ക്കപ്പുറം**
അജിൻ കെ അഗസ്റ്റിൻ

**26**
**മഷിത്തണ്ട്**
ജോബി ബേബി

**28**
**എന്താടോ വാര്യരേ, താൻ നന്നാവാത്തേ..?**
ടിന്റു സോണി

**14**



**30**
**ന്യൂസ് ഹൈലൈറ്റ്സ്**
സണ്ണി കോക്കാപ്പിള്ളിൽ

**32**
**ജീസസ് യൂത്ത് പ്രതിമാസ വിചിന്തനം**

**34**
**സെപ്റ്റംബറിലെ പത്ത് ദിനങ്ങൾ**
റ്റാനിയ റോസ് ജോസൺ

**36**
**പാക്കിസ്ഥാനികൾക്കായ്**
പയസ് തലക്കോട്ടൂർ

**38**
**കൗമാരക്കാർ വായിച്ചറിയാൻ**
റോസമ്മ ജേക്കബ്

**39**
**ടീൻസ്പിരിറ്റ്/ചർച്ച് & സയൻസ്**
ജൂഹി എൽസ് ജി. & സിന്റോ വി. വർഗീസ്

**40**
**സിനി ടോക്സ് - പട**
സിബിൻ ജോസ്

**42**
**വാർത്താവിചാരം**
സണ്ണി കോക്കാപ്പിള്ളിൽ

**46**
**ചിരിയും ചിന്തയും**
ജോയ്സ് കെ. ജോസ്



**കെയ്റോസ്** KAIROS • 2022 MAY • VOL 21 • ISSUE 05 • PAGE 48



Bp. Mar Raphael Thattil
*(Ecclesiastical Advisor, Jesus Youth International)*

**Patrons**
His Beatitude Baselios Cardinal Cleemis
*(Patron, Jesus Youth International)*
His Grace Archbishop Christopher Charles Prowse
*(Patron, Jesus Youth International)*

**Spiritual Director**
Rev. Fr. Shoji Vechoorkarottu *(KJYC Animator)*

**Printer and Publisher**
Reji J. Karot 9447394142

**Executive Director**
John Sunny 9400686781 *(KJYC Coordinator)*

**Editor-in-Chief**
Adv. K.J. Johnson 9447245745

**Executive Editor**
Sajan C.A 9895711718 (kairosmag@jykairosmedia.org)

**Associate Editor**
Sunny Kokkappillil 9446890744

**Editorial Board**
Dr. Chackochan Njavallil 9447572513
Arun Antony 9447378547
Shaji Joseph 9895405631
Dr. Nycil Rajesh 9446123934
Joby Thomas 9995213936
Dr. Vineetha Joby 9447499439
Elseena Joseph 9497379891
Jinto John 9495630089
Alfred Wilson 8590834155
Ann Sebastian 7907203851
Chippy Theres Baby 9605895079

**Circulation Co-ordinator**
Leena Shaju +91 6238279115 circulations@jykairosmedia.org

**Associate Circulation Managers**
***Australia:*** Mintu Vijoy, Melbourne +61 452538785
***Bahrain:*** Roshan George, Manama + 973 36906995
***Cambodia:*** Sophearong Ravy, Phnom Penh +855 964265472
***Canada:*** Joby Joseph, Ontario +12899 686 074
***Germany:*** Anna Paul, Berlin +49 176 83495451
***India:*** Jackulin Sheela, Mumbai +91 9967329244
***Ireland:*** Suresh V Joy, Dublin. +35 3879630904
***Israel:*** Jaison K Thattil, Tel Aviv +972 559425308
***Kuwait:*** Anish Thomas Kappil, Salmiya +965 90063685
***Malaysia:*** Deepu James, KL Sentral +60 12649 4628
***Netherlands:*** Jojo Varghese, Utrecht +31 684974552
***New Zealand:*** Derick Daniel, Auckland +64 291270650
***Oman:*** Jino, Muscat +96895384654
***Papua New Guniea:*** Abin Michael, Port Moresby +675 74794368
***Qatar:*** Jomichan P George, Doha + 974 33688437
***Singapore:*** Jilu Nobin, Sengkang +65 93294529
***Switzerland:*** Joseph C Robert, Zurich +41 762499295
***Thailand:*** Mary Harris, Bangkok +66 843138626
***UAE:*** Seejo, Dubai + 971 502782383
***Uganda:*** Dominic Mathew, Kampala +256 757207200
***UK:*** Mathachan Madukkakuzhy Stoke on Trent + 44 7969365686
***USA:*** Denny Joseph, Houston +1 8326403106

**Finance Manager**
Rani George +91 9446563335 finance@jykairosmedia.org

**Office**
Smitha Jose: smitha.jose@jykairosmedia.org



Kairos MEDIA

**Mailing Address**
*INDIA:* 8/174, Navodaya Studio Complex, Thengode P.O, Kochi 682030, Kerala, India.
infoin@jykairosmedia.org +91 484 2984327

*USA:* Kairos International Inc., 3010 Mason Grove Ln, Pearland, TX 77584 USA
info@jykairosmedia.org +1 832 592 3675

www.jykairosmedia.org Facebook.com/Readkairos Twitter.com/kairosmalayalam

**Design:** Shaji Joseph Arakkal +91 98954 05631 arakkalshaji@gmail.com



# മുൾമുടി പൂക്കുന്ന നേരം

ശരത് വെൺപാല

20

ഏപ്രിൽ ലക്കം കെയ്റോസ് കണ്ടപ്പോൾ വളരെ ഇഷ്ടപ്പെട്ടു. മെയ് മാസത്തിൽ വിശുദ്ധ പദവി പ്രഖ്യാപനം നടക്കുന്ന ദേവസഹായം പിള്ളയുടെ വരച്ച കവർ ചിത്രം കണ്ടപ്പോഴാണ് മറിച്ചു നോക്കാൻ തോന്നിയത്. ഉൾപേജിൽ അതേ ചിത്രം പൂർണമായി കണ്ടപ്പോൾ ചിത്രത്തിനു മുകളിലൂടെ എഴുതിയിരിക്കുന്ന അക്ഷരങ്ങൾ ഒഴിവാക്കി ചിത്രം മാത്രമായി കിട്ടിയിരുന്നെങ്കിൽ എന്നാഗ്രഹിച്ചു. ഇതുവരെ കണ്ടിട്ടില്ലാത്ത ചിത്രമായതിനാലാണ് അങ്ങനെ തോന്നിയത്. കെയ്റോസ് മാസിക ഇത്തരത്തിൽ എക്സ്ക്ലൂസീവായ ചിത്രം രൂപപ്പെടുത്തിയത് ഉചിതമായിരിക്കുന്നു. എല്ലാത്തരം ചെറുപ്പക്കാർക്കും ഉപയോഗപ്രദമായ 'Say No' പോലുള്ള ലേഖനങ്ങൾ ഉൾപ്പെടുത്തിയതും നന്നായിരിക്കുന്നു.

ജിയോമോൻ, പറവൂർ


**കെയ്റോസിന് ബാങ്കുവഴി പണമടയ്ക്കുവാൻ:**

KAIROSE TRUST, A/c No. 14690200009621
IFSC- FDRL0001469 / FEDERAL BANK,
KAKKANAD, SEAPORT - AIRPORT ROAD



**ഓഫീസ് വിലാസം:**

കെയ്റോസ് മീഡിയ, 8/174, നവോദയ സ്റ്റുഡിയോ കോംപ്ലക്സ്
തെങ്ങോട് പി.ഒ., കാക്കനാട്, കൊച്ചി 682030
0484 2984327 94465 63335 kairosmag@jykairosmedia.org





വെങ്കി & സ്റ്റീവ് വർഗീസ്

44


കെയ്റോസ് മലയാളം /
കെയ്റോസ് ഗ്ലോബൽ ലഭിക്കാൻ

PRINT ONLINE (Eng) ONLINE (Mal)





ശശി ഇമ്മാനുവേൽ

# ആൾമാറാട്ടം

ഒരു പുരാതനമായ സന്യാസ ആശ്രമമുണ്ടായിരുന്നു. എങ്ങനെയോ, അവിടെ ലൗകികത കടന്നുവന്ന് പതിയെ ആശ്രമത്തിന്റെ ചൈതന്യത്തെ അപഹരിച്ചു. ദൈവവിളികൾ കുറയാൻ തുടങ്ങി, ഭിന്നതകൾ വളർന്നു. ദൈവാത്മ സാന്നിധ്യം നഷ്ടപ്പെട്ട് എല്ലാം യാന്ത്രികമായി ത്തുടങ്ങിയ സമയത്ത് ആശ്രമാധിപൻ ഒരു പുണ്യവാനായ സന്യാസിയെ പ്രശ്ന പരിഹാരത്തിനായി സമീപിച്ചു. ഒരു സായാഹ്നത്തിൽ അദ്ദേഹം ആശ്രമത്തിൽ വന്ന് എല്ലാം സശ്രദ്ധം നിരീക്ഷിച്ചു, അവർ പറയുന്നതെല്ലാം കേട്ടു. രാത്രി മുഴുവൻ നീളുന്ന പ്രാർഥനക്കൊടുവിൽ ആശ്രമാധിപനോട് ഒരു സ്വകാര്യം പറഞ്ഞിട്ട് തിടുക്കത്തിൽ മടങ്ങിപ്പോയി. എന്താണ് പുണ്യപുരുഷൻ പറഞ്ഞതെന്ന് പ്രഭാത പ്രാർഥനക്ക് വന്ന എല്ലാവരും തിരക്കി. ഒരു ഞെട്ടലിലെന്നവണ്ണം ആശ്രമാധിപൻ പിറുപിറുത്തു, അദ്ദേഹം പറഞ്ഞു: 'നിങ്ങളിലൊരാൾ മിശിഹായാണ്'. കാട്ടുതീ പോലെ വാർത്ത സന്യാസിമാർക്കിടയിൽ പടർന്നു. നമുക്കിടയിൽ ഒരാൾ ക്രിസ്തുവാണ്. അത് ആരായിരിക്കും? അവർ കൂടുതൽ ജാഗ്രതയുള്ളവരാകാൻ തുടങ്ങി. അവരുടെ വാക്കിലും പെരുമാറ്റത്തിലും, ജീവിത ശൈലിയിലും വലിയ മാറ്റം വന്നു. അവർ പരസ്പരം ചിന്തിച്ചു, താനിടപെടുന്ന മറ്റേ സന്യാസിയായിരിക്കുമോ മിശിഹാ. കരുണയും സ്നേഹവും മടങ്ങിയെത്തി. ജനം ആത്മീയ സഹായം തേടി വീണ്ടും ആശ്രമത്തിലെത്താൻ തുടങ്ങി. സന്യാസിമാരിൽ പ്രകടമായ വിശുദ്ധിയും, ചൈതന്യവും വിശ്വാസികളെ മാനസാന്തരത്തിലേക്കും അനുതാപത്തിലേക്കും നയിക്കാൻ തുടങ്ങി. ആശ്രമ ദേവാലയത്തിൽ നിന്ന് നിരന്തരം ഉയരുന്ന പ്രാർഥനകൾ കുളിർമയുള്ള പരിശുദ്ധാത്മ സാന്നിധ്യമായി അവിടെ നിറഞ്ഞു നിൽക്കാൻ തുടങ്ങി.

**ചിലപ്പോൾ ഈശോ അങ്ങനെയൊക്കെയാണ്; വേദനകളിൽ പുഞ്ചിരിച്ച കൊച്ചു പെൺകുട്ടിയിലും സ്വയം ഇല്ലാതെ ജീവിച്ച വൈദികനിലുമൊക്കെ മറഞ്ഞിരുന്ന് നമ്മെ സന്ദർശിക്കും. ശരിക്കും ഒരുതരം ആൾമാറാട്ടം.**

എന്തിനാണ് ഈ കഥ പങ്കുവച്ചതെന്നറിയാമോ? രണ്ട് സംഭവങ്ങൾ അല്ലെങ്കിൽ ഇച്ഛാഭംഗം തോന്നുന്ന രണ്ട് കാര്യങ്ങൾ പറയാനുള്ള ആമുഖമായിട്ടാണ്.

## മറഞ്ഞിരുന്ന മാലാഖ

കുറേ നാളായി നമ്മുടെ  ഫോർമേഷന്റെ ഭാഗമായുള്ള എമ്മാവൂസ് കോഴ്സ് ചെയ്യാനാവാതെ മാറ്റി വയ്ക്കുന്നു. കോവിഡിന്റെ വിവിധ വകഭേദങ്ങൾക്കിടയിൽ ഓൺലൈനായി ഒരു പുതിയ കോഴ്സ് അനൗൺസ് ചെയ്തപ്പോൾ ഇക്കുറി പേരു കൊടുത്തു. (ദീർഘമായ ഞായറാഴ്ചകൾ ആവശ്യമാണെന്നറിയാമായിരുന്നിട്ടും) അങ്ങനെ കോഴ്സ് പുരോഗമി



Kairos Illustration

ക്കുന്നതിനിടയിൽ നമ്മുടെ അസൈൻമെന്റ് (ഹോം വർക്ക്) സമയം തെറ്റിച്ചും, മടിച്ചും പോസ്റ്റ് ചെയ്യുന്നതിനിടെ ശ്രദ്ധിച്ച ഒരു കാര്യം, നല്ല കിടിലൻ ഇംഗ്ലീഷിൽ അസമയത്തൊക്കെ (പുലർച്ചെ 3 മണി, 4 മണി) കൂളായി ഗ്രൂപ്പിൽ ഒരാൾ പോസ്റ്റ് ചെയ്യുന്നു. ഉള്ളത് പറയണമല്ലോ. ഇങ്ങേരെ ഒന്ന് കണ്ട് പിടിക്കാൻ കോഴ്സിനിടയിൽ ഒന്ന് രണ്ട് ശ്രമം നടത്തുകയും ചെയ്തു. പിന്നെ അത് വിട്ടു. അനിവാര്യമായ ചില ഞായറാഴ്ചകൾ വിട്ടുപോയെങ്കിലും ഞാൻ ഇപ്പോഴും എമ്മാവൂസ് കോഴ്സ് തുടരുന്നുമുണ്ട്. ഇക്കഴിഞ്ഞ ഒരു ഫോർമേഷൻ ടീം മീറ്റിംഗിനിടയിലാണ് മറഞ്ഞിരുന്ന ആ 'ഇംഗ്ലീഷ് സുന്ദരി' ആരാണെന്ന് ഞാനറിഞ്ഞത്! മറ്റാരുമല്ലായിരുന്നു അത് നമ്മുടെ ദിവ്യകാരുണ്യ ഈശോയുടെ കൂട്ടുകാരി പ്രിയപ്പെട്ട അജ്നയായിരുന്നു.

പിന്നീട് ഗ്രൂപ്പ് മുഴുവൻ തിരഞ്ഞ് ഞാൻ ആ സന്ദേശങ്ങൾ ഒരിക്കൽ കൂടെ വായിക്കാൻ ശ്രമിക്കുമ്പോഴേക്കും, കക്ഷി ഓട്ടം പൂർത്തിയാക്കി, ഒന്നും പറയാതെ അങ്ങുപോയി സമ്മാനം വാങ്ങിക്കാൻ. (പറ്റിച്ചു കളഞ്ഞല്ലോ അനുജത്തി, ഒന്ന് പരിചയപ്പെടാൻ പോലും അവസരം തരാതെ അങ്ങു പോയി അല്ലേ!) കൊടും വേദനയുടെ, തോരാത്ത രാവിൽ അസമയത്ത് പോലും അവളുടെ വിരൽ തുമ്പ് ടൈപ്പ് ചെയ്ത സന്ദേശങ്ങൾ, എന്തുമാത്രം അവൾ ജീസസ് യൂത്ത് മൂവ്മെന്റിനോട് പ്രതിബദ്ധതയും, സ്നേഹവും പുലർത്തിയിരുന്നു എന്നതിന്റെ നിശ്ശബ്ദ സാക്ഷ്യമായിരുന്നു.

**ആക്സിഡന്റായി ആശുപത്രിയിൽ എത്തിച്ചപ്പോൾ ഒരു രാത്രി മുഴുവൻ അവരൊക്കെ കരുതിയത് അപകടം പറ്റിയ ഏതോ അന്യദേശക്കാരൻ ആണെന്നായിരുന്നത്രേ. ഇതിൽപരം എങ്ങനെയാണ് ഒരാൾക്ക് 2021ൽ ക്രിസ്തുവായി മാറാൻ കഴിയുക...**

## പറയാതെ യാത്രയായ ചെറിയാച്ചൻ

ഈ മാസം 27-ന് നമ്മുടെ പ്രിയപ്പെട്ട ചെറിയാച്ചൻ (ഫാ. ചെറിയാൻ നേരേവീട്ടിൽ) നമ്മെ വിട്ടു പോയിട്ട് ഒരു വർഷമാവുകയാണ്. അച്ചൻ മരിച്ചതിനു ശേഷം അദ്ദേഹത്തെ തൊട്ടറിഞ്ഞ ഒരാൾ കുറിച്ച ഈ വാക്കുകൾ തെല്ലൊന്നുമല്ല നമ്മെ വീർപ്പുമുട്ടിക്കുക. ചെറിയാച്ചൻ ഏറ്റവും കുറച്ചു പറഞ്ഞിരുന്ന വാക്ക് 'ഞാൻ' എന്നായിരിക്കും. അഹം ഇല്ലായിരുന്നു. ചെയ്യുന്ന എന്തിലും ചെയ്യുന്ന ആൾ അദൃശ്യനായി നിൽക്കുക മനുഷ്യജീവിക്ക് എളുപ്പമല്ല. കഴിവുകൊണ്ടും മിഴിവുകൊണ്ടും ഒരുപക്ഷേ, നന്നായി പ്രൊജക്റ്റ് ചെയ്യപ്പെടാൻ ഉള്ള എല്ലാ സ്റ്റഫും ഉണ്ടായിട്ടും ചെയ്യുന്ന എല്ലാറ്റിൽ നിന്നും അയാൾ മറഞ്ഞിരുന്നു.

മരിച്ചപ്പോൾ വിൽപ്പത്രം തുറന്നു നോക്കിയവർ ഞെട്ടിപ്പോയി. സ്വത്ത് സീറോ, ബാങ്ക് അക്കൗണ്ട് സീറോ. (ശരീരത്തിൽ ഉണ്ടായിരുന്ന ഒരു കിഡ്നി പോലും പറിച്ചു കൊടുത്തതും ചേർത്ത് വായിക്കാവുന്നതാണ്) അവസാനമായി ഇറങ്ങിപ്പോയ പോക്കിൽ പോലും ആ ജീവിതത്തിന്റെ നേർചിത്രം ഉണ്ട്. മുറി തുറന്നിട്ട്, മൊബൈൽ മേശമേൽ വച്ച്, മടിയിൽ കനമില്ലാത്തവന് മാത്രം കിട്ടുന്ന ആ സ്വാതന്ത്ര്യത്തോടെ അങ്ങ് ഇറങ്ങി നടക്കുക.. ആക്സിഡന്റായി ആശുപത്രിയിൽ എത്തിച്ചപ്പോൾ ഒരു രാത്രി മുഴുവൻ അവരൊക്കെ കരുതിയത് അപകടം പറ്റിയ ഏതോ അന്യദേശക്കാരൻ ആണെന്നായിരുന്നത്രേ. ഇതിൽപരം എങ്ങനെയാണ് ഒരാൾക്ക് 2021ൽ ക്രിസ്തുവായി മാറാൻ കഴിയുക...

ഒരാൾ അയാളെത്തന്നെ മറന്നു ജീവിച്ചപ്പോൾ, അയാളുടെ മരണശേഷം ഇപ്പോൾ ലോകം മുഴുവൻ അയാളെ മാത്രം ഓർക്കുന്നു. ഞങ്ങളുടെ സമവാക്യങ്ങൾ ഒക്കെ നിങ്ങൾ തെറ്റിച്ചുകൊണ്ടിരിക്കയാണ് ചെറിയാച്ചാ, ഒപ്പം ഭാരമില്ലാത്ത ജീവിതംകൊണ്ട്, നിങ്ങൾ ഞങ്ങളുടെ ജീവിതദർശനങ്ങളെ ഭാരപ്പെടുത്തുകയും ചെയ്യുന്നു... ഈ കുറിപ്പ് നിങ്ങളെ കരയിപ്പിക്കുകയോ, ലജ്ജിപ്പിക്കുകയോ ചെയ്യാതിരിക്കുന്നുവെങ്കിൽ സംശയം വേണ്ട, നിങ്ങളുടെ ക്രിസ്തീയതക്ക് എന്തോ കാര്യമായ തകരാറു വന്നിട്ടുണ്ടെന്നതിന്റെ തെളിവു മാത്രമാണത്.

പല തവണ കണ്ടിട്ടും, തോളിൽ തട്ടി കടന്നു പോയിട്ടും ചെറിയാച്ചനച്ചനോട് കാര്യമായി അടുക്കാൻ പറ്റാതെ പോയ (മിണ്ടാൻ അവസരം കിട്ടാത്ത) ഒരു നിർഭാഗ്യവാനാണ് ഞാനും. അദ്ദേഹം അവസാനമായി ഇറങ്ങിപ്പോകുന്ന ആ വീഡിയോ, അദ്ദേഹം തൊട്ട ജീവിതങ്ങളുടെ സാക്ഷ്യം ഇവയൊക്കെ ശ്രദ്ധാപൂർവം കണ്ടപ്പോൾ ആർക്കും പിടികൊടുക്കാതെ ആ വിശുദ്ധ ജീവിതത്തിനു മുമ്പിൽ മനസ്സുകൊണ്ട് നമസ്ക്കരിച്ചു. ഇനി അച്ചൻ മരിച്ചതിനേക്കാൾ നമ്മെ ഞെട്ടിക്കുന്നത് അദ്ദേഹം ജീവിച്ച ആ ജീവിതമാണ് 'ക്രിസ്തു ഒളിച്ചിരുന്ന പുരോഹിതൻ' എന്ന് ഒരു സെക്കുലർ മാധ്യമം അവരുടെ ഞായറാഴ്ച സപ്ലിമെന്റിന് ടൈറ്റിൽ കൊടുത്തു. ഒരു സാധാരണ ഇടവക വൈദികന്റെ അസാധാരണ ജീവിതത്തെ ലോകത്തിനു മുമ്പിൽ വെളിപ്പെടുത്തുവാൻ നിർബന്ധിതമായതും ആ ജീവിതത്തിന്റെ അഴകും, ആധികാരികതയും ഒന്നുകൊണ്ട് മാത്രമാണ്. മറക്കാതിരിക്കാം നമുക്കിടയിൽ ആരൊക്കെയോ വിശുദ്ധരായും, മാലാഖമാരായും ഒളിച്ചിരുന്ന് ജീവിക്കുന്നുണ്ട് നമ്മോടൊപ്പം.

***വാൽക്കഷണം:***

അജ്നയും, ചെറിയാനച്ചനുമൊക്കെ നമുക്കിടയിലെ ദൈവം നിയോഗിച്ച ദൈവത്തിന്റെ ചാരന്മായിരുന്നുവോ?! (മാലാഖമാർ) നമ്മുടെ ജീവിതങ്ങളെ കുറിച്ചൊക്കെ ശരിക്കും മനസ്സിലാക്കി ദൈവത്തിന് റിപ്പോർട്ട് കൊടുക്കാൻ നിയോഗിച്ചയക്കപ്പെട്ടവർ!! ■





ഡോ. എഡ്വേർഡ് എടേഴത്ത്

# ഇതാണ് ജീസസ് യൂത്ത് വെല്ലുവിളി: **കൂട്ടായ്മ വളർത്താൻ ആഴ്ചതോറും ഒത്തുചേരുക**

"ഇവിടെ എല്ലാവരും വലിയ തിരക്കിലാണ്, ഗ്രൂപ്പുകൾ ഓരോന്നായി മരിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നു". ഒരു വലിയ നഗരത്തിലെ ജീസസ് യൂത്ത് നേതാക്കളുമായുള്ള ചർച്ചയ്ക്കിടെ അവിടത്തെ ഒരു വലിയ പ്രതിസന്ധി അവർ പങ്കുവച്ചു. "ഒത്തുകൂടുമ്പോൾ എല്ലാവർക്കും ഏറെ സന്തോഷമാണ്. വലിയ ആഗ്രഹങ്ങളും സ്വപ്നങ്ങളുമൊക്കെ അവർ പങ്കുവയ്ക്കുകയും ചെയ്യും. എന്നാൽ, ഒരു മീറ്റിംഗ് കഴിഞ്ഞുപോയാൽ പിന്നെ പലരെയും കുറേ നാളത്തെയ്ക്ക് കാണില്ല. ഇത് ഞങ്ങളുടെ പദ്ധതികളെല്ലാം തകിടം മറിക്കുന്നു. ഓരോ കാര്യങ്ങൾക്കും ആരെല്ലാം എത്തിച്ചേരുമെന്ന് ഒരു വ്യക്തതയുമില്ലാതെ എങ്ങനെ മുന്നോട്ടു പോകും? ഞങ്ങളുടെ എല്ലാ പ്രവർത്തനങ്ങളെയും പ്രധിസന്ധിയിലാക്കുന്നത് ഇതാണ്". ഈ പരാമർശം ഏറെ സജീവ ചർച്ചയുടെ തുടക്കമായി.

## വിശ്വാസജീവിതത്തിൻെറ അനിവാര്യ ഘടകമാണ് കൂട്ടായ്മ

ആദിമ ക്രിസ്ത്യാനികൾ യേശുവിൻെറ ഏറ്റവും പ്രധാന കൽപന വളരെ ഗൗരവത്തോടെ എടുത്തിരുന്നു. താൻ സ്നേഹിച്ചതുപോലെ സ്നേഹിക്കാൻ കർത്താവ് അവരോട് ആവശ്യപ്പെട്ടു, 'ഇതുമൂലം നിങ്ങൾ എന്റെ ശിഷ്യരാണെന്ന് എല്ലാവരും അറിയും' (യോഹ 13,35). അങ്ങനെ, അവർ പതിവായി ഒരുമിച്ചുകൂടുകയും ഒന്നിച്ച് ഭക്ഷണം കഴിക്കുകയും അവരുടെ സമൂഹത്തിലെ ഓരോ വ്യക്തിയുടെയും ആവശ്യങ്ങളോട് നന്നായി പ്രതികരിക്കുന്ന ഒരു ജീവിതരീതി സ്വീകരിക്കുകയും ചെയ്തു (അപ്പ പ്രവ 2,46; 4,35). നൂറ്റാണ്ടുകൾ കടന്നുപോയി, കരുതലും പങ്കുവയ്ക്കലും ശൈലിയാക്കിയ കൂട്ടായ്മകൾ അപ്രത്യക്ഷമാകുകയും പകരം


ബൈബിൾ

ക്രിസ്തുശിഷ്യർ വലിയ പള്ളികളിൽ 'കുർബാന കണ്ട്' നീണ്ട പ്രാർഥനകൾ ഉരുവിട്ട് കടമ കഴിക്കുന്ന ജനക്കൂട്ടങ്ങളായി മാറുകയും ചെയ്തു.

അടുത്തയിടെ രണ്ടാം വത്തിക്കാൻ കൗൺസിലും വിവിധ നവീകരണ മുന്നേറ്റങ്ങളും ഒരു വേറിട്ട വെല്ലുവിളി ഉയർത്തി. പരിശുദ്ധാത്മാവിൻെറ നയിക്കലിനു ഊന്നൽ നൽകുന്ന കരിസ്മാറ്റിക് നവീകരണം ആദിമസഭയുടെ ചൈതന്യത്തിൻെറ തിരിച്ചുവരവു കൂടിയായി മാറി. കരുതലും പങ്കുവയ്ക്കലും ശൈലിയാക്കിയ കൂട്ടായ്മകൾ നവീകരണത്തിൻെറ സുപ്രധാന ഊന്നലായി. ഒരു വ്യക്തിത്വ നവീകരണ അനുഭവത്തിലേയ്ക്ക് വരുന്നത് എൽ.എസ്. എസ്. (ലൈഫ് ഇൻ ദി സ്പിരിറ്റ് സെമിനാർ) അല്ലെങ്കിൽ പ്രാരംഭ ധ്യാനം കൂടുന്നതുവഴിയാണ്. അതിൻെറ അവസാന ദിവസത്തെ നിർദേശം ഇപ്രകാരമായിരുന്നു, "പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്ന ഒരു പുതിയ ജീവിതശൈലി ഇവിടെ നിങ്ങൾ പരിചയപ്പെട്ടു. എന്നാൽ ഇനി നിങ്ങൾ ഈ പുതുജീവിതത്തിൽ ആഴപ്പെടേണ്ടത് നിങ്ങളുടെ സ്വന്തം സ്ഥലങ്ങളിലെ ഒരു പ്രതിവാര കൂട്ടായ്മയിലാണ്". അങ്ങനെ ആഴ്ചതോറുമുള്ള പ്രാർഥനാക്കൂട്ടായ്മ നവീകരണ ജീവിതത്തിന്റെ അവിഭാജ്യഘടകമായി.



ഞാൻ കരിസ്മാറ്റിക് നവീകരണത്തിലേയ്ക്ക് വന്നത് ഒരു 4 ദിവസത്തെ സെമിനാറിലൂടെയായിരുന്നു. മൂന്നാമത്തെ രാത്രി ഒരു 'മാതൃക പ്രാർഥനാ യോഗം' ഉണ്ടായിരുന്നു. ആ രാത്രിയിൽ ആദ്യത്തെ സ്വയംപ്രേരിത പ്രാർഥന' നടത്തിയത് ഞാൻ ഇപ്പോഴും ഓർക്കുന്നു. സെമിനാർ അവസാനിക്കുന്നതിന് മുമ്പ്, ധ്യാന ഗുരുക്കളിൽ ഒരാളായ ഫാ. മാർസെലിനോ ആ കാമ്പസിൽ ഒരു പ്രതിവാര ഗ്രൂപ്പ് ആരംഭിക്കാനുള്ള നിർദേശം മുന്നോട്ടുവച്ചു. മറ്റ് 40 പേരെപ്പോലെ ഞാനും ഉടൻ അതിൽ പങ്കെടുക്കാൻ പേരുകൊടുത്തു.

തിരിഞ്ഞുനോക്കുമ്പോൾ, ഈ പ്രതിവാര ഒത്തുചേരൽ ഞങ്ങളുടെ വിശ്വാസജീവിത വളർച്ചയ്ക്കും കൂട്ടായ്മയുടെ ബാലപാഠങ്ങൾ സ്വായത്തമാക്കുന്നതിനും ചെറുതും വലുതുമായ നിരവധി സംരംഭങ്ങളുടെ തുടക്കത്തിനും നല്ല വേദിയായി. നിരവധി പതിറ്റാണ്ടുകളായി, ഈ കൂട്ടായ്മ നിരവധി ഉയർച്ച താഴ്ചകൾ കണ്ടിട്ടുണ്ട്; പക്ഷേ, മിക്ക ആളുകൾക്കും ഇത് വളർച്ചയുടെ അനുഭവമാണ് പകർന്നത്. എന്തുകൊണ്ടാണ് തിരക്കുകളെല്ലാം മാറ്റിവച്ച് അനേകർ എല്ലാ ആഴ്ചയും ഒരു ഗ്രൂപ്പിലേക്ക് തിരിച്ചെത്തുന്നത്? തീർച്ചയായും കൂട്ടായ്മ വളർത്തുക ഈ യുഗത്തിലെ പ്രധാന ദൈവനിയോഗമാണ് എന്ന അവബോധം മാത്രമല്ല, അതോടൊപ്പം ആത്മാവിന്റെ ചലനവും അടുത്ത സൗഹൃദവും അനുഭവിക്കാൻ അവർക്കുള്ള വലിയ ആഗ്രഹവുമാണ് മുടക്കം കൂടാതെ അവരെ ആ കൂട്ടായ്മയിൽ എത്തിക്കുന്നത്. ഒപ്പം, അറിയാതെതന്നെ അവർ വിശ്വാസത്തിൽ വളരുകയും ഒരു സമൂഹമായി പരിണമിക്കുകയും ചെയ്യുന്നു.

അത്തരമൊരു കൂട്ടായ്മയിൽ ഒരാൾ മുടക്കം കൂടാതെ പങ്കെടുക്കുന്നതിലൂടെ മൂന്ന് സുപ്രധാന കാര്യങ്ങൾ സംഭവിക്കുന്നു. 1: വെല്ലുവിളികളെ മറികടക്കാൻ പഠിക്കുകയും അയാൾ വിശ്വാസജീവിതത്തിൽ വളരുകയും ചെയ്യുന്നു. 2: ഹൃദ്യവും സുദൃഢവുമായ ബന്ധങ്ങൾ രൂപപ്പെടുന്നു, അങ്ങനെ ഒരു സജീവ കൂട്ടായ്മ വളരുകയും ചെയ്യും. 3: ഒരു വ്യക്തിക്ക് തന്റെ ജീവിതസാഹചര്യങ്ങളിൽ സാക്ഷ്യം വഹിക്കാനുള്ള പിന്തുണയും അവിടെ നിന്നു ലഭിക്കും. ഫ്രാൻസിസ് മാർപാപ്പ ഇത് ഏറെ സുന്ദരമായി പറഞ്ഞുവച്ചു: "കർത്താവിന്റെ ശിഷ്യർ, ഇന്ന് ഇവിടെ, വിളിക്കപ്പെട്ടിരിക്കുന്നത് ഭൂമിയുടെ ഉപ്പും ലോകത്തിൻെറ പ്രകാശവുമായിത്തീരുന്ന ഒരു കൂട്ടായ്മയായി ജീവിക്കാനാണ്. സുവിശേഷ പാത പിൻചെന്നു നൂതനമായ രീതിയിൽ ഒത്തു വസിക്കാനാണ് നമുക്കുള്ള വിളി. കൂട്ടായ്മ കവർന്നെടുക്കാൻ നാമൊരിക്കലും സമ്മതിക്കാതിരിക്കട്ടെ" (സുവി. സന്തോഷം, 92).

# മാസത്തിലൊരിക്കലല്ല, ആഴ്ചതോറും ഒന്നിച്ചു വരുക

തുടർന്ന് ഞങ്ങളുടെ ചർച്ച മീറ്റിങ്ങുകളുടെ ആവർത്തനത്തെ കുറിച്ചായി. "ആളുകളുടെ തിരക്ക് പരിഗണിച്ച്, ഞങ്ങൾ മാസത്തിൽ ഒരിക്കൽ ഒത്തുചേരൽ തീരുമാനിച്ചു. എന്നാൽ, ഒരാൾ ഒരു മീറ്റിംഗ് പോലും നഷ്ടപ്പെടുമ്പോൾ വിടവ് വളരെ വലുതായിരിക്കും". മറ്റൊരാൾ ഉന്നയിച്ച പ്രശ്നം വേറൊന്നായിരുന്നു: "മാസത്തിലൊരിക്കൽ ഒത്തുകൂടുന്നതിലൂടെ നമുക്കെങ്ങനെ പങ്കിടലും കരുതലും ഉള്ള കൂട്ടായ്മ ഉണ്ടാക്കാനാകും? ആ ഗ്രൂപ്പ് എത്രത്തോളം ഒരു സ്നേഹ സമൂഹമാകും?"


എന്റെ രസകരമായ ഒരു ഓർമ ഞാൻ അവരുമായി പങ്കുവച്ചു; കൊച്ചിക്കടുത്തുള്ള ഒരു ഇടവകയിലെ ഒരു കൂട്ടം യുവാക്കളുമായി ഞാൻ സംസാരിക്കുകയായിരുന്നു. എല്ലാ ദിവസവും വൈകുന്നേരം ഒരുമിച്ച് പ്രാർഥിക്കാൻ അവർ ഒത്തുകൂടുന്നതായി അവർ സൂചിപ്പിച്ചു. ആഴ്ചയിലെ ഏഴു ദിവസവും കൂടുന്നത് അൽപം അധികമല്ലേ? ഞാൻ അവരോട് ചോദിച്ചു; "ജീസസ് യൂത്തിൽ വരുന്നതിന് മുമ്പ് ഞങ്ങൾ എല്ലാവരും എല്ലാ ദിവസവും കണ്ടുമുട്ടിയിരുന്നു, അത് വളരെ മോശമായ കാര്യങ്ങൾക്കു വേണ്ടിയായിരുന്നു. പ്രാർഥനയ്ക്കും പരസ്പര സഹായത്തിനുമുള്ള ഈ അനുദിന മീറ്റിംഗ് ആ പഴയ വഴികളിലേക്ക് വീഴുന്നതിൽ നിന്ന് ഇപ്പോൾ ഞങ്ങളെ സംരക്ഷിക്കുന്നു". എനിക്ക് അവരുടെ ആശയഗതി മനസ്സിലാക്കാൻ പ്രയാസമുണ്ടായില്ല; പുതുതായി കണ്ടെത്തിയ ഈ ക്രിസ്തീയ ജീവിതത്തിൽ തുടരാൻ അവർക്ക് ദിവസവും ഒത്തുകൂടുന്ന ഒരു കൂട്ടായ്മ ആവശ്യമായി വന്നു. ഞങ്ങളുടെ ചർച്ചകൾ തുടർന്നു: ക്രിസ്തുവിന്റെ ശരീരത്തിൻെറ സജീവഭാഗമായി തോന്നാത്തതിനാലാണ് പലരും വീണുപോകുന്നത്. ധാരാളം പഠനങ്ങളോ അല്ലെങ്കിൽ വല്ലപ്പോഴുമുള്ള പ്രാർഥനയോ യുവാക്കൾക്ക് ഈയൊരനുഭവം നൽകില്ല.

യൂണിവേഴ്സിറ്റി ഹോസ്റ്റലിലെ ജീസസ് യൂത്ത് വിദ്യാർഥികൾ എല്ലാ ആഴ്ചയും ചെറിയ ഗ്രൂപ്പുകളിൽ ഒത്തുകൂടുന്നതും ഇടയ്ക്കിടെ എല്ലാവരും ഒരുമിച്ച് ഒരു വലിയ മീറ്റിംഗിൽ പങ്കെടുക്കുന്നതും എങ്ങനെയെന്ന് ഒരു യുവാവ് പങ്കുവച്ചു. അഗാധമായ സൗഹൃദത്തിന്റെയും പരസ്പര പിന്തുണയുടെയും സമയം ആസ്വദിച്ചതിനാൽ വിദ്യാർഥികൾ ഒത്തുകൂടാൻ വളരെ ഉത്സുകരായിരുന്നു. മറ്റൊരാൾ അവരുടെ കുടുംബ ഗ്രൂപ്പുകളെ കുറിച്ച് സൂചിപ്പിച്ചു, പങ്കുവയ്ക്കാനും പ്രാർഥിക്കാനും രണ്ടാഴ്ചയിൽ ഒരിക്കൽ അവർ ഒത്തുകൂടുന്നു. "കുട്ടികളാണ് അത് ഏറ്റവും ആസ്വദിക്കുന്നത്. ഞങ്ങൾ മൂത്തവർ തിരക്കിലായി മീറ്റിംഗിൽ പോകരുതെന്ന് വിചാരിച്ചാലും കൊച്ചുകുട്ടികൾ ഞങ്ങളെ അനുവദിക്കില്ല".

"ചിലർ സാധാരണമായി ചെയ്യാറുള്ളതു പോലെ നമ്മുടെ സഭായോഗങ്ങൾ നാം ഉപേക്ഷിക്കരുത്. മാത്രമല്ല ആ ദിനം അടുത്തു വരുന്നത് കാണുമ്പോൾ നിങ്ങൾ പരസ്പരം കൂടുതൽ പ്രോത്സാഹിപ്പിക്കുകയും വേണം"

ആഴ്ചതോറും ചെറിയ ഗ്രൂപ്പുകളിൽ ഒത്തുകൂടിയ എന്റെ അനുഭവം ഞാനും പങ്കുവച്ചു. ആ വെല്ലുവിളിയോട് നന്നായി പ്രതികരിച്ചവർ പക്വതയും പ്രതിബദ്ധതയുമുള്ള ക്രിസ്ത്യാനികളായി വളർന്നു. പക്ഷേ, തിരക്കിന്റെ പേരിൽ കൂട്ടായ്മയിൽ വരാൻ മടിച്ച പലരും നിർഭാഗ്യവശാൽ വീണുപോയി. ഒരു ക്രിസ്തീയ സമൂഹത്തിൻെറ പിന്തുണ ക്രിസ്ത്യൻ പക്വതയിലേക്കുള്ള വളർച്ചയുടെ ഒരു പ്രധാന ഘടകമാണ്.

ഹെബ്രായ ലേഖനത്തിലെ ഒരു ഭാഗം ഈ ചർച്ചകളുടെ സമാപനമായി: "ചിലർ സാധാരണമായി ചെയ്യാറുള്ളതുപോലെ നമ്മുടെ സഭായോഗങ്ങൾ നാം ഉപേക്ഷിക്കരുത്. മാത്രമല്ല ആ ദിനം അടുത്തുവരുന്നത് കാണുമ്പോൾ നിങ്ങൾ പരസ്പരം കൂടുതൽ പ്രോത്സാഹിപ്പിക്കുകയും വേണം" (ഹെബ്രാ 10,24-25). ഒരുമിച്ചുള്ള പ്രാർഥന, വചന ധ്യാനം, പരസ്പര പിന്തുണയ്ക്കൽ എന്നിവയ്ക്കായി ആഴ്ചയിൽ ഒരിക്കലെങ്കിലും കണ്ടുമുട്ടാൻ യുവജനങ്ങളെയും കുടുംബങ്ങളെയും വെല്ലുവിളിക്കാൻ അന്നവർ തീരുമാനമെടുത്തു. സൗഹൃദവും ശിഷ്യത്വവും വളർത്തുന്ന ചെറുസമൂഹങ്ങൾ രൂപീകരിക്കാൻ വ്യക്തമായ പദ്ധതികളോടെ ആ ഒത്തുചേരലിന് സമാപനമായി ■







ജിന്റോ ജോൺ


# ഒരേയൊരു പരിഹാരം

**പ്രശ്നപരിഹാര ശ്രമങ്ങളിൽ നിന്ന് ലോകം ക്രിസ്തുവിനെ മാറ്റിനിറുത്തിയാൽ ലഭിക്കുന്ന ഫലം നാമിപ്പോൾ കാണുന്നതു തന്നെയാകും. അപൂർണം, വികലം, അതൃപ്തികരം. മനുഷ്യാവകാശത്തെക്കുറിച്ച് സെമിനാറുകൾ നടക്കും. പക്ഷേ, ആ വേദിയിൽത്തന്നെ മനുഷ്യാവകാശം ലംഘിക്കപ്പെടും. വിമോചനപ്രവർത്തകർ തന്നെ അടിച്ചമർത്തുന്നവരാകും. അഴിമതിവരുദ്ധ സേനതന്നെ കൈക്കൂലി വാങ്ങി ജനങ്ങളെ ചതിക്കും.**

1998ൽ ഇറങ്ങിയ ഒരു സ്പിൽബർഗ് സിനിമയുണ്ട്. 'സേവിങ് പ്രൈവറ്റ് റയാൻ'. രണ്ടാം ലോകമഹായുദ്ധത്തിന്റെ ഭാഗമെന്നവണ്ണം നടക്കുന്ന കഥയാണത്. യുദ്ധമെന്നാൽ മരണമെന്നല്ല, അതിനേക്കാൾ ഭീകരവും വേദനനിറഞ്ഞതുമാണെന്ന് ഈ സിനിമ അൽപമൊന്നു മനസ്സിരുത്തി കണ്ടാൽ മനസ്സിലാകേണ്ടതാണ്. ബാഹുബലിയിലേതുപോലുള്ള നാടകീയതയും ദൃശ്യഭംഗിയും നിറഞ്ഞതല്ല യഥാർഥ ലോകത്തിലെ യുദ്ധങ്ങൾ. അത് ഏതാനും വ്യക്തികളെയോ രാജ്യങ്ങളെയോ മാത്രമല്ല മുറിപ്പെടുത്തുന്നത്. യുദ്ധം മുറിവേൽപ്പിക്കുന്നതും ചോരയൊഴുക്കുന്നതും മനുഷ്യകുലത്തിന്റെ ചരിത്രത്തിൽത്തന്നെയാണ്.

സ്പേസ് സ്റ്റേഷൻ മുതൽ ഹ്യൂമനോയ്ഡ് റോബോട്ട് വരെ, അവയവമാറ്റം മുതൽ ലിംഗമാറ്റംവരെ, വിർച്വൽ റിയാലിറ്റി മുതൽ ഇന്റർനെറ്റ് ഓഫ് തിങ്സ് വരെ.. ഇത്രയുമൊക്കെ സാധ്യമാക്കിയ മനുഷ്യന് ഇപ്പോഴും യുദ്ധങ്ങൾ ഒഴിവാക്കാൻ സാധിക്കാത്തതെന്താകും? മനുഷ്യാവകാശ പ്രസ്ഥാനങ്ങളും പ്രവർത്തകരുമെല്ലാം എണ്ണത്തിൽ കൂടിവരുന്ന കാലമാണെന്നുമോർക്കണം. നീതിന്യായ വ്യവസ്ഥകളും കൂടുതൽ നവീകരിക്കപ്പെട്ടുകഴിഞ്ഞില്ലേ? ലോകം ആരാധിക്കുന്ന വ്യക്തിത്വങ്ങൾ യുദ്ധത്തിനെതിരെ പ്രസ്ഥാവനകൾ സാമൂഹ്യമാധ്യമങ്ങളിലൂടെ അനുദിനം പോസ്റ്റ് ചെയ്യുന്നതും പുതിയ കാലത്തെ കാഴ്ചയാണ്. എന്നിട്ടും യുദ്ധത്തെ നമുക്ക് തടയാനാകുന്നില്ല. ചില വൈറൽ രോഗങ്ങളെ നാം നിർമാർജനം ചെയ്തതുപോലെ.

രാജ്യങ്ങൾ തമ്മിലുള്ള യുദ്ധത്തെപ്പറ്റിയൊക്കെ കൂടുതൽ പറയുന്നത് അധികപ്രസംഗമാകും. ഓരോ നാട്ടിലും നടക്കുന്ന പ്രാദേശിക മനുഷ്യാവകാശ ലംഘനങ്ങളുണ്ടല്ലോ! സ്വന്തം ജനതയെ കുടിയൊഴിപ്പിക്കുന്ന സർക്കാരുകൾ, ന്യൂനപക്ഷങ്ങളെ പീഡിപ്പിക്കുന്ന 'പരിഷ്കൃത' സമൂഹങ്ങൾ, എത്ര നിയമ പരിരക്ഷയുണ്ടെന്നു പറഞ്ഞിട്ടും ഇപ്പോഴും തുടരുന്ന സ്ത്രീപീഡനത്തിന്റെ കഥകൾ. ഇതിനൊക്കെ എന്താണ് കാരണം എന്നുചോദിച്ചാൽ, ഒറ്റ ഉത്തരമുണ്ടാകില്ല. പക്ഷേ, എന്താണു പരിഹാരമെന്നു ചോദിച്ചാൽ ഒറ്റ ഉത്തരമുണ്ടായേക്കാം. 'ക്രിസ്തുവിനെ ശ്രവിക്കുക'. ലോകത്തിന്റെ മുറി



ആദ്യത്തെ ആശയത്തിന്റെ ലളിതമായ ഒരു പ്രയോഗരീതിയായിക്കഴിഞ്ഞു. ലൂക്കയുടെ ആറാം അധ്യായത്തിൽ ഇത്തരത്തിലുള്ള ഒരുപിടി പ്രായോഗികതകളാണ് അവൻ പറഞ്ഞുവയ്ക്കുന്നത്. തിരിച്ചുകിട്ടുമെന്നു പ്രതീക്ഷിക്കാത്ത വായ്പ നൽകൽ, അന്യരെ വിധിക്കാതിരിക്കൽ, സ്വയം തിരുത്തൽ അങ്ങനെയങ്ങനെ...

മറ്റുള്ളവരുടെ ഭാഗത്തുനിന്നു ചിന്തിക്കുക എന്നത് ക്രിസ്തുവിന്റെ ഉപദേശമല്ല. അത് അവന്റെ മനോഭാവമായിരുന്നു. ഫിലിപ്പിയർക്കുള്ള ലേഖനത്തിന്റെ രണ്ടാം അധ്യായത്തിൽ ഇക്കാര്യം പൗലോസ് ശ്ലീഹാ പറയുന്നുണ്ട്. സ്വന്തം താത്പര്യം മാത്രമല്ല, എല്ലാവരും മറ്റുള്ളവരുടെ താത്പര്യവും നോക്കണമെന്ന്. ക്രിസ്തുവിന്റെ ഈ മനോഭാവമാണ് യഥാർഥ പ്രശ്നപരിഹാരത്തിനുള്ള മരുന്ന്. ഈ മനോഭാവത്തിൽ ക്രിസ്തു ചെയ്തുകൂട്ടിയ വിചിത്രമായ ഒരുകാര്യംകൂടി പൗലോസ് പറയുന്നു. ദൈവവുമായുള്ള സമാനതപോലും അയാൾക്കു വലിയ കാര്യമായിരുന്നില്ലെന്ന്. മനുഷ്യരുടെ ഇടയിൽവന്നപ്പോൾ അവൻ വെറും ദാസന്റെ റോളിലേക്ക് ഒതുങ്ങിയെന്ന്. ക്രിസ്തുവിനെ മനസ്സിരുത്തി ഒന്നു നോക്കിയവന് മറ്റുള്ളവരിലേക്ക് ഇറങ്ങിച്ചെല്ലാതിരിക്കാൻ ഇനിയെന്തു ന്യായം പറയാൻ കഴിയും? സ്വന്തം കുടുംബമഹിമയോ? ദേശീയതയോ? ജാതിയിലെ ഔന്നത്യമോ? പുരുഷനാണ് അല്ലെങ്കിൽ സ്ത്രീയാണ് എന്നതോ?

വുണക്കാനുള്ള മരുന്ന് അവന്റെ കൈയിലുണ്ടെന്നല്ല, ആ മരുന്ന് അവൻ തന്നെയാണെന്ന്. ബിഷപ് റോബർട്ട് ബാരന്റെ 14 മിനിറ്റുള്ള ഒരു യൂട്യൂബ് വിഡിയോയുണ്ട്. ഹാവ് യു സ്റ്റോപ്പ്ഡ് ലിസണിങ് ടു ജീസസ് (Have You Stopped Listening to Jesus? – Bishop Barron's). പ്രശ്നപരിഹാര ശ്രമങ്ങളിൽനിന്ന് ലോകം ക്രിസ്തുവിനെ മാറ്റിനിറുത്തിയാൽ ലഭിക്കുന്ന ഫലം നാം ഇപ്പോൾ കാണുന്നതുതന്നെയാകും. അപൂർണം, വികലം, അതൃപ്തികരം. മനുഷ്യാവകാശത്തെക്കുറിച്ച് സെമിനാറുകൾ നടക്കും. പക്ഷേ, ആ വേദിയിൽത്തന്നെ മനുഷ്യാവകാശം ലംഘിക്കപ്പെടും. വിമോചനപ്രവർത്തകർ തന്നെ അടിച്ചമർത്തുന്നവരാകും. അഴിമതിവരുദ്ധ സേനതന്നെ കൈക്കൂലി വാങ്ങി ജനങ്ങളെ ചതിക്കും.

ക്രിസ്തു സൗഖ്യമാകുന്നതെങ്ങനെയാണ്? 'അയൽക്കാരൻ' എന്ന ഒറ്റ വാക്കിലാണ് ക്രിസ്തുവിന്റെ മാജിക്കും ഫിലോസഫിയും പൊളിറ്റിക്സുമെല്ലാം. മത്തായി 22ൽ പറയുന്ന സുപ്രധാന കൽപനകൾ ഒന്നുകൂടി വായിച്ചുനോക്കാം. അയൽക്കാരനെ തന്നെപ്പോലെ സ്നേഹിക്കുക എന്ന കടുപ്പമുള്ള ആശയം മാത്രമല്ല, ക്രിസ്തു സമ്മാനിച്ചത്. അതിന്റെ പ്രായോഗിക പരിശീലനവും അവൻ നൽകിയിരുന്നു. മറ്റുള്ളവർ നിങ്ങളോട് എങ്ങനെ പെരുമാറണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നുവോ അപ്രകാരം നിങ്ങൾ അവരോട് പെരുമാറുക എന്നു പറയുമ്പോൾ

ഇനി ക്രിസ്തുവിന്റെ സൗഖ്യത്തിന്റെ തുടർച്ചയാകാൻ നാം എന്തുചെയ്യണം? ക്രിസ്തുവിന്റെ ഈ മനോഭാവത്തോടെ ജീവിക്കുകയല്ലേ വേണ്ടത്? ശ്ലീഹൻമാരുടെ ആത്മവിശ്വാസം അതായിരുന്നു. അവർ ക്രിസ്തുവിന്റെ മനസ്സറിഞ്ഞിരുന്നുവെന്നത് (1 കോറി 2,16). അവന്റെ മനസ്സറിയണമെങ്കിൽ അവന്റെയൊപ്പം കാടും മലയും കയറി അലഞ്ഞുനടക്കണം. അവന്റെയൊപ്പം കാറ്റുള്ള രാത്രികളിൽ വഞ്ചിതുഴയണം, ഒരു തീക്കൂനയ്ക്കുചുറ്റുമിരുന്ന് അപ്പവും മീനും കഴിക്കണം.

ക്രിസ്തുവില്ലാത്ത പരിഹാരങ്ങളുടെ അപൂർണതയാണ് സത്യത്തിൽ നമ്മെ അലോസരപ്പെടുത്തുന്നത്. യുദ്ധവും കുടിയൊഴിപ്പിക്കലും പീഡനങ്ങളും അടിച്ചമർത്തലുകളുമെല്ലാം മനുഷ്യചരിത്രത്തിനേൽപിക്കുന്ന മുറിവുകൾക്ക് ഒരു പരിഹാരമേയുള്ളൂ. ക്രിസ്തുവിനു ചെവികൊടുക്കുക; അവന്റെ മനസ്സറിയുക ■

കവർ സ്റ്റോറി



അലീന ആൻ മാത്യു, കോട്ടയം

# മുറിവുണക്കുന്ന ബന്ധങ്ങൾ



"നമുക്ക് ഇറങ്ങിച്ചെന്ന് അവരുടെ ഭാഷ പരസ്പരം ഗ്രഹിക്കാനാകാത്തവിധം ഭിന്നിപ്പിക്കാം. അങ്ങനെ കർത്താവ് അവരെ ഭൂമുഖത്താകെ ചിതറിച്ചു" (ഉത്പ 11,70).

ബാബേൽ ഗോപുരം പണിത് ദൈവത്തെ വെല്ലുവിളിച്ച മനുഷ്യരെ ഭൂമുഖത്താകെ ചിതറിക്കുമ്പോൾ ദൈവത്തിന്റെ മനസ്സിൽ മറ്റൊന്നായിരുന്നു. അങ്ങനെയങ്ങ് ചിതറിച്ചുകളയാൻ പറ്റില്ലല്ലോ. ക്ഷമകൊണ്ട് സ്നേഹപ്പാലങ്ങൾ പണിയാൻ കെൽപുള്ള കുറച്ചു മനുഷ്യരെ ഭൂമിയിലേക്ക് അയയ്ക്കാം എന്നുതന്നെയാവണം കരുണാമയനായ കർത്താവ് മനസ്സിൽ കണക്കുകൂട്ടിയത്. കാലാകാലങ്ങളിൽ സ്നേഹപ്പാലം പണിയാൻ ദൈവം തന്റെ തിരഞ്ഞെടുക്കപ്പെട്ടവരെ ഭൂമിയിലേക്ക് അയച്ചുകൊണ്ടേയിരുന്നു. ഇന്നിതാ, എന്നെയും, നിങ്ങളെയും.

ഓരോ ക്രിസ്ത്യാനിയുടെയും വിളി, ഒരർഥത്തിൽ ഇതാണ്: ചിതറിയതിനെയൊക്കെ കൂട്ടിച്ചേർക്കുക. അധികസ്നേഹംകൊണ്ട്, അധികക്ഷമകൊണ്ട്, ഏറ്റുപറച്ചിലുകൾ കൊണ്ട്, കുറച്ചുകൂടി സമയം എടുത്ത്, കരുതലോടെ കുറച്ചു ദൂരംകൂടെ ഒപ്പം നടന്ന്, പറയാതെ വച്ച നല്ല വാക്കുകൾകൂടെ പറഞ്ഞ്, ഈശോ സ്വന്തം കുരിശുമരണത്തിലൂടെ പഠിപ്പിച്ച പരിപൂർണ സ്നേഹത്തിലേക്കും, സ്വയം ഇല്ലാതാകലിലേക്കുമുള്ള വിളി.

പാപത്തിലൂടെ ദൈവസ്നേഹത്തിൽ നിന്നകന്നുപോയ മനുഷ്യനെ രക്ഷിക്കാൻവേണ്ടി സ്വജീവൻ അർപ്പിക്കുകവഴി മുറിപ്പെട്ടുപോയതൊക്കെ വച്ചുകെട്ടാൻ സ്നേഹത്തെക്കാൾ നല്ല മരുന്നില്ലെന്നവൻ പഠിപ്പിച്ചു കാണിച്ചുതന്നു. "ഇതാണ് എന്റെ കൽപന; ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ. സ്നേഹിതർക്കുവേണ്ടി ജീവൻ അർപ്പിക്കുന്നതിനേക്കാൾ വലിയ സ്നേഹം ഇല്ല".

കൽപനയാണത്. അപേക്ഷയോ നിർദേശമോ അല്ല. അതുകൊണ്ടുതന്നെ, ഈശോ സ്നേഹിച്ചതുപോലെ സ്നേഹിക്കുന്നതിൽ കുറഞ്ഞതൊന്നും, ദൈവരാജ്യം സംജാതമാക്കുകയില്ല. സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ എന്നു ദൈവത്തെ വിളിക്കാൻ നമ്മെ പ്രാപ്തരാക്കുന്നത് ഈ കൽപനയാണ്. പിതാവായ ദൈവത്തെ 'അബ്ബാ' എന്നു വിളിക്കാനും സ്നേഹത്തണലിൽ വളരാനും അനുവദിച്ചപ്പോൾ മനുഷ്യരെയൊന്നാകെ സഹോദരരായി കാണാനും, സ്നേഹിക്കാനുമുള്ള ഉത്തരവാദിത്വം കൂടെ അതിൽ ദൈവം ഉൾപ്പെടുത്തിയിട്ടുണ്ട്. അപരന്റെ മനസ്സിനെയോ ശരീരത്തെയോ മുറിപ്പെടുത്തുമ്പോൾ നഷ്ടപ്പെടുന്നത് ഈ അബ്ബാ സ്നേഹത്തിന്റെ തണലാണ്.

'നിനക്കെന്റെ കൃപ മതി' എന്നു കർത്താവ് പറയുമ്പോൾ, അടുത്തുള്ളവർക്കെല്ലാം കൊടുക്കാനും, സുഖപ്പെടുത്താനും, ഒന്നിപ്പിക്കാനും, നിറയ്ക്കാനും, നനച്ചുവളർത്താനുമൊക്കെയുള്ള 'കൃപ' ഞാൻ നിന്നിൽ നിക്ഷേപിച്ചിട്ടുണ്ടെന്നുകൂടി വേണം നാം മനസ്സിലാക്കാൻ. എനിക്കു കിട്ടിയ ഒരു പിടി അരി മുഴുവൻ ചോറുവച്ചുണ്ണാതെ, കുറച്ചു




**മുറിവുണക്കുന്ന ഒരു മാന്ത്രിക ലേപനം കൊണ്ടുനടക്കുന്നവരാണ് ബന്ധങ്ങൾ കാത്തുസൂക്ഷിക്കുന്നവർ. അവരുടെ ജീവിതത്തിന് കാന്തികശക്തിയുള്ള ഒരു തെളിച്ചമുണ്ട്. നമ്മളെയെന്നും അത് ആകർഷിച്ചുകൊണ്ടിരിക്കും.**

മറ്റുള്ളവരുമായി പങ്കുവയ്ക്കാം. എന്നാൽ, അതിനുമപ്പുറം നിലമൊരുക്കി, അത് നട്ട് നനച്ച്, പരിപാലിച്ച് നൂറുമേനി യാക്കി വിളമ്പുന്നിടത്താണ് ഞാനൊരു നല്ല ക്രിസ്ത്യാനി ആകുന്നത്. നിങ്ങളെയും കർത്താവ് ക്ഷണിക്കുന്നത് ഈ അധികദൂരം സന്തോഷത്തോടെ നടക്കാനാണ്.

'സോറി' എന്നൊരു വാക്കിനുമപ്പുറം, കൂടെയിരുന്നും കൂട്ടുപിടിച്ചും ഞാനുണ്ടാക്കിയ മുറിവിന്റെ പാടുവരെ മാഞ്ഞു പോകുന്നിടത്തോളം കൂടെപ്പോകാനാകണം. കുറ ച്ചുകൂടി ആഴത്തിൽ മനസ്സിലാക്കുമ്പോൾ ഞാൻ പ്ലാസ്റ്റിക് വലിച്ചെറിഞ്ഞും, വൃത്തികേടാക്കിയും ശ്രദ്ധയില്ലാതെയും മുറിപ്പെടുത്തിയതിനൊക്കെ എത്ര മരം നട്ടാലും, തോടുകൾ വൃത്തിയാക്കിയാലുമാണ് മരുന്നാവുക എന്ന ചിന്തകളും മനസ്സിനെ അസ്വസ്ഥമാക്കാൻ തുടങ്ങും.

കുരിശിലെ സ്നേഹബലിയുടെ ആദ്യ സൂചനയെന്നോണം തന്റെ മാമോദീസയിൽ കർത്താവ് പറയുന്നത്, 'അങ്ങനെ സർവ നീതിയും പൂർത്തിയാക്കുക എന്നാണ്' എങ്ങനെ? നീതി എന്നത് 'ഏറ്റവും ശരിയായത്' ആണ്. അതാവട്ടെ കുരിശിലെ സമ്പൂർണ ആത്മസമർപ്പണവും. സ്വയം ഇല്ലാതായി സ്നേഹത്തിനുവേണ്ടി ഈ അധിക ദൂരം നടക്കാനുള്ള വിളി, കൂടെയിരുന്നും കൂട്ടിരുന്നും മുറിവു ണക്കാനുള്ള വിളി, അത്ര നിസ്സാരമല്ല. എന്നാൽ, വിളിച്ച വൻ വിശ്വസ്തനും കരുണാമയനുമായതുകൊണ്ട് കൃപ യുടെ നിറവിൽ ഈശോയെ കൂട്ടുപിടിച്ച് നമുക്കതിനു കഴിയും. വിശുദ്ധ കുർബാനയിലൂടെയും കൂദാശകളിലൂ ടെയുമുള്ള അനുദിന വിശുദ്ധീകരണം 'വെറുംനന്മ'യിൽ കവിഞ്ഞ ഒരു ആത്മസമർപ്പണത്തിനും, പരിത്യാഗത്തിനും നമ്മെ പ്രാപ്തരാക്കും.

നമുക്കു പ്രാർഥിക്കാം...

'അങ്ങയുടെ രാജ്യം വരണമേ..' എന്ന് ഹൃദയത്തിൽ നിന്ന് പ്രാർഥിക്കാൻ ഞങ്ങളെ കെൽപുള്ളവരാക്കിയാലും.. അനുദിനം നീ സ്നേഹിച്ചതുപോലെ സ്നേഹിക്കാൻ, മുറിവുണക്കാൻ, നാഥാ ധൈര്യം നീ തന്നാലും..

Photo by OCG Saving The Ocean on Unsplash




രണ്ടു മാസത്തിനുള്ളിൽ

3RD EDITION

amazon

BESTSELLER IN CHRISTIANITY

**ഒരു അമൂല്യ സമ്മാനം !**

ആദ്യകുർബാന കുട്ടികൾ
മതബോധന വിദ്യാർഥികൾ
ലൈബ്രറികൾ / സെമിനാരികൾ
കോൺവെന്റുകൾ... ഏവർക്കും
നൽകാവുന്ന വിശിഷ്ട പുസ്തകം!

**ദിവ്യകാരുണ്യത്തെ പ്രണയിച്ചുകൊണ്ട്
യുവഹൃദയങ്ങളെ വിശുദ്ധിയുടെ
ലോകത്തേക്ക് ക്ഷണിക്കുന്ന**

# അജ്നയുടെ ജീവിതം.


**പരാതികളും പരിഭവങ്ങളുമില്ലാതെ
അവൾ പറഞ്ഞതെല്ലാം**

## ദൈവസ്നേഹത്തിന്റെ സങ്കീർത്തനങ്ങളായിരുന്നു.


# കെയ്റോസ് മീഡിയ പ്രസിദ്ധീകരിച്ച
# പുസ്തകങ്ങൾ




## ദൈവത്തിന്റെ മൗനം
ആത്മീയവളർച്ചയുടെ ആഴങ്ങളിലേക്കിറങ്ങാനും വായിച്ചു ധ്യാനിക്കാനുമുള്ള ചില നനവുള്ള ചിന്തകൾ.
**ശശി ഇമ്മാനുവേൽ**
പേജ് 178 / വില ₹ 200





## റിവേഴ്സ് ഓഫ് ലിവിങ് വാട്ടർ (ഇംഗ്ലീഷ്)
ജീസസ് യൂത്ത് ആധ്യാത്മികതയും സൗഹൃദങ്ങളും ദൗത്യവും പ്രതിഫലിപ്പിക്കുന്ന, അനുഭവങ്ങളുടെ വെളിച്ചത്തിലെ പങ്കുവയ്ക്കലുകൾ.
**ഡോ. എഡ്വേർഡ് എടേഴത്ത്**
പേജ് 148 / വില ₹ 200



## ആലീസ്കുട്ടിയും അത്ഭുതലോകവും
കേരളത്തിലെ കരിസ്മാറ്റിക് മുന്നേറ്റത്തിന്റെ വളർച്ചയിലും യുവജന മുന്നേറ്റമായ ജീസസ് യൂത്തിന്റെ രൂപീകരണത്തിലും നിർണായക പങ്കുവഹിച്ച പ്രൊഫ. സി സി ആലിസ്കുട്ടിയുടെ ജീവിതവും ദർശനങ്ങളും.
**സുജമോൾ ജോസ്**
പേജ് 138 / വില ₹ 150




## ഞങ്ങടെ സ്വന്തം പള്ളിയച്ചൻ (2020)
വിശ്വാസവഴിയിൽ തലമുറകൾക്കു കൂട്ടായി നടന്ന ഒരു വൈദികനെക്കുറിച്ചുള്ള അനുഭവക്കുറിപ്പുകൾ.
**ഡോ. ചാക്കോച്ചൻ ഞാവള്ളിൽ, സാജൻ സി.എ, ജിന്റോ ജോൺ കോക്കാപ്പിള്ളിൽ**
പേജ് 204 / വില ₹ 199



## കുളിർമയുള്ള തീച്ചൂള
കാൽനൂറ്റാണ്ട് മുമ്പ്, അക്ഷരപ്പിറവിയെടുത്ത യുവജന മാധ്യമ ശുശ്രൂഷയായ കെയ്റോസിന്റെ നാൾവഴികൾ.
**സണ്ണി കോക്കാപ്പിള്ളിൽ**
പേജ് 128 / വില ₹ 140




## ഒലേല
കുട്ടികൾക്ക് വായിച്ചുരസിക്കാനും മനസ്സിൽ സൂക്ഷിക്കാനും. കുഞ്ഞു ഭാവനകളെ അതിരുകൾക്കപ്പുറത്തേക്ക് നയിക്കുന്ന കഥക്കൂട്ട്.
**ആൽഡ്രിൻ ജോസഫ്, സി. ജിയാ എം.എസ്.ജെ, ജോസി ആലഞ്ചേരി / ചിത്രീകരണം: വെങ്കി**
പേജ് 62 / വില ₹ 130




## കാറ്റ് വീശുന്ന വഴികൾ (2019)
ആഗോള സഭയുടെ അംഗീകാരവുമായി ദൗത്യവഴികളിൽ യാത്രതുടരുന്ന ജീസസ് യൂത്തിന്റെ ജീവിതശൈലിയും വീക്ഷണങ്ങളും രൂപംകൊണ്ട വഴികൾ.
**ഡോ. എഡ്വേർഡ് എടേഴത്ത്**
പേജ് 194 / വില ₹ 140

**ബാങ്കുവഴി പണമടയ്ക്കുവാൻ:**

KAIROSE TRUST,
A/c No. 14690200009621
IFSC- FDRL0001469
FEDERAL BANK, KAKKANAD,
SEAPORT-AIRPORT ROAD

G Pay

## കോപ്പികൾക്ക്:
www.jykairosmedia.org
6238 27 9115

**ഓഫീസ് വിലാസം:**
കെയ്റോസ് മീഡിയ, 8/174, നവോദയ സ്റ്റുഡിയോ കോംപ്ലക്സ്, തെങ്ങോട് പി.ഒ., കാക്കനാട്, കൊച്ചി 682 030
**ഫോൺ:** 0484 2984327 / **ഇ-മെയിൽ:** kairosmag@jykairosmedia.org

ശരത് വെൺപാല



**മുൾച്ചെടികളും മുൾപ്പടർപ്പുകളും നമുക്ക് നൽകുന്നത് നൊമ്പരങ്ങളും സഹനങ്ങളുമൊക്കെയാണ് മുൾമുടി തീർത്തും തീവ്രവേദനയുടേതുതന്നെ. നമ്മുടെ ചിന്തകളെ കഴുകി ശുദ്ധിവരുത്തി, ഇവിടെ മുൾമുടി പൂക്കുന്നത് കാണാം.**

ദൈവത്തിന്റെ കരം പിടിച്ചു മനുഷ്യൻ നടന്ന എദൻ തോട്ടത്തിൽ മുള്ളുകൾ മുളച്ചിരുന്നില്ല. ദൈവ-മനുഷ്യബന്ധത്തിന്റെ ഊഷ്മളത മലർഗന്ധമായി പടർന്ന പറുദീസാനുഭവമായിരുന്നു അത്. എന്നാൽ, മനുഷ്യന്റെ പാപകാലത്തിനുശേഷം ദൈവം മൊഴിഞ്ഞു: "നീ നിമിത്തം മണ്ണ് ശപിക്കപ്പെട്ടതാവും. മണ്ണ് നിനക്കായി മുള്ളും മുൾച്ചെടികളും മുളപ്പിക്കും" (ഉത്പ 3,17-18). അങ്ങനെ മുൾച്ചെടികൾ കിളിർത്തു. വേദപുസ്തകത്തിൽ മുൾച്ചെടിയും മുള്ളും ശൂന്യതയുടെ അടയാളമായി അവതരിപ്പിക്കപ്പെടുന്നു. ശാപത്തിന്റെ ധ്വനികൾ ഉയർത്തുന്ന അടയാളമാണ് മുള്ളുകൾ. പക്ഷേ, രക്ഷാകരചരിത്രത്തിന്റെ നിഗൂഢതകൾ അനാവരണം ചെയ്യപ്പെടുന്നതും ഈ മുൾച്ചെടികൾക്കിടയിലൂടെയാണ്.

## മുള്ളുകൾക്കിടയിലെ കുഞ്ഞാട്

മഞ്ഞു മൂടിക്കിടക്കുന്ന മോറിയ മലമുകളിലേക്ക് പുത്രൻ ഇസഹാക്കുമായി യാത്ര ചെയ്യുന്ന അബ്രാഹത്തിനോട് അവൻ ചോദിച്ചു: "അപ്പാ, ബലിക്കുള്ള വിറകുണ്ട്, കത്തിയുണ്ട്, തീയുണ്ട്, കുഞ്ഞാടെവിടെ?" ചങ്കു പിടഞ്ഞുപോയി അബ്രാഹത്തിന്. അവൻ മുകളിലേക്ക്

# മുൾമുടി പൂക്കുന്ന നേരം

നോക്കിപ്പറഞ്ഞു: "ബലിക്കുള്ള കുഞ്ഞാടിനെ ദൈവം തരും". ദൈവം ബലിക്കുള്ള കുഞ്ഞാടിനെ ഇസഹാക്കിനു പകരം ഒരുക്കിക്കിടത്തിയത് മുൾച്ചെടികൾക്കിടയിലായിരുന്നു (ഉൽപ 22,13).

## എരിയാതെരിയുന്ന മുൾപ്പടർപ്പ്

മോശ അമ്മായിഅപ്പന്റെ ആടുകളെ മേച്ചു നടന്ന കാലം. കൊട്ടാരത്തിന്റെ സൗഭാഗ്യങ്ങളെല്ലാം നഷ്ടപ്പെട്ട് ദുരിതം പേറിയകാലത്ത് മുൾപ്പടർപ്പിന്റെ മധ്യത്തിൽ ജ്വലിച്ചുയർന്ന അഗ്നിയിൽ കർത്താവിന്റെ ദൂതൻ അവനു പ്രത്യക്ഷപ്പെട്ടു. മുൾപ്പടർപ്പു കത്തിജ്വലിക്കുകയായിരുന്നു. പക്ഷേ, ചാമ്പലായിത്തീരുന്നില്ല. ആ മുൾപ്പടർപ്പിലാണ് ദൈവം താൻ ആകുന്നവൻ ആകുന്നുവെന്ന് തന്നെത്തന്നെ വെളിപ്പെടുത്തിയത് (പുറ 33,13-15). ആ മുൾപ്പടർപ്പിന്റെ അഗ്നി ഒരിക്കലും എരിഞ്ഞടങ്ങുന്നില്ല.

## വാടാമുൾച്ചെടിത്തണലിൽ കനലിൽചുട്ട അപ്പം

ബാലിന്റെ പ്രവാചകന്മാരെ കൊന്ന ധീരനായ ഏലിയ, ജസബെൽ എന്ന രാജ്ഞിയെ ഭയന്ന് പലായനം ചെയ്തിരിക്കെ ആദ്യം ഒരു അരുവിയുടെ അരികിലായി ഒളിച്ചിരിക്കുമ്പോൾ കാക്കയുടെ ചുണ്ടിൽ അവനായി അപ്പവും ഇറച്ചിയും ഒരുക്കിയ ദൈവം, അവൻ പിന്നീട് ഒരു വാടാമുൾച്ചെടിയുടെ അടിയിലായി അഭയം പ്രാപിക്കുമ്പോൾ ഒരു ദൂതൻ അവനായി കനലിന്മേൽ ചുട്ട അപ്പവും ഒരിത്തിരി വെള്ളവും അവനായി ഒരുക്കി വച്ചിരുന്നു.

## മുൾമുടി ചൂടിയവൻ യേശു

രക്ഷാകര ചരിത്രത്തിന്റെ ഗുപ്തസ്മിതങ്ങൾ വെളിവാക്കപ്പെടുന്നത് എല്ലാറ്റിന്റെയും പൂർത്തീകരണമായ യേശുവിലാണ്. ദൈവം തരുമെന്ന് അബ്രാഹം പറഞ്ഞ, സ്നാപകയോഹന്നാൻ ചൂണ്ടിക്കാണിച്ച കുഞ്ഞാട് മുൾമുടി ചൂടിയ യേശുവാണ്. ഞാനാകുന്നുവെന്ന് എരിഞ്ഞാലുമെരിഞ്ഞാലും ചാരമാകാത്ത മുൾപ്പടർപ്പിൽ നിന്നു മോശയോടു പറഞ്ഞവൻ മുൾമുടി ചൂടിയ യേശുവാണ്. ആ വാക്ക് 'Ego Eimi' '(I am)' 300 പ്രാവശ്യം ബൈബിൾ ഉപയോഗിക്കുന്നു. ഉൽപത്തി 15,1-ൽ തുടങ്ങി വെളിപാട് 22,16-ൽ വരെ നീണ്ടു കിടക്കുന്ന 'ആകുന്നവൻ ആകുന്നു' എന്ന പദം. ഏഴു പ്രാവശ്യം യേശു തന്നെത്തന്നെ വിശേഷിപ്പിക്കാൻ ഉപയോഗിക്കുന്ന വാക്കാണിത്. ജീവന്റെ അപ്പം (യോഹ 6,35), ലോകത്തിന്റെ പ്രകാശം (യോഹ 8,12), വാതിൽ (10,9), നല്ല ഇടയൻ (യോഹ 10,11), പുനരുത്ഥാനവും ജീവനും (യോഹ 11,25), വഴിയും സത്യവും ജീവനും (യോഹ 14,6), മുന്തിരിച്ചെടി (യോഹ 15,15) ഇവയൊക്കെയും ഞാനാകുന്നുവെന്ന് യേശു പറയുന്നു. മുൾമുടി ചൂടിയവൻ ആകുന്നവനാകുന്നു. വാടാ മുൾപ്പടർപ്പിന്റെ തണലിൽ കാൽവരിയിലെ കനലിൽ ചുട്ട അപ്പം മുൾമുടി ചൂടിയ യേശുവാണ്. ശാപത്തിന്റെ മുൾമുടിയെ യേശു തന്റെ തലയിലേറ്റിയപ്പോൾ അത് രക്ഷാകരമായി മാറുന്നു. മണ്ണ് മുളപ്പിച്ച മുള്ളിനെ ശിരസിലേറ്റിയവൻ മുള്ളുകളെന്ന് കരുതുന്നവയെ രക്ഷാകരമാക്കുന്ന രസതന്ത്രമാണ് രക്ഷാകരരഹസ്യത്തിൽ ഇതൾ വിരിഞ്ഞത്.

ജീവിതത്തിൽ മുള്ളുകളെന്നു കരുതുന്നവയെ തന്റെ കൃപയുടെ എരിയാതെരിയുന്ന അഗ്നിയാൽ രക്ഷയിലേക്കു നയിക്കുന്ന ഈ പദ്ധതി കാണുമ്പോൾ ആ രാത്രി അവൻ അപ്പമെടുത്തു പറഞ്ഞത് ഓർമിക്കുക, 'ഇതെന്റെ ശരീരമാകുന്നു'. വീഞ്ഞെടുത്ത് പറഞ്ഞത് ഓർമിക്കുക, 'ഇതെന്റെ രക്തം ആകുന്നു'. പൗലോസ് മുള്ളിനെപ്പറ്റി പരിഭവം പറയുമ്പോൾ അവൻ പറഞ്ഞത് മുള്ള് അവിടെയിരിക്കട്ടെ, 'നിനക്ക് എന്റെ കൃപ മതി' എന്നാണ്.

യേശുവണിഞ്ഞ മുൾമുടി, ആദിശാപത്തിന്റെ നൊമ്പരത്തിൽ നിന്നും മനുഷ്യരാശിയെ രക്ഷിക്കുന്ന ദൈവത്തിന്റെ അസ്തമിക്കാത്ത സ്നേഹത്തിന്റെ, പാപം പോക്കുന്ന കുഞ്ഞാടായി സ്വപുത്രനെ നൽകുന്ന, ചാമ്പലാകാത്ത സ്നേഹത്തിന്റെ, എരിയാതെരിയുന്ന കനലിൽ ചുട്ട അപ്പമായി, രൂപാന്തരപ്പെടുന്ന സഹനത്തിന്റെയൊക്കെ പൂർത്തീകരണമായിരുന്നു എന്നറിയുമ്പോൾ കണ്ണു നിറയുന്നു. അടിയേറ്റു പിടയുമ്പോൾ, കരങ്ങളിലും കാലുകളിലും ആണി തറയ്ക്കപ്പെടുമ്പോൾ മഹത്വത്തിന്റെ കിരീടമായി അവന്റെ നിണമാർന്ന ശിരസ്സിൽ ആ മുൾമുടി യുണ്ടായിരുന്നു. ഈറനണിഞ്ഞ കണ്ണുകളോടെ നോക്കുമ്പോൾ ആ മുൾമുടി പൂത്തു നിൽക്കുന്നതു കാണാം! ■








അജിൻ കെ അഗസ്റ്റിൻ, തൃശൂർ

# കാഴ്ച്ചയ്ക്കപ്പുറം



കാലം ചില നന്മകൾ നമുക്കായ് കാത്തുവച്ചിട്ടുണ്ട്. കാഴ്ചയ്ക്കപ്പുറമുള്ള ചില കാഴ്ചകളാണവ. നമ്മുടെ കാത്തിരിപ്പുകൾ പ്രത്യാശയോടെയാകട്ടെ.

മറൈൻ ഡ്രൈവിന്റെ നീണ്ട വഴിത്താരയിലെ ഒരു തണൽ വൃക്ഷത്തിന്റെ ചുവട്ടിൽ കായലിലേക്ക് കണ്ണും നട്ടിരിക്കുകയാണ് കെവിൻ. കായൽക്കാറ്റടിക്കുമ്പോൾ വെന്തുരുകുന്ന ശരീരത്തിന് അൽപം കുളിരു കിട്ടുന്നുണ്ടെങ്കിലും മനസ്സിലെ ഉഷ്ണത്തിന് അറുതി നൽകാൻ അതിനാവില്ലായിരുന്നു. ഇന്ന് രാവിലെ മുതൽ സായാഹ്നം വരെ തന്റെ ജീവിതത്തിൽ നടന്ന സംഭവങ്ങളെപ്പറ്റി കെവിൻ വിശകലനം ചെയ്യുമ്പോൾ അതിൽ സന്തോഷിക്കാനും സങ്കടപ്പെടാനും ഉള്ളത് തിരനോട്ടം നടത്തുകയും ചെയ്യുന്നു.

നാലു വർഷത്തെ എഞ്ചിനീയറിംഗ് പഠനത്തിന് ശേഷം ജോലി തേടുന്ന ലക്ഷക്കണക്കിന് ബി.ടെക് ബിരുദധാരികളിൽ ഒരുവൻ മാത്രമാണ് കെവിൻ. ഫോർമൽ ഷർട്ടും പാന്റ്സും ധരിച്ചു കെവിൻ വീട്ടിൽ നിന്നിറങ്ങിയതും തൊഴിൽ എന്ന വിദൂര സ്വപ്നം സാക്ഷാത്കരിക്കുന്നതിന്റെ ഭാഗമായാണ്. കൊച്ചിയിലെ ഇൻഫോപാർക്കിൽ വച്ചാണ് ഇന്റർവ്യൂ നടക്കുന്നത്.

വീട്ടിൽ നിന്ന് ബസ് സ്റ്റോപ്പ് വരെയുള്ള നടപ്പിൽ വഴിയിൽ വച്ചു കണ്ട അയൽവക്കത്തെ അമ്മൂമ്മയും പാൽക്കാരൻ ചേട്ടനും കെവിന് സങ്കടം മാത്രമാണ് തന്നത്. ആദ്യം ചിരിച്ചു കൊണ്ട് കുശലാന്വേഷണം നടത്തുക, പിന്നീട് ജോലിയെപ്പറ്റി ചോദിക്കുക, അവസാനം കാരണവന്മാരുടെ തലവിധി എന്നും പറഞ്ഞു ശപിക്കുക. ഇതാണ് അമ്മൂമ്മയുടെ സ്ഥിരം പരിപാടി. പാൽക്കാരൻ ചേട്ടന്റെ വക ജീവിതം, ലക്ഷ്യം, വിജയം എന്നീ വാക്കുകൾ കൊണ്ടുള്ള ഉപദേശവും വെറുപ്പിക്കുന്നതാണ്.

തന്റെ കൂടെ കോളേജിൽ ഒരേ ക്ലാസ്സിൽ ഒന്നിച്ചു പഠിച്ച ടോമിയെ ഇന്റർവ്യൂ നടക്കുന്ന കമ്പനിയിൽ വച്ച് കണ്ടുമുട്ടിയതും

ഇന്റർവ്യൂവിന്റെ ആദ്യ കടമ്പയായ ആപ്റ്റിട്യൂഡ് ടെസ്റ്റ് അനായാസമായി വിജയിക്കാൻ കഴിഞ്ഞതും കെവിനിൽ സന്തോഷമുണർത്തി.

രണ്ടാമത്തെ കടമ്പയായ ഗ്രൂപ്പ് ഡിസ്കഷൻ റൗണ്ടിൽ പങ്കെടുക്കാൻ കെവിന് നല്ല പേടിയുണ്ടായിരുന്നു. പ്രയോറിറ്റീസ് ഓഫ് ചീഫ് മിനിസ്റ്റർ എന്ന വിഷയത്തെ പറ്റിയായിരുന്നു ഗ്രൂപ്പ് ഡിസ്കഷൻ. എല്ലാവരും മുഖ്യമന്ത്രിക്ക് വേണ്ട ഗുണങ്ങളെപ്പറ്റിയും വിദ്യാഭ്യാസ യോഗ്യതയെപ്പറ്റിയുമൊക്കെ സംസാരിച്ചപ്പോൾ കെവിൻ സംസാരിച്ചത് മുഖ്യമന്ത്രി നാടിനു വേണ്ടി ചെയ്യേണ്ട നടപടി ക്രമങ്ങളെപ്പറ്റിയായിരുന്നു.

കെവിന്റെ കുടുംബത്തെപ്പറ്റിയും ചോദ്യങ്ങൾ ചോദിച്ചു.

ഇന്റർവ്യൂവിന് വന്ന ഇരുന്നൂറോളം പേരിൽ കെവിനും ടോമിയുമടക്കം പന്ത്രണ്ടു പേരാണ് എല്ലാ റൗണ്ടുകളും പൂർത്തീകരിച്ചത്. കുറേ സമയത്തെ കാത്തിരിപ്പിനു ശേഷം ഇന്റർവ്യൂവിന്റെ ഫലം പ്രഖ്യാപിച്ചു. ടോമിയടക്കം നാല് പേരെ പേര് വിളിച്ചു എച്. ആർ. മാനേജർ കൂട്ടിക്കൊണ്ടു പോയി. ബാക്കി ഉള്ളവരോട് "താങ്ക് യു ഗയ്സ്.. വീ വിൽ ഇൻഫോം യൂ ലേറ്റർ" എന്ന് പറഞ്ഞു യാത്രയാക്കി. ജോലി ലഭിച്ചാൽ നിങ്ങളെ പിന്നീട് അറിയിക്കാം എന്നാണ് അവർ പറഞ്ഞതെങ്കിലും "ക്ഷമിക്കണം, നിങ്ങൾക്കു ഇവിടെ ജോലിയില്ല" എന്നൊരു അർഥമുണ്ടെന്നു



കെവിൻ പറഞ്ഞതായിരുന്നു ആ വിഷയത്തിന്റെ യഥാർഥ അർഥമെന്നുള്ളത് കൊണ്ട് ആ കടമ്പയും കെവിൻ വിജയകരമായി പൂർത്തീകരിച്ചു.

അവസാന കടമ്പ എച്.ആർ. മാനേജറും കമ്പനിയുടെ മറ്റു ഉദ്യോഗസ്ഥരുമായുള്ള മുഖാമുഖസംഭാഷണം ആയിരുന്നു. എഞ്ചിനീയറിങ്ങിലെ ചില വിഷയങ്ങളെപ്പറ്റിയും കംപ്യൂട്ടറിനെ പറ്റിയുള്ള ചോദ്യങ്ങൾക്ക് തന്നാലാവുന്ന വിധം കെവിൻ ശരിയുത്തരം നൽകാൻ ശ്രമിച്ചു. ഒടുവിൽ കെവിനെപ്പറ്റിയും

കെവിന് നന്നായി അറിയാമായിരുന്നു. കാരണം, ഇത് ആദ്യമായിട്ടല്ല കെവിൻ ഇന്റർവ്യൂവിൽ പങ്കെടുക്കുന്നത്.

പേര് ചൊല്ലി വിളിച്ച ആ നാല് പേർ ഓഫർ ലെറ്ററുമായി സന്തോഷത്തോടെ പുറത്തേക്കു വരുന്നത് കാണാനുള്ള മനഃശക്തിയൊന്നും കെവിനില്ലായിരുന്നു. സ്വന്തം സ്നേഹിതന് ജോലി കിട്ടുമ്പോഴുള്ള അസൂയ കൊണ്ടല്ല, മറിച്ചു കഷ്ടപ്പെട്ടിട്ടും ഒന്നും നേടാനാവാത്തവന്റെ മനസ്സ് വിങ്ങി കരയുന്നതുകൊണ്ടാണ്. അതുകൊണ്ട് അധികം വൈകാതെ കെവിൻ

ഇന്റർവ്യൂ നടക്കുന്ന കമ്പനിയിൽ നിന്നും നേരെ മറൈൻ ഡ്രൈവിലേക്ക് യാത്ര തിരിച്ചു.

എല്ലാ ഇന്റർവ്യൂവിന്റെയും അവസാനം മറൈൻ ഡ്രൈവറിന്റെ കായൽക്കാറ്റു കൊള്ളുന്നത് ഒരു ശീലമായിപ്പോയി. പണ്ടൊക്കെ കൂട്ടുകാരുടെ കൂടെ ആഘോഷിക്കാനാണ് ഇവിടെ വന്നതെങ്കിൽ ഇപ്പോൾ ഏകാന്തതയിൽ ജീവിതത്തിലെ കയ്പേറിയ നിമിഷങ്ങൾ മറക്കാനാണ് വരുന്നത്. വീട്ടുകാരുടെയും നാട്ടുകാരുടെയും കണ്ണിൽ ഉപയോഗമില്ലാത്ത ഒരു കൗതുക വസ്തുവായി താൻ മാറുമ്പോൾ തന്റെ ഉള്ളു പിടയുന്നത് കാണാൻ ആരുമില്ല എന്ന സങ്കടവും കെവിനുണ്ട്.

ഏകദേശം ഇരുപതിലേറെ ഇന്റർവ്യൂവിൽ കെവിൻ പങ്കെടുത്തിട്ടുണ്ട്. പക്ഷേ, ഒന്നിലും ജോലി കിട്ടാനുള്ള ഭാഗ്യം അവനുണ്ടായിരുന്നില്ല. വിജയിക്കാത്ത ഇന്റർവ്യൂവിന് പഠിച്ച പാഠങ്ങൾ ഉൾക്കൊണ്ട് നല്ല തയ്യാറെടുപ്പോടെയാണ് കെവിൻ ഇന്ന് ഇന്റർവ്യൂവിൽ പങ്കെടുത്തത്. അതും ഫലം കണ്ടില്ല.

**വീട്ടുകാരുടെയും നാട്ടുക്കാരുടെയും കണ്ണിൽ ഉപയോഗമില്ലാത്ത ഒരു കൗതുകവസ്തുവായി താൻ മാറുമ്പോൾ തന്റെ ഉള്ളുപിടയുന്നത് ആരും കാണുന്നില്ല.**

അഗാധമായ ചിന്തകളിൽ മുഴുകിയിരുന്ന കെവിനെ ഞെട്ടിയുണർത്തിയത് വീട്ടിൽ നിന്നുള്ള അമ്മയുടെ ഫോൺ വിളിയായിരുന്നു. ഒന്നും നേടാനായില്ലെങ്കിലും തികഞ്ഞ പ്രതീക്ഷയോടെ അമ്മയോട് ഇന്റർവ്യൂ നന്നായിരുന്നുവെന്നു പറയാൻ അവൻ മറന്നില്ല. അന്തരീക്ഷം ഇരുണ്ടു തുടങ്ങിയപ്പോഴേക്കും കെവിൻ തൃശ്ശൂരുള്ള തന്റെ വീട്ടിലേക്കുള്ള ബസിൽ കയറിക്കഴിഞ്ഞിരുന്നു.

ബസിന്റെ ജനലിന്റെ അരികിൽ ഇരുന്നു നിദ്രയിലേക്ക് മെല്ലെ തെന്നി വീഴുമ്പോഴാണ് തന്റെ അരികിലുള്ള യാത്രക്കാരൻ കെവിനേ തട്ടി വിളിക്കുന്നത്. കാഴ്ചയില്ലാത്ത ആ ചെറുപ്പക്കാരനെ കണ്ടു കെവിന് പെട്ടെന്നുണ്ടായ ദേഷ്യം അലിഞ്ഞില്ലാതെയായി. ശരത് എന്നായിരുന്നു അയാളുടെ പേര്. തന്റെ കൂടെ വരാനിരുന്ന സ്നേഹിതൻ ചില തിരക്ക് മൂലം ഇന്ന് വരാത്തത് കൊണ്ട് ചാലക്കുടി വരെ പോകേണ്ട ശരത്തിനു ഒരു കൂട്ടിനു വേണ്ടിയാണ് കെവിനെ വിളിച്ചത്. ശരത്തിന്റെ വലതു കരം ചേർത്ത് പിടിച്ചു കെവിൻ അയാൾക്കു ധൈര്യം പകർന്നു.

ബസ് ഓരോ സ്ഥലത്തും നിറുത്തുമ്പോഴും കെവിൻ ശരത്തിനെ അറിയിച്ചുകൊണ്ടേയിരിന്നു. അവർ രണ്ടു പേർക്കുമിടയിൽ മെല്ലെ സൗഹൃദം വളരാൻ തുടങ്ങി. അവർ പരസ്പരം തങ്ങളുടെ സങ്കടങ്ങളുടെയും വിഷമങ്ങളെയും പറ്റി സംസാരിച്ചു.

എല്ലാവരുടെയും ജീവിതത്തിൽ നേട്ടങ്ങളും കോട്ടങ്ങളുമുണ്ട്. നേട്ടങ്ങളെക്കാൾ കോട്ടങ്ങളെ ഓർത്തു വിലപിക്കുന്നവരാണ് കെവിനെപ്പോലുള്ളവർ. അതിൽ വ്യത്യസ്തമായി താൻ നേടിയ കാര്യങ്ങളെ ഓർത്തു വാതോരാതെയാണ് ശരത്ത് സംസാരിക്കുന്നത്. കാഴ്ചയില്ലാത്ത തനിക്ക് ജീവിതത്തിൽ മുന്നേറാനുള്ള പ്രചോദനം തന്നത് ശരത്തിന്റെ അയൽപക്കത്തെ ഒരു സ്നേഹിതനാണ്. നിരാശ നിറഞ്ഞ ശരത്തിന്റെ ജീവിതത്തിൽ ഒരു പ്രകാശമായി വന്ന ആ സ്നേഹിതനാണ് ശരത്തിന്റെ ജീവിതത്തിലെ ഏറ്റവും വലിയ വഴിത്തിരിവ്. ഇന്ന് ശരത്ത് നേടിയ പലതും ആ സുഹൃത്ത് പകർന്നു തന്ന ആത്മവിശ്വാസത്തിലൂടെയാണ്.



ആ സ്നേഹിതനെപോലെ തനിക്കും കെവിന്റെ നല്ല സുഹൃത്താവാൻ കഴിയുമെന്ന് ശരത് ഉറപ്പു നൽകി. എല്ലാം തുറന്നു സംസാരിച്ചപ്പോൾ കെവിന്റെ മനസ്സ് ശാന്തമായി. ചാലക്കുടിയിൽ ഇറങ്ങിയ ശരത് പരസ്പരം ഫോൺ നമ്പർ കൈമാറി യാത്ര പറഞ്ഞു.

ശരത്ത് ഇരുന്ന ഒഴിഞ്ഞ സീറ്റിൽ നല്ല പ്രായമുള്ള ഒരു വൃദ്ധ ഇരിപ്പുറപ്പിച്ചു. ആദ്യം മനസ്സിലായില്ലെങ്കിലും പിന്നീട് തന്നെ സ്കൂളിൽ പഠിപ്പിച്ച സോണിയ ടീച്ചറാണ് കൂടെ ഇരിക്കുന്നതെന്ന് കെവിന് മനസ്സിലായി. ക്ലാസ്സിലെ ഉഴപ്പന്മാരായ പിള്ളേരെ ഒരു ടീച്ചറും മറക്കില്ലെങ്കിലും ഇത്രയും പ്രായമായിട്ടും ടീച്ചർ കെവിനെ മറക്കാതിരുന്നതിനും കാരണമുണ്ട്.

സ്കൂളിൽ പഠിക്കുന്ന കാലത്ത് കണക്ക് എന്ന വിഷയം കെവിന് എന്നും പേടി സ്വപ്നമായിരുന്നു. ബാക്കി ഏതു വിഷയം ജയിച്ചാലും കണക്കിന് രണ്ടക്കം തികക്കാൻ അവൻ നന്നായി കഷ്ടപ്പെട്ടിരുന്നു. പത്താം ക്ലാസ്സിൽ വച്ചു കണക്കിന് തോൽക്കും എന്നു കരുതി സ്കൂൾ മാനേജ്മെന്റ് കെവിന് ടി.സി. കൊടുക്കാൻ തീരുമാനിച്ചു. കെവിൻ പത്താം ക്ലാസ്സിൽ തോറ്റാൽ സ്കൂളിന്റെ വിജയശതമാനത്തെ ബാധിക്കും എന്നുള്ളത് കൊണ്ട് മറ്റൊരു മാർഗവും അവർ കണ്ടില്ല. ഈയൊരു അവസ്ഥയിൽ നിന്നു കെവിനെ സഹായിച്ചത് സോണിയ ടീച്ചറായിരുന്നു. ടീച്ചറിന്റെ സ്പെഷ്യൽ ക്ലാസ്സും ട്യൂഷനും കൊണ്ട് കെവിന് പത്താം ക്ലാസ്സിൽ നല്ല മാർക്കുണ്ടായിരുന്നു. ടീച്ചറോട് സംസാരിച്ചിരിക്കുന്നതിനിടയിൽ കെവിന്റെ ഫോൺ ബെല്ലടിക്കാൻ തുടങ്ങി.

കെവിനെ വിളിച്ചത് ഇന്റർവ്യൂ നടത്തിയിരുന്ന കമ്പനിയിൽ നിന്നാണ്. ജോലിക്കു വേണ്ടി തെരഞ്ഞെടുത്തതിന്റെ അഭിനന്ദനങ്ങൾ അറിയിക്കാനും അശ്രദ്ധ മൂലം കെവിന്റെ പേര് അവസാനം വിളിക്കാതിരുന്നതിൽ ഖേദം പ്രകടിപ്പിക്കാനുമാണ് അവർ വിളിച്ചത്. യഥാർഥത്തിൽ കെവിനടക്കം അഞ്ചു പേർക്കാണ് ജോലി ലഭിച്ചത്.

കെവിന്റെ ജീവിതത്തിലെ ഓരോ നിർണായകഘട്ടത്തിലും ദൈവം നിയോഗിച്ച വ്യക്തികളിലൂടെ അവനു ജീവിതത്തിൽ മുന്നോട്ടു പോകുവാൻ പ്രചോദനം ലഭിച്ചിരുന്നു. നമ്മുടെ ഓരോരുത്തരുടെയും കാഴ്ചയ്ക്കപ്പുറത്താണ് പലതും നമ്മുടെ ജീവിതത്തിൽ സംഭവിക്കുന്നത്. നാം കാണുന്ന കാഴ്ചകളിലൂടെയും കേൾക്കുന്ന കാര്യങ്ങളിലൂടെയുമാണ് നമ്മുടെ ചിന്തകൾ വളരുന്നത്. എന്നാൽ, നമ്മുടെ ചിന്തകൾക്ക് അതീതമാണ് ദൈവം എന്ന അദൃശ്യശക്തി നമ്മിൽ പ്രവർത്തിക്കുന്നത്. മറ്റുള്ളവർക്കു ജീവിതത്തിൽ മുന്നേറാൻ നാം സഹായം ചെയ്യുമ്പോൾ നമുക്കു വേണ്ടി ദൈവം മറ്റുള്ളവരിലൂടെ ഇടപെടും. കാഴ്ചയ്ക്കപ്പുറവും ചില കാഴ്ചകൾ നമ്മെ കാത്തിരിപ്പുണ്ട് ▪



## മിലൻ സെബാസ്റ്റ്യൻ

കോട്ടയം സോൺ മുൻ ഇന്റർസെഷൻ ടീം മെമ്പറും കോട്ടയം ക്യാമ്പസ് മിനിസ്ട്രിയിൽ വളരെ സജീവമായി പ്രവർത്തിക്കുകയും ചെയ്തിരുന്ന കളത്തിപ്പടി ഗിരിദീപം കോളേജ് മുൻ വിദ്യാർഥി മിലൻ സെബാസ്റ്റ്യൻ (22) കർത്താവിൽ നിദ്ര പ്രാപിച്ചു. മിലനെയും കുടുംബത്തെയും നമ്മുടെ പ്രാർഥനയിൽ അനുസ്മരിക്കാം.



## രാഹുൽ എ. ചേലാട്ട്

കോയമ്പത്തൂരിൽ ജീസസ് യൂത്തിന്റെ മുൻ കോ-ഓർഡിനേറ്ററായിരുന്നു. ആലുവ, സ്നേഹപുരം സെന്റ് ജോസഫ് ചർച്ച് ഇടവകാംഗം. രാഹുലിനെ യും കുടുംബത്തെയും നമുക്ക് പ്രാർഥനയിൽ ഓർക്കാം





ജോബി ബേബി, നഴ്സ്, കുവൈറ്റ്

# മഷിത്തണ്ട്





## ഒറ്റിക്കൊടുക്കാനിരിക്കുന്നവനെപ്പോലും ചേർത്തിരുത്താൻ കഴിയുന്ന മേശയെ വിളിക്കാൻ കഴിയുന്ന പേരെന്താണ് ?

# 'തിരുമേശ' എന്നു വിളിക്കാമതിനെ.

ഇങ്ങനെയും സ്നേഹിക്കാൻ പറ്റുമോ? പറ്റും. അങ്ങനെ സ്നേഹിക്കാൻ പഠിപ്പിച്ചതാരെന്നു അറിയണ്ടേ? അത് യേശു തമ്പുരാനാണ്. അത് എങ്ങനെയാണെന്ന് അറിയാൻ നമ്മുടെ മനസ്സിൽ ആഗ്രഹം കാണും. ഒറ്റിക്കൊടുക്കുന്നവനെയും തള്ളിപ്പറയുന്നവനെയും മുൻകൂട്ടി മനസ്സിലാക്കുക. അത് ദൂരെ നിൽക്കുന്നവരാരുമല്ല. പന്ത്രണ്ടുപേരെ വിളിച്ചുചേർത്തതിൽ രണ്ടുപേർ. ഹൃദയം കൊടുത്തു സ്നേഹിച്ചവർ, അത്ഭുതങ്ങളിൽ കൂട്ടാളികൾ, നൊമ്പരങ്ങളിൽ കൂടെയിരുന്നവർ അവരിലൊരുവനാണ് ഒറ്റിക്കൊടുക്കുന്നത്. മറ്റൊരുവനാണ് തള്ളിപ്പറയുന്നത്. മുൻകൂട്ടി അറിയാമായിരുന്നിട്ടും അവരെ ചേർത്തുപിടിച്ച് ഒരു മേശയൊരുക്കുക. ഇതു കാണുമ്പോഴാണ് നാം തിരിച്ചറിയുന്നത് ഇങ്ങനെയും സ്നേഹിക്കാൻ പറ്റുമെന്ന്.



കർത്തൃമേശ ഫിൽറ്റർ ചെയ്യാത്ത മേശയാണ്. നമ്മുടെയൊക്കെ മേശകൾ ഫിൽറ്റർ ചെയ്തതാണ്. നമ്മുടെ സ്നേഹിതർ നമുക്കിഷ്ടമുള്ളവർ, നമ്മുടെ വിലയ്ക്കും നിലയ്ക്കും ചേർന്നവർ. ഇവരൊക്കെയാണ് നമ്മുടെ മേശയ്ക്ക് ചുറ്റും. എന്നാൽ, ഒറ്റിക്കൊടുക്കാനിരിക്കുന്നവനെപ്പോലും ചേർത്തിരുത്താൻ കഴിയുന്ന മേശയെ വിളിക്കാൻ കഴിയുന്ന പേരെന്താണ് ? 'തിരുമേശ' എന്നു വിളിക്കാമതിനെ. ആ മേശ നിർമിച്ചത് തച്ചനായ യൗസേപ്പിതാവാണെന്ന് എവിടെയോ പറഞ്ഞു കേട്ടിട്ടുണ്ട്. അങ്ങനെയാണെങ്കിൽ അത് തടികൊണ്ടു മാത്രം പണിതതല്ല. സ്നേഹം കൊണ്ട് പണിത മേശയാണ്. അതുകൊണ്ടാണ് അതിൽ സ്നേഹം പെയ്തിറങ്ങുന്നത്.

തന്റെ പ്രാണനേക്കാൾ യേശുവിനെ സ്നേഹിച്ചയാളാണ് Ignatius of Antioch. അദ്ദേഹം പറഞ്ഞു: "I hunger for the bread of God, the flesh of Jesus Christ, I long to drink of his blood, the gift of unending love". ഒരിക്കലും അവസാനിക്കാത്ത സ്നേഹത്തിന്റെ ഇടമായിട്ടാണ് കർതൃമേശയെ ആ പിതാവ് കാണുന്നത്. കർതൃമേശ ആത്മവിശ്വാസത്തിന്റെ ഇടമാണ്. അതിനെ വേണമെങ്കിൽ ഇങ്ങനെ വിളിക്കാം, 'It is a Table of Confidence'. നാമൊക്കെ ഭാവവും കുറവുമൊക്കെയുള്ളവരാണ്. നമ്മുടെ ഭാവം പലപ്പോഴും നമ്മുടെ ആത്മവിശ്വാസം ചോർത്തിക്കളയുന്നു. പക്ഷേ, ഒറ്റുകാരനെയും തള്ളിപ്പറയുന്നവനെയും ചേർത്തുപിടിക്കുന്ന കർതൃമേശ നമ്മെ അതിലേക്ക് മാടിവിളിക്കുന്നുണ്ട്. അനുതാപമുള്ള ഹൃദയവുമായി കടന്നു ചെല്ലുന്ന ഏതൊരുവനും അവിടത്തെ പങ്കുകാരനായി മാറുന്നു. അതുകൊണ്ട് കർതൃമേശയ്ക്ക് മുൻപിൽ പാപികളായ നമുക്ക് ആത്മവിശ്വാസത്തോടെ കടന്നു ചെല്ലാം. കാരണം, അവൻ പാപത്തെ വെറുക്കുന്നവനാണെങ്കിലും പാപിയെ സ്നേഹിക്കുന്നവനാണ്; ചേർത്ത് പിടിക്കുന്നവനാണ്. അത്രത്തോളം അവൻ നമ്മെ സ്നേഹിക്കുന്നു. അഗതികളുടെ ലോകത്തു സ്നേഹം ആവോളം വിളമ്പിയ മദർതെരേസ പറയുന്നു: "When you look at the crucifix you understand how much Jesus loved you then. When you look at the sacred host, you understand how much Jesus loves you now". സ്നേഹത്തിന്റെ വർഷം എന്ന് പറയാം. കുരിശിലേക്കും കർതൃമേശയിലേക്കുമൊക്കെ സൂക്ഷിച്ചു നോക്കുമ്പോൾ സ്നേഹം കൊണ്ട് നമ്മൾ കുളിക്കുകയാണ്.

തോമസ് അകിനാസിന്റെ വാക്കുകളുണ്ട്, "The Eucharist is the sacrament of love; it signifies love, it produces love. The Eucharist is the consummation of the whole spiritual life". ഓരോ വിശുദ്ധ കുർബാനയിലും പങ്കെടുക്കുമ്പോൾ സ്നേഹം നമ്മളിൽ പൊടിയണം. കിണറുകൾക്കടിയിൽ നിന്ന് ഉറവകൾ പൊടിയുന്നതുപോലെ. നമ്മുടെ ഹൃദയത്തിൽ നിന്ന് സ്നേഹം പൊടിഞ്ഞിറങ്ങണം. ഒരു പറച്ചിലുണ്ട് 'Love keeps no record of wrongs' (സ്നേഹം തെറ്റുകളുടെ രേഖ സൂക്ഷിക്കാറില്ല). അത് ചിന്തിക്കുമ്പോൾ എനിക്ക് ഒരു കാര്യം ഓർമ വരുന്നു. പണ്ട് നാം സ്കൂളിൽ പോകുമ്പോൾ സ്ലേറ്റ് തുടയ്ക്കാൻ മഷിത്തണ്ട് കൊണ്ടുപോകാറുണ്ടല്ലോ, ആ മഷിത്തണ്ടുടച്ചു സ്ലേറ്റിൽ തുടച്ചു കഴിയുമ്പോൾ എഴുതിയതൊക്കെ മാഞ്ഞു പോകുന്നതു കാണാറില്ലേ. അത് ഇങ്ങനെ പറയാം, മഷിത്തണ്ട് കൊണ്ട് തുടച്ച സ്ലേറ്റ് പോലെ സ്നേഹം തെറ്റുകളുടെയും കുറവുകളുടെയും റെക്കോഡ് സൂക്ഷിക്കുന്നില്ല. അത്തരത്തിലുള്ള ഒരിടം കൂടിയാണ് കർതൃമേശ. പാപിക്കും, ദുഷ്ടനും വീഴ്ച സംഭവിച്ചവനും അനുതാപത്തോടെ കടന്ന് ചെല്ലുമ്പോൾ ആത്മവിശ്വാസത്തോടെ യേശുവിന്റെ മേശയ്ക്കരികിലേക്ക് എത്തിച്ചേരുവാൻ കഴിയുന്നതിന്റെ കാരണം അതു തന്നെയാണ്.

അവൻ നമ്മെ സ്നേഹിച്ചതെന്തിനാണ്? അതിനുള്ള ഉത്തരം വിശുദ്ധ യോഹന്നാന്റെ സുവിശേഷം പതിമൂന്നാം അധ്യായം 34-35 വാക്യത്തിൽ പറയുന്നതുപോലെ, "ഞാൻ പുതിയൊരു കൽപന നിങ്ങൾക്കു നൽകുന്നു. നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ. നിങ്ങൾക്കു പരസ്പരം സ്നേഹമുണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാരാണെന്ന് അതുമൂലം എല്ലാവരും അറിയും". അവൻ നമ്മെ സ്നേഹിച്ചത് നാം പരസ്പരം സ്നേഹിക്കാൻ വേണ്ടിയാണ് ■



ടിന്റു സോണി *കൺസൾട്ടന്റ് സൈക്കോളജിസ്റ്റ്* | tintusony@gmail.com

# എന്താടോ വാര്യരേ, താൻ നന്നാവാത്തേ..?




**Q** ചേച്ചി, ഞാൻ ഡിഗ്രി അവസാനവർഷ വിദ്യാർഥിയാണ്. രണ്ടു ചേട്ടന്മാരും അപ്പനും അമ്മയും. എനിക്കുപയോഗിക്കാനായി മൊബൈൽ ഫോൺ മാതാപിതാക്കൾ തരുന്നില്ലയെന്നതാണ് എന്റെ പ്രശ്നം. ഓൺലൈൻ ക്ലാസ്സ് ആയിരുന്നപ്പോൾ തന്നിരുന്നു. വാട്സാപ്പ്, ഇൻസ്റ്റഗ്രാം ഇവയൊക്കെ മിസ്‌യൂസ് ചെയ്യുന്നു, അധികനേരം ഫോൺ ഉപയോഗിക്കുന്നു, ആൺകുട്ടികളുമായി ഓവറായി ചാറ്റുചെയ്യുന്നു ഇവയൊക്കെയാണ് അവരുടെ പരാതി. എന്റെ ഫ്രണ്ട്സ് എല്ലാവരും ഫോൺ ഉപയോഗിക്കുന്നവരാണ്. അവർക്കാർക്കും ഒരു പ്രശ്നവുമില്ല. ഞാൻ ആരോടും മിണ്ടുന്നില്ല, ഭയങ്കര ദേഷ്യമാണ്, എനിക്ക് കൗൺസലിംഗ് വേണം എന്നൊക്കെയാണ് പറയുന്നത്. എല്ലായിടത്തും ഇങ്ങനെയാണോ? ഇതെന്താ ഇങ്ങനെ?

**A** എന്താടോ വാര്യരേ, താൻ നന്നാവാത്തേ..? എന്നാണോ ഇപ്പോൾ വീട്ടുകാർ ചോദിക്കുന്നത്..? മൊബൈൽ ഫോണിൽ നമ്മൾ വല്ലാതെ കുടുങ്ങിപ്പോയോ എന്ന് സ്വന്തമായി പരീക്ഷിച്ചറിയാൻ ഒരു വിദ്യ പറയട്ടെ? 72 മണിക്കൂർ ഫോണില്ലാതെ പുഷ്പം പോലെ ഇതു നടന്നാൽ ഉറപ്പിക്കാം 'നിങ്ങ പൊപ്പൊളി' ആണെന്ന്. 3, 6, 12, 24, 48 മണിക്കൂറുകളിലെ നിങ്ങളെ നിങ്ങൾ തന്നെ അനുഭവിച്ചു നോക്കൂ... മനം പുരട്ടൽ, ശ്വാസം മുട്ടൽ, തലവേദന, കോപം, മുറുമുറുപ്പ് തുടങ്ങി മരണ വെപ്രാളം വരെയുള്ള സംഗതികൾ... ഇവ തീവ്രമാണെങ്കിൽ നിങ്ങൾക്ക് ശരിയായ ഗൈഡൻസ് ആവശ്യമുണ്ടെന്ന് ഉറപ്പിക്കാം.

ചിലർക്ക് ഭക്ഷണം കഴിക്കുമ്പോഴും പൊതു ഇടങ്ങളിലും കിടന്നുറങ്ങുന്ന നേരത്തും ഫോൺ അരികിൽ വേണം. ബാറ്ററി ലോ, ആണോയെന്ന ആശങ്ക, നോട്ടിഫിക്കേഷൻ വന്നോ എന്ന നിരന്തര പരിശോധന, പഠിക്കാൻ താത്പര്യം ഇല്ലാതാകുക, ഉത്കണ്ഠ, ഫോൺ ഇല്ലാത്ത നേരങ്ങളിൽ നേരിയതോ മിതമായതോ ആയ വിഷാദത്തിലേക്കും ഇക്കൂട്ടർ പോയേക്കാം. ജീവിതത്തിന്റെ പ്രവർത്തനത്തെത്തന്നെ കീഴ്മേൽ മറിക്കുന്ന ഇത്തരം






പ്രത്യേകതകൾ മൊബൈൽ ഫോണിനെ കൂടുതലായി ആശ്രയിക്കുക, അപകടകരമായ വിധം ഫോണുമായി ഗാഢബന്ധത്തിലാകുക തുടങ്ങിയ കാര്യങ്ങളുടെയും ലക്ഷണങ്ങളാണെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ.

## വെർച്വൽ പേഴ്സണാലിറ്റീസ്

ഓൺലൈൻ ഐഡന്റിറ്റി ആണിപ്പോ എല്ലാവർക്കും താത്പര്യം. ഫെയ്ക് ആണേലും കുഴപ്പമില്ലന്ന മട്ട്. ആർട്ടിഫിഷ്യൽ ഇന്റലിജന്റിനെ ഒരിക്കലും കുറച്ചു കളയുകയല്ല. ഓൺലൈൻ ക്ലാസ്സുകളിൽ നിന്ന് ഓഫ്‌ലൈനിലേക്ക് വീണ്ടും വന്നപ്പോൾ കുറേ ആളുകളുടെ കോൺഫിഡൻസ് ലെവൽ കുറഞ്ഞു. സെൽഫ് എസ്റ്റീം ഇല്ലാതായി. മുഖത്തു നോക്കി കാര്യങ്ങൾ പറയാൻ ഭയവും മടിയും കാണപ്പെടുന്നു. മറ്റൊരു പ്രധാന സംഗതി സമയത്തെ കൊല്ലുന്നതാണ്. ഒന്നിൽ നിന്ന് ഒന്നിലേക്ക് ചാടി കളിപ്പിക്കുന്ന ഇൻസ്റ്റഗ്രാം റീൽസ്, എത്ര മണിക്കൂറുകൾ കളിച്ചാലും ദേ ഞാനിപ്പം തുടങ്ങിയതേ ഉള്ളൂ എന്നു പറയിപ്പിക്കുന്ന വീഡിയോ ഗെയിംസ്, അനങ്ങുകയേ വേണ്ട; കളിക്കുന്ന കണ്ടോണ്ടങ്ങിരുന്നാ മതി എന്നു പറയുന്ന ലൈവ് പ്ലേയേഴ്സ്, മൊത്തത്തിൽ വെർച്വൽ ഐഡന്റിറ്റി നമ്മുടെ സമയത്തെ കൊല്ലുന്നുണ്ടോ എന്ന് മനസ്സിലാക്കണം എന്നാണ് കവി ഉദ്ദേശിച്ചത്. നിങ്ങളുടെ വീട്ടുകാർ മേൽപറഞ്ഞ സംഗതികൾ നിങ്ങളിൽ കണ്ടിട്ടെങ്ങാനുമാണ് പറഞ്ഞതെങ്കിൽ ബ്രോ നിയന്ത്രണങ്ങൾ സ്വയമോ മറ്റുള്ളവരുടെ സഹായത്താലെയോ ഏർപ്പെടുത്തേണ്ടതുണ്ട്. കൂട്ടുകാർക്കൊന്നും കുഴപ്പമില്ലന്ന് പറഞ്ഞ് ജനറലൈസ് ചെയ്യേണ്ട ഒരു കാര്യമല്ലിത് എന്നതാന്ന് അതിന്റെ ഒരു ഇത്.

## Dopamine fasting

മോട്ടിവേഷനും മൂവ്മെന്റിനും നമ്മെ സഹായിക്കുന്ന നമ്മുടെ തലച്ചോറിലെ അത്ഭുതകരമായ തന്മാത്രകളാണ് ഡോപ്പാമിൻ (Dopamine). യഥാർത്ഥത്തിൽ സ്മാർട്ട് ഫോണിൻെറ ദുരുപയോഗവും മറ്റും ഡോപ്പാമിൻ പോലുള്ള തന്മാത്രകളെ ബേസ് ലൈനിൽ നിന്ന് ഡ്രോപ്പ് ചെയ്യുകയാണ് ചെയ്യുന്നത്. ഉദാഹരണത്തിന് പുകവലിക്കുന്ന ആൾക്ക് ആദ്യ നാളുകളിൽ ഒന്നും രണ്ടും മതിയായിരുന്നു അതിൽ നിന്നും സന്തോഷം കിട്ടാൻ. എന്നാൽ, കുറേ കഴിഞ്ഞപ്പോൾ ഒരു പായ്ക്കറ്റ് വലിച്ചാലും തൃപ്തി വരാത്ത അവസ്ഥ. അതുകൊണ്ട് ഡോപ്പാമിൻ അതിന്റെ ബേസ് ലൈനിൽ നില നിറുത്തേണ്ടതുണ്ട്. ഇതിന് ഡോപ്പാമിൻ ഫാസ്റ്റിംഗ് (Dopamine fasting) വളരെ ഫലപ്രദമാണെന്ന് Dopamine Nation എന്ന ബുക്കിൽ Dr. Anna Lembke പ്രസ്താവിക്കുന്നു. കൂടുതൽ പ്രശ്നത്തിലേയ്ക്ക് കടന്നവർ ഡോപ്പാമിൻ ഫാസ്റ്റിംഗ് ശരിയായ നിർദേശാനുസരണം ചെയ്യുന്നതാണ് നന്ന്.

## ലൈഫ് വിത്ത് എ പർപ്പസ്

'Life is not about finding yourself. life is about creating yourself' പറഞ്ഞത് George Bernard Shaw. ഒരു purpose ഓടു കൂടിയുള്ള ജീവിതം ഒരിക്കലും നമ്മെ സ്മാർട്ട് ഫോണിലും മറ്റും തളച്ചിടില്ല. എന്നാൽ റെഡിയല്ലേ വാര്യരേ .... ഒരു യൂ ടേണിന്... ശരി Set...




# ന്യൂസ് ഹൈലൈറ്റ്സ്

കഴിഞ്ഞ ദിവസങ്ങളിലെ വാർത്തകളുടെ പുനർവായനയ്ക്കായി ഈ കോളം നോക്കാം. മറ്റു പ്രസിദ്ധീകരണങ്ങളിലെ ശ്രദ്ധേയമായത് ശ്രീ. സണ്ണി കോക്കാപ്പിള്ളിൽ തെരഞ്ഞെടുത്ത് അവതരിപ്പിക്കുന്നു.

## വെഞ്ചരിച്ച കുരുത്തോലകൾ എന്തു ചെയ്യണം?

വെഞ്ചരിച്ച കുരുത്തോലകൾ എങ്ങനെ കൈകാര്യം ചെയ്യണമെന്ന് പലർക്കുമറിയില്ല. ചിലർ അലക്ഷ്യമായി ഇടുന്നു. ഒരു വർഷം കഴിയുമ്പോൾ പഴയത് എന്തു ചെയ്യും? ഇതിനുള്ള ഉത്തരം pravachakasabdam.com എന്ന ഓൺലൈൻ മാധ്യമത്തിൽ വായിക്കാവുന്നതാണ്.







## സർവോദയം കുര്യനെ മറന്നു പോയോ?

പുതിയ തലമുറയ്ക്ക് പരിചിതമല്ലാത്ത പേരാണ് സർവോദയം കുര്യൻ. 1999-ൽ അദ്ദേഹം മരണപ്പെട്ടു. അദ്ദേഹം ചെയ്ത സേവനങ്ങൾ അറിഞ്ഞിരുന്നുവെങ്കിൽ ഇന്നത്തെ യുവജനങ്ങളുടെ റോൾ മോഡലായി അദ്ദേഹം മാറുമായിരുന്നു. 600-ഓളം അനാഥക്കുഞ്ഞുങ്ങൾക്ക് രക്ഷ നൽകിയ മനുഷ്യസ്നേഹിയാണദ്ദേഹം. സേവനം നടത്താത്ത ഒരു മേഖലയുമില്ല. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ അടുത്തറിഞ്ഞാൽ ഇങ്ങനെയൊരു മനുഷ്യൻ ജീവിച്ചിരുന്നുവോ എന്ന് കേൾവിക്കാർ സംശയിക്കും. എറണാകുളം വൈപ്പിൻ കേന്ദ്രമാക്കിയായിരുന്നു അദ്ദേഹത്തിന്റെ പ്രവർത്തനം. ഏപ്രിൽ 7-ലെ സത്യദീപത്തിൽ കവർസ്റ്റോറിയായി കൊടുത്തിരിക്കുന്നത് സർവോദയം കുര്യനെപ്പറ്റിയാണ്.

## കായേന്റെ പൈശാചികോർജ്ജം

ലോകത്ത് യുദ്ധമായി പരിണമിക്കുന്നത് കായേന്റെ പൈശാചികോർജമാണെന്ന് ഫ്രാൻസിസ് മാർപാപ്പ പറഞ്ഞത് യുദ്ധത്തിന്റെ അധാർമികതയെ ചൂണ്ടിക്കാണിക്കാനാണ്. മാൾട്ട സന്ദർശനത്തിനിടെ നിരവധി വിഷയങ്ങളെപ്പറ്റി പാപ്പാ സംസാരിക്കുകയുണ്ടായി. പാപ്പായുടെ സംഭാഷണം kcbcnews.com-ൽ നമുക്കു വായിക്കാവുന്നതാണ്. ലോകത്തെ സമകാലിക പ്രശ്നങ്ങളെ എടുത്തു കാണിക്കുകയും പരിഹാരം നിർദേശിക്കുകയും ചെയ്യുന്ന പാപ്പായുടെ വാക്കുകൾ ഏറെ ശ്രദ്ധേയമാണ്.

## പത്മശ്രീ സി. സുധാ വർഗീസിന്റെ പ്രവർത്തനങ്ങൾ

ബീഹാറിൽ നിന്നും പത്മശ്രീ നേടിയ സി. സുധാ വർഗീസിനെപ്പറ്റി നമ്മിലധികം പേർക്ക് അറിയില്ല. ബീഹാർ, യു.പി. എന്നിവിടങ്ങളിലായി 28 ലക്ഷം പേരുള്ള മുസാഫിർ വംശജരുടെ ഇടയിൽ പ്രവർത്തിച്ച് അവരെ മനുഷ്യരാക്കി മാറ്റിയ മഹദ് വ്യക്തിയാണ് സി. സുധ വർഗീസ്. എലിയെ തൊലി പൊളിച്ച് തിന്നുന്നതായിരുന്നു മുസാഫിർ വംശജരുടെ ഇഷ്ട ഭക്ഷണം. സിസ്റ്ററിന്റെ പ്രവർത്തനങ്ങളെ അടുത്തറിയാൻ സോഫിയ ടൈംസ് പ്രസിദ്ധീകരിച്ച ലേഖനം നമ്മെ സഹായിക്കും.





## മലയാറ്റൂരിലെ പൊന്നിൻ കുരിശിന്റെ ചരിത്രം

കഴിഞ്ഞ രണ്ടു വർഷമായി മന്ദഗതിയിലായെങ്കിലും ഈ വർഷം മുതൽ മലയാറ്റൂർ തീർഥയാത്ര കൂടുതൽ സജീവമായിത്തീർന്നു. 1900-ൽപരം വർഷങ്ങൾക്കു മുൻപ് സംഭവിക്കുകയും ക്രമാനുഗതമായി അതിന്റെ ഓർമ ആഘോഷിക്കുകയും ചെയ്തതിന്റെ ചരിത്രമാണ് മലയാറ്റൂരിലേത്. ഓരോ നോമ്പുകാലത്തും വ്രതാനുഷ്ഠാനങ്ങളോടെ പതിനായിരങ്ങൾ തോമാശ്ലീഹായുടെ ഈ കുടീരത്തിലേക്ക് ആശ്വാസത്തിനായി കടന്നു വരുന്നു. ചരിത്രമുറങ്ങുന്ന നിരവധി കാര്യങ്ങൾ മലയാറ്റൂരിനുനുണ്ട്. ഇവയെല്ലാം വളരെ വിശദമായി മനസ്സിലാക്കാൻ പറ്റുന്ന ഒരു വീഡിയോ kcbcnews.com-ൽ നമുക്കു കാണാം.

## വത്തിക്കാൻ വിശേഷങ്ങൾ ആദ്യമായി ഇന്ത്യൻ സൈൻ ഭാഷയിൽ


വത്തിക്കാൻ വിശേഷങ്ങൾ ആദ്യമായി ഇന്ത്യൻ സൈൻ ഭാഷയിൽ കാണാനുള്ള സൗകര്യം ഉണ്ടായിരിക്കുന്നു. ബധിരരെ സംബന്ധിച്ചിടത്തോളം ഏറെ ആശ്വാസകരമാണ് ഈ സംരംഭം. കെസിബിസിയുടെ ഐക്കൺ മീഡിയ ഓൺലൈൻ ചാനലിൽ സോൾ വത്തിക്കാൻ ന്യൂസിൽ കാണാനാവും.



## ഫാത്തിമാ സന്ദേശത്തെ എങ്ങനെ വ്യാഖ്യാനിക്കണം?

ഫാത്തിമാ സന്ദേശം മനുഷ്യന് ഒരു പ്രഹേളികയാണ്. അതിനെപ്പറ്റി നിരവധി വ്യാഖ്യാനങ്ങൾ നമുക്കു വായിക്കാൻ കഴിയും. ഇതൊരു സ്വകാര്യ വെളിപാടായതിനാൽ ഇതിന്റെ വ്യാഖ്യാനം പലപ്പോഴും വിവാദമായി മാറുന്നു. കത്തോലിക്കാ സഭയാണ് ഇതിനൊക്കെ തീർപ്പു കൽപിക്കേണ്ടത്. ഫാത്തിമാ സന്ദേശവുമായി ബന്ധപ്പെട്ട് വിവാദപരമായ അനേകം വ്യാഖ്യാനങ്ങൾ ഇന്നു നിൽക്കുന്നതിനാൽ സഭയുടെ ഔദ്യോഗിക പഠനമെന്താണെന്ന് നാമറിഞ്ഞിരിക്കണം. 2021 മേയ് 15-ലെ സത്യദീപത്തിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന പഠനം സന്ദേശത്തെ വ്യക്തമായി മനസ്സിലാക്കാനും സഭാത്മകമായി വ്യാഖ്യാനിക്കാനും നമുക്കു കഴിയും.

# ജീസസ് യൂത്ത് വിചിന്തനം




2022 ജനുവരി 21ന് വിടപറഞ്ഞ ജീസസ് യൂത്ത് അജ്ന ജോർജിന്റെ ജീവിതത്തെക്കുറിച്ച് തയ്യാറാക്കിയ 'ദിവ്യ കാരുണ്യത്തിന്റെ വാനമ്പാടി' എന്ന പുസ്തകത്തിന്റെ അവസാന അധ്യായത്തിന് എന്തു തലക്കെട്ട് നൽകണമെന്നു ചിന്തിക്കുകയായിരുന്നു. ദൈവാത്മാവ് പ്രേരിപ്പിച്ചതനുസരിച്ച് ഒരുവാക്ക് മനസ്സിൽ തെളിഞ്ഞുവന്നു, 'കിൻസുഗി'. ജപ്പാനിലെ ഒരു പരമ്പരാഗത കലാരൂപമാണ് കിൻസുഗി. ഒരു കളിമൺ പാത്രമോ ഫ്ളവർ വാസോ ഒക്കെ ഉടഞ്ഞു പോയാൽ സാധാരണയായി നമ്മൾ എന്താണ് ചെയ്യുന്നത്? അതിന്റെ ഉടഞ്ഞ കഷണങ്ങൾ വാരിക്കൂട്ടി വെയിസ്റ്റ് ബോക്സിൽ ഉപേക്ഷിക്കും, അല്ലേ? എന്നാൽ, കിൻസുഗി ആർട്ടിസ്റ്റുകൾ ചെയ്യുന്നത് എന്താണെന്നോ? അവർ ആ കഷണങ്ങൾ തുടച്ചു വൃത്തിയാക്കും. എന്നിട്ട് പശ ചേർത്ത കുഴമ്പു രൂപത്തിലുള്ള സ്വർണ മിശ്രിതം കൊണ്ട് ശ്രദ്ധാപൂർവം ഒട്ടിച്ചുചേർക്കും. ഉണങ്ങിക്കഴിയുമ്പോൾ ആ പാത്രം ആദ്യത്തേതിനേക്കാൾ ഭംഗിയുള്ളതായി മാറും. അതിന്റെ തകർന്നുപോയ ഭാഗങ്ങളിൽ സ്വർണ മിശ്രിതം പുരണ്ടിരിക്കുന്നതിനാൽ അവിടം കൂടുതൽ ആകർഷകമായി മാറും.

കിൻസുഗി ചെയ്ത കളിമൺ പാത്രങ്ങൾക്ക് മൂല്യമേറും. കാരണം ഇപ്പോൾ അതിന്റെ വില കളിമണ്ണിന്റെ വിലയല്ല, അതിന്റെ മുറിവുകളിൽ പുരട്ടിയിരിക്കുന്ന സ്വർണ മിശ്രിതത്തിന്റെ വിലയാണ്. എവിടെയൊക്കെയാണ് ഉടഞ്ഞതെന്നറിയാൻ സ്വർണവർണമുള്ള ഭാഗങ്ങൾ ശ്രദ്ധിച്ചാൽ മതി. അതിലൂടെ കണ്ണോടിച്ചാൽ തകർന്നു പോയ ചരിത്രം മുഴുവൻ കണ്ടെത്താമെങ്കിലും ആ മുറിപ്പാടുകൾ മുഴുവൻ സുവർണ സൗഖ്യത്താൽ പൊതിഞ്ഞിരിക്കുന്നതിനാൽ ആ പാത്രം ഇപ്പോൾ ഉടയാത്ത പാത്രങ്ങളേക്കാൾ സൗന്ദര്യമുള്ളതായി മാറിയിരിക്കുന്നു.

വല്ലാതെ പരിക്കേറ്റ് തകർന്നു പോയ ജീവിതമായിരുന്നു അജ്നയുടേത്. ഒരർഥത്തിൽ എല്ലാംകൊണ്ടും പരാജയമായി മാറിയ ജീവിതം. എന്നാൽ, ജീവിതത്തെ ഒരു കിൻസുഗിക്ക് സ്വയം വിധേയമാക്കിയതുകൊണ്ടാണ് അജ്നയുടെ ജീവിതം ഇന്ന് ലോകം ഇത്രമേൽ താത്പര്യത്തോടെ നോക്കിക്കാണുന്നത്. വേണമെങ്കിൽ അവൾക്ക് ദൈവസ്നേഹത്തെ ചോദ്യം ചെയ്യാമായിരുന്നു. 'സർക്കോമ' എന്ന ക്യാൻസർ ബാധിച്ച് വൈരൂപ്യം നിറഞ്ഞ തന്റെ മുഖം കണ്ണാടിയിൽ കണ്ട് വാവിട്ട് കരയാമായിരുന്നു. ആളുകളുടെ മുന്നിൽ പ്രത്യക്ഷപ്പെടാതെ മുറിയിൽ അടച്ചുപൂട്ടി കഴിയാമായിരുന്നു. ചെറിയ ഒരു തലവേദനയോ ക്ഷീണമോ വന്നാൽപ്പോലും നമ്മിൽ ചിലരൊക്കെ ചെയ്യാറുള്ളതുപോലെ പള്ളിയിൽ പോകാൻപോലും മടികാണിക്കാമായിരുന്നു. എന്നാൽ, അവൾ അങ്ങനെയല്ല ചെയ്തത്. മരണം തൊട്ടുമുൻപിൽ എത്തിനിൽക്കുന്നു എന്ന് ഉറപ്പുണ്ടായിരുന്നിട്ടും അവസാന ദിവസങ്ങളിൽ പോലും എന്തൊരാവേശത്തോടെയാണ് അവൾ നമ്മുടെ പോൾ കോഴ്സിലെ ആക്ടിവിറ്റികൾ ചെയ്തു തീർത്തത്! സ്തുതിയുടെയും കൃതജ്ഞതയുടെയും സെഷന്റെ ഒരു ആക്റ്റിവിറ്റിയായി അവൾ എഴുതിയ വരികൾ അവളുടെ ജീവിത ദർശനത്തെ പൂർണമായും പ്രതിഫലിപ്പിക്കുന്നതാണ്. നാളുകൾ എണ്ണപ്പെട്ടുകഴിഞ്ഞ ഒരാൾ തന്റെ മുറിവുകളെയും വേദനകളെയും നോക്കി ദൈവത്തിനു നന്ദി പറയുന്നു. അവൾ പോയിക്കഴിഞ്ഞപ്പോൾ ആ വാക്കുകളിൽ അഗ്നി ജ്വലിക്കുകയാണ്. നാം ധ്യാനിക്കേണ്ട ഒരു പ്രാർഥനയായി അതു മാറിയിരിക്കുന്നു. കടലാസിലേക്കു കുറിക്കുന്നതിനു മുൻപ് എത്രയോ തവണ അവൾ ഈ വരികൾ ഹൃദയത്തിൽ ഉരുവിട്ടിട്ടുണ്ടാകും!

"എനിക്കായുള്ള അത്ഭുതങ്ങൾ വൈകുമ്പോഴും
എന്റെ വിശ്വാസം ശിഥിലമാകുമ്പോഴും
എനിക്കു സ്നേഹിക്കാൻ കഴിയാത്തപ്പോഴും
എന്റെ പ്രാർഥനകൾക്കുത്തരമില്ലാത്തപ്പോഴും
എന്റെ ശക്തി ക്ഷയിക്കുമ്പോഴും
എന്റെ ഭാവി ഇരുൾമൂടുമ്പോഴും
എന്റെ പ്രത്യാശ നശിക്കുമ്പോഴും
എനിക്കു വേല ചെയ്യാനാകാത്തപ്പോഴും
ഞാൻ രോഗിയും പരിക്ഷീണിതയുമാകുമ്പോഴും
എന്നെ ദൗർഭാഗ്യം വലയം ചെയ്യുമ്പോഴും
എന്റെ ഹൃദയം തകരുമ്പോഴും
എന്റെ സ്വപ്നങ്ങൾ ചിതറി വീഴുമ്പോഴും
എന്റെ കർത്താവിനെ ഞാൻ സ്തുതിക്കും
അവിടത്തേക്ക് എന്നേയ്ക്കും നന്ദി പറയും".

വേദനകളോർത്ത് ദൈവത്തെ പഴിക്കുകയോ നഷ്ടപ്പെട്ടവയെ ഓർത്ത് പരാതിപ്പെടുകയോ ചെയ്യാതെ, താൻ നട്ടു വളർത്തിയ തക്കാളി ച്ചെടിയിൽ കായുണ്ടായതിന്, റോസാച്ചെടി യിൽ പൂവ് വിരിഞ്ഞതിന്, തുടങ്ങി കൊച്ചു കൊച്ചു കാര്യങ്ങളോർത്ത് അവൾ തമ്പുരാന് നന്ദി പറഞ്ഞുകൊണ്ടിരുന്നു. അജ്ന ഒരു കലാകാരിയായിരുന്നു, അവൾ ഭംഗിയായി ചിത്രം വരയ്ക്കുമായിരുന്നു. എന്നാൽ, അവൾ ആർജിച്ചെടുത്ത ഒരു ജീവിത കലയുണ്ടായി രുന്നു. ദേഹം മുഴുവൻ മുറിപ്പാടുകളായിരു ന്നെങ്കിലും തന്റെ മനസ്സിലും അന്തരാത്മാവി ലുമുണ്ടായ നൊമ്പരങ്ങളെ ദിവസേന ഒരു സുവർണ സൗഖ്യത്തിനു വിധേയമാക്കുന്ന സുന്ദരകല. ദിവസേനയുള്ള ദിവ്യകാരുണ്യ സ്വീകരണമായിരുന്നു അത്. പരിശുദ്ധ കുർബാ നയോളം തന്നെ ബലപ്പെടുത്തുന്ന മറ്റൊന്നി ല്ലെന്ന് കുഞ്ഞുന്നാളിലേതന്നെ കിട്ടിയ ബോധ്യ മാണ് തകർന്നു പോകാതെ പിടിച്ചുനിൽ ക്കാൻ അവസാന മണിക്കൂർ വരെ അവളെ സഹായിച്ചത്. അജ്നയുടെ കിൻസുഗി ദിവ്യ കാരുണ്യമായിരുന്നു.

ചുറ്റും ഇരുട്ട് നിറഞ്ഞപ്പോൾ അജ്ന തന്റെ നോട്ട് ബുക്കിൽ കുത്തിക്കുറിച്ച ഈ വാക്കുകൾ അവളുടെ സർവ ആശ്രയവും പ്രത്യാശയും ആരിലാണ് അർപ്പിച്ചിരുന്നതെ ന്നതിന്റെ നേർസാക്ഷ്യമാണ്:

"പ്രത്യാശിക്കാനും അവലംബിക്കാനും ലോകത്തിൽ ഒന്നും ഇല്ലാതെയായാലും ചോദ്യങ്ങൾക്ക് ഉത്തരമില്ലാതെയായാലും ജീവിതത്തിന്റെ അർഥം മനസ്സിലാകാതെ വന്നാലും എല്ലാം നന്മയ്ക്കായി പരിണമിപ്പി ക്കുന്ന, തന്നെ ആശ്രയിക്കുന്നവരെയും അവസാനംവരെ പിടിച്ചു നിൽക്കുന്നവരെയും എന്നും കാക്കുന്ന, ജീവിക്കുന്ന ഒരു ദൈവ മുണ്ടെന്ന് ദിനവും എന്നെ ഓർമിപ്പിക്കുന്നു ദിവ്യ കാരുണ്യം".

നല്ല ദൈവമേ, എന്റെ ജീവിതത്തിലും നിന്റെ സുവർണ സൗഖ്യം ആവശ്യമുള്ള അനേകം മേഖലകളുണ്ട്. പ്രതിസന്ധികളിൽ മനം മടുത്ത് തളർന്നിരിക്കാതെ തിരുവചനത്താലും കൂദാശകളാലും സ്വയം ജീവിതത്തെ ബല പ്പെടുത്തി, പിടഞ്ഞെഴുന്നേറ്റ് മുന്നോട്ട് പോകാൻ എനിക്കും സാധിക്കട്ടെ. അങ്ങനെ പരീക്ഷണങ്ങളിലൂടെ ഞാനും സ്വർണം പോലെ പ്രകാശിക്കട്ടെ.

***ഫാ. ജോസഫ് കുമ്പുക്കൽ (സാബു തോമസ്)***

*കൊച്ചി സേക്രഡ് ഹാർട്ട് കോളേജിലെ ഇംഗ്ലീഷ് വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസറും ജീസസ് യൂത്ത് ചാപ്ലൈനുമാണ് സാബു അച്ചൻ. അദ്ദേഹത്തിന്റെതന്നെ വിദ്യാർഥിയും പിന്നീട് സഹപ്രവർത്തകയുമായി മാറിയ അജ്നയെക്കുറിച്ചുള്ള 'ദിവ്യകാരുണ്യത്തിന്റെ വാനമ്പാടി' എന്ന പുസ്തകത്തിന്റെ (ബെസ്റ്റ്സെല്ലർ) സഹരചയിതാവുമാണ്.*

## വെളിച്ചം കിട്ടിയപോലെ

എനിക്കാവശ്യമായ സമയത്താണ് ഈ വിചിന്തനം കിട്ടുന്നത്. ഒരു വെളിച്ചം കിട്ടുന്നപോലെയാണ് എനിക്കിത് വായിച്ചപ്പോൾ തോന്നിയത്. പ്രാർഥന കൾക്കൊക്കെ ഉത്തരം കിട്ടുമെന്നും കർത്താവ് ഓരോരോ അത്ഭുതങ്ങൾ ജീവിത ത്തിൽ ചെയ്യുമെന്നുമുള്ള വിശ്വാസം ഒന്നുകൂടെ ബോധ്യപ്പെട്ടു. നിരന്തരമായ ക്രിസ്തുവിന്റെ സാന്നിധ്യം അനുഭവിച്ചു കൊണ്ടിരിക്കുമ്പോൾ നന്ദി പറയാനും പാട്ടുപാടി സന്തോഷിക്കാനുമൊക്കെ വളരെ എളുപ്പമായി എനിക്ക് തോന്നാറുണ്ട്. പക്ഷേ, സഹനങ്ങളിലൂടെ കടന്ന് പോകുമ്പോൾ, എന്റെ പ്രാർഥനകൾക്ക് ഉത്തരം കിട്ടാതെ വരുമ്പോൾ, ക്രിസ്തുവിന്റെ സാന്നിധ്യം കാണാൻ പോലും പറ്റാതെ വരുമ്പോൾ ഞാൻ എങ്ങനെയായിരിക്കണം എന്നാണ് എന്നെ ചിന്തിപ്പിച്ച കാര്യം.

എന്റെ ജീവിതത്തിൽ ഉണ്ടാകുന്ന ഒരു സഹനവും വെറുതെയാവില്ലെന്നും അതിൽ തന്നെ അവസാനിക്കുന്നില്ലായെന്നും എനിക്ക് മനസ്സിലായി. "അവിടന്നെന്നെ പരീക്ഷിച്ചു കഴിയുമ്പോൾ ഞാൻ സ്വർണം പോലെ പ്രകാശിക്കും" എന്ന് തിരുവ ചനം പറയുന്നത് പോലെ, സഹനങ്ങളെല്ലാംതന്നെ ഞാനായിരിക്കേണ്ട ഒരവസ്ഥ യിലേക്ക് എന്നെ രൂപപ്പെടുത്തുന്ന ഒരു പ്രക്രിയയായിട്ടാണ് ഈയൊരു വിചിന്ത നത്തിലൂടെ കടന്നുപോയപ്പോൾ തിരിച്ചറിയാൻ കഴിഞ്ഞത്. ജീവിതത്തിൽ ഉണ്ടാകുന്ന മുറിവുകളും ബുദ്ധിമുട്ടുകളുമൊക്കെ പിന്നീട് തമ്പുരാൻ നന്മയായിട്ട് മാറ്റുന്നത് എനിക്കിതിലൂടെ മനസ്സിലാക്കാൻ സാധിച്ചു.

*അയോണ ഷാലി, അരൂർ*

---

## മുറിവുകൾ... തിരിച്ചറിവുകൾ

ഈയൊരു വിചിന്തനത്തിൽ, മുറിവുകളിലൂടെ കർത്താവ് എന്നെ ഒരുപാട് അനുഗ്രഹിക്കുന്നുണ്ടെന്നു തോന്നി. അത്തരത്തിലുള്ള സമയങ്ങളി ലാണ് കർത്താവിൽ കൂടുതൽ ആശ്രയിക്കാൻ എന്റെയുള്ളിൽ ചിന്ത വരുന്നത്. എന്റെ പഠനവുമായി ബന്ധപ്പെട്ട് കാനഡയിൽ പോകാൻ ഞാൻ തീരുമാനിച്ചപ്പോൾ കാര്യങ്ങളെല്ലാം റെഡിയായി വരുകയും അവസാനം അഡ്മിഷൻ കിട്ടി ഫീസട ക്കാൻ സമയമായപ്പോൾ ബാങ്കിൽ അപേക്ഷിച്ചിരുന്ന ഒരു ലോൺ ചില കാരണങ്ങ ളാൽ റിജക്റ്റ് ആവുകയും ചെയ്തു. അങ്ങനെ വളരെ പ്രതീക്ഷയോടെ കാത്തിരുന്ന ആ ഒരു കാര്യം നടക്കാതെ വന്നപ്പോൾ എനിക്ക് വല്ലാതെ വിഷമമായി.

അങ്ങനെയിരിക്കുന്ന സമയത്താണ് ഞാനൊരു പ്രാർഥനാ ഗ്രൂപ്പിന്റെ ഭാഗമാകുന്നത്. അതിനുശേഷം ആ ഒരു കൂട്ടായ്മയിൽ വച്ചാണ് എനിക്കെന്റെ ഭാവി കാര്യങ്ങൾ എങ്ങനെ വേണമെന്ന് കുറേക്കൂടി വ്യക്തതയോടുകൂടി മനസ്സിലാക്കാൻ സാധിച്ചത്. പ്രാർഥനാ ഗ്രൂപ്പിന് വേണ്ടി പോസ്റ്റർ ഉണ്ടാക്കി പോസ്റ്റ് ചെയ്യാനുള്ള ഉത്തരവാദിത്വം എനിക്കായിരുന്നു. പലരുടെ പിറകെ നടന്ന് അതെല്ലാം ചെയ്തു വരുന്നതിനിടയി ലാണ് സ്വയം പോസ്റ്ററുണ്ടാക്കാമല്ലോ എന്ന ചിന്ത എനിക്ക് ലഭിക്കുന്നത്. അങ്ങനെ ഞാൻ സ്വയം പോസ്റ്ററുണ്ടാക്കി പോസ്റ്റ് ചെയ്യാൻ തുടങ്ങിയപ്പോഴാണ് മീഡിയയു മായി ബന്ധപ്പെട്ട മേഖലയിലേക്കാണ് കർത്താവെന്നെ ഗൈഡ് ചെയ്യുന്നതെന്ന് എനിക്ക് മനസ്സിലാവുന്നത്. പഠനവും കാനഡ യാത്രയുമൊക്കെ തടസ്സപ്പെട്ടുണ്ടായ വിഷമമൊക്കെ മാറി. പിന്നീട് പ്രാർഥനാ ഗ്രൂപ്പിലൂടെ മീഡിയ ലോകത്തേക്ക് കടക്കു വാനും അതാണ് എന്റെ ഏരിയയെന്ന് മനസ്സിലാക്കി മുന്നോട്ട് നീങ്ങാനും എനിക്കി ടയായി. ഈയൊരു തിരിച്ചറിവ് എനിക്ക് വലിയൊരു അനുഗ്രഹമായി തീർന്നു.

*അശ്വിൻ, കൂനമ്മാവ്*



ഫമിലിയ/ഫാമിലികഫേ



റ്റാനിയ റോസ് ജോസൺ, കോട്ടയം

# സെപ്റ്റംബറിലെ പത്ത് ദിനങ്ങൾ

ഭയത്തിന്റെയും നിസ്സഹായതയുടെയും ഒപ്പം ഒറ്റപ്പെടലിന്റെയും നാളുകളിൽ ഉള്ളിലുയർന്ന പ്രാർഥനകളായിരുന്നു ഇരുട്ടിന്റെ താഴ്‌വരയിൽ ഞങ്ങൾക്ക് പിടിവള്ളിയായിരുന്നത്. പത്ത് ദിനങ്ങളെയോർക്കുമ്പോൾ അറിയാതെ ഞങ്ങൾ കൈകൾ കൂപ്പും.

## സെപ്റ്റംബർ 14

ഒരു യാത്ര കഴിഞ്ഞ് ഞങ്ങൾ തിരിച്ചെത്തിയതേയുള്ളൂ. നെഞ്ചിനുള്ളിൽ ആഴത്തിലെന്തോ മുറുകെ പിടിച്ചിരിക്കുന്ന പോലെ എനിക്ക് തോന്നി. എന്റെ തൊണ്ടയ്ക്ക് അലർജി യായിരിക്കുമെന്നാണ് ഞാൻ കരുതിയത്. ആദ്യദിവസം കുഴപ്പമില്ലാതെ പോയെങ്കിലും പിറ്റേന്ന് ഞങ്ങൾക്കെല്ലാവർക്കും ചെറുതായി പനിയുടെ ലക്ഷണങ്ങൾ കണ്ടു തുടങ്ങി. മഴയുള്ള കാലാവസ്ഥയായിരുന്നതിനാൽ ചിലപ്പോൾ അതാവാം കാര്യം എന്നുകരുതി വീട്ടിലുണ്ടായിരുന്ന മരുന്നുകൾ ഞങ്ങൾ കഴിച്ചു.

## സെപ്റ്റംബർ 16

കെയ്റോസ് ഗ്ലോബൽ മാസികയുടെയും കുട്ടികൾക്കുള്ള ബഡ്സ് മാസികയുടെയും എഡിറ്ററായി ജോലി ചെയ്തു വരുന്ന സമയമായിരുന്നു. സാധാരണയായി ഈ സമയത്ത് ബഡ്സ് മാസികയുടെ ഫയലുകൾ ഡിസൈനേഴ്സിന് അയക്കാറുണ്ടായിരുന്നു. പുതിയ ലക്കം ഗ്ലോബൽ മാസികയുടെ എഡിറ്റിംഗ് വർക്കുകളും നടക്കേണ്ട സമയമായിരുന്നു. എന്നാൽ, ഈ സമയം ഗ്ലോബൽ മാസികയുടെ വർക്ക് പൂർത്തിയാക്കാൻ ഞാൻ വളരെ പാടുപെടുകയായിരുന്നു. ബഡ്സ് മാസികയുടെ വർക്ക് തുടങ്ങിയിട്ടുമില്ല. ഇതിനിടയിൽ വീട്ടിൽ ഞങ്ങൾക്കെല്ലാവർക്കും നല്ല പനിയുമായി.

## സെപ്റ്റംബർ 17

എന്റെ അസുഖം ഒരൽപം ഭേദപ്പെട്ടു എന്ന് തോന്നിയതിനാൽ എന്റെ കുടുംബാംഗങ്ങളെ ശുശ്രൂഷിക്കാൻ എനിക്ക് സാധിച്ചു. അങ്ങനെയിരിക്കുമ്പോഴാണ് ഏകദേശം ഒരു മാസം മുൻപ് മാസികയുടെ എഴുത്തുകാരിൽ ഒരാൾ എനിക്ക് അയച്ചുതന്നിരുന്നു ഒരു സമർപ്പണ നൊവേന പ്രാർഥന എന്റെ ശ്രദ്ധയിൽപെട്ടത്. ലളിതവും ചെറുതുമായ ആ പ്രാർഥന ഞാനങ്ങനെ ചൊല്ലിത്തുടങ്ങി... "ദൈവമേ നീ എല്ലാം പരിപാലിക്കുക..." സാധാരണയായി പനി വന്നാൽ ഒന്നോ രണ്ടോ ദിവസം കഴിഞ്ഞ് അത് മാറി പോകാറുണ്ട്. എന്നാൽ, ഈ വൈറൽപനിയിൽ ഞാനമ്പരന്നു പോയി.

## സെപ്റ്റംബർ 18

സംസാരിക്കാൻ കൂടുതൽ ബുദ്ധിമുട്ട് തോന്നിയ ദിവസം. എന്റെയുള്ളിൽ ശ്വാസകോശത്തിൽ എന്തോ ഒന്ന് ഇറുകി പിടിച്ചിരിക്കുന്ന പോലെ തോന്നി. നന്നായി ശ്വാസമെടുക്കുമ്പോൾ വേദന അനുഭവപ്പെട്ടത് എന്നെ ഭയപ്പെടുത്തി. ഒറ്റ രാത്രി കൊണ്ട് മണവും രുചിയുമെല്ലാം നഷ്ടപ്പെട്ടതായി തോന്നി. ഒപ്പം കടുത്ത തലവേദനയും. ഞങ്ങൾ രണ്ടുപേരും രോഗികളായി തുടർന്നുവെങ്കിലും മകൾ വേഗം സുഖം പ്രാപിച്ചു. ഞങ്ങളുടെ അടുത്ത് കുടുംബാംഗങ്ങൾ ആരും തന്നെ ഉണ്ടായിരുന്നില്ല. വയ്യാതിരിക്കുന്ന ഈ അവസ്ഥയിൽ ഞങ്ങൾ വല്ലാതെ ഒറ്റപ്പെടുന്നതായി തോന്നി. മാതാപിതാക്കളും ബന്ധുക്കളും സുഹൃത്തുക്കളുമെല്ലാം എല്ലാ ദിവസവും ഞങ്ങളെ ഫോണിൽ വിളിച്ച് വിവരങ്ങൾ അന്വേഷിക്കുന്നുണ്ടായിരുന്നു. എന്റെയുള്ളിൽ ഒരേയൊരു പ്രാർഥന മാത്രം, "ദൈവമേ നീ എല്ലാം പരിപാലിക്കുക".

അടുത്ത ദിവസങ്ങളിൽ കാര്യങ്ങൾ കൂടുതൽ വഷളാകാൻ തുടങ്ങി. പാരസെറ്റമോൾ ഒരു ഫലവും നൽകാതായി. ഇതിനു മുൻപ് ഇത്തരം സന്ദർഭങ്ങളിൽ പനിയും ചുമയുമൊക്കെ വരുമ്പോൾ ഞങ്ങൾ കഫ്സിറപ്പ് കഴിക്കുമ്പോൾ ഉണ്ടാകുന്ന ആശ്വാസം അത്ഭുതകരമായിരുന്നു. എന്നാൽ, ഈ സമയത്ത് അത്ഭുതം സൃഷ്ടിച്ചിരുന്ന കഫ്സിറപ്പിന് ഒട്ടും ശക്തി ഇല്ലാത്തതു പോലെ തോന്നി. ഞങ്ങൾ ശരിക്കും അത്ഭുതപ്പെട്ടു; ഇത്രയും തീവ്രമാണോ കോവിഡ് എന്ന്

തോന്നി. എന്തായാലും ഗ്ലോബൽ മാസികയും ബഡ്സ് മാസികയും എങ്ങനെയോ ഈ പനിയുടെയും അസ്വസ്ഥതയുടെയും ഇടയിലൂടെ തയ്യാറായി വന്നു. എന്നിരുന്നാലും തല പൊളിയുന്ന വേദന, ചുവന്ന കണ്ണുകൾ, നെഞ്ചുപൊട്ടുന്ന ചുമ... പ്രാർഥന തുടർന്നു... "ദൈവമേ നീ എല്ലാം പരിപാലിക്കുക".

## സെപ്റ്റംബർ 22



എനിക്ക് ഓക്സിജന്റെ നില താഴ്ന്നു തുടങ്ങിയതായി പൾസ് ഓക്സിമീറ്റർ കാണിച്ചു തുടങ്ങി. ഞങ്ങൾ ഭയന്നത് പോലെതന്നെയായിരുന്നു ടെസ്റ്റ് റിസൾട്ട്. തലവേദനയോടൊപ്പം ഉണ്ടായിരുന്ന ചുമ അക്ഷരാർഥത്തിൽ എന്റെ ശ്വാസം എടുത്തുകളയുന്നത് പോലെ തോന്നി. ഒന്നും വായിക്കാൻ പോലും കഴിയാതെ പൂർണമായും കിടപ്പിലായ ഒരവസ്ഥ. കർത്താവിൽ എല്ലാം കരുതി കൊള്ളണമേയെന്ന് ഞാൻ പൂർണഹൃദയത്തോടെ പരിശുദ്ധ അമ്മയോട് പ്രാർഥിച്ചു. എന്നിട്ടും എന്തുകൊണ്ടാണ് ഇങ്ങനെയൊക്കെ? മകൾ വേഗം തന്നെ സുഖം പ്രാപിക്കാൻ തുടങ്ങി. പക്ഷേ, എന്റെ പനിക്ക് അപ്പോഴും ഒരു കുറവുമുണ്ടായില്ല. കഷ്ടിച്ചു പതിനൊന്ന് വയസ്സ് മാത്രം പ്രായമുള്ള മകളായിരുന്നു ഈ സമയത്തെല്ലാം ഞങ്ങളുടെ ശക്തി. എല്ലാദിവസവും ഞങ്ങളുടെ ഗ്ലാസ്സുകൾ എടുത്ത് അവൾ അതിൽ ചൂടു വെള്ളവും നിറച്ച് പിന്നീട് ആപ്പ് വഴി ഓഡർ ചെയ്ത ഭക്ഷണ വിഭവങ്ങളുമായി ഞങ്ങളുടെ അരികിൽ വന്ന് ഞങ്ങൾക്ക് അത് വിളമ്പിത്തന്നു.

ഞങ്ങളുടെ വീട്ടിൽ നിന്ന് അധികം അകലെയല്ലാതെ ജീസസ് യൂത്തിലെ മുതിർന്ന ഒരു കുടുംബം താമസിച്ചിരുന്നു. അവർ ഞങ്ങളുടെ വീടിന്റെ ഗേറ്റിൽ വരെ വന്ന് ഞങ്ങൾക്ക് ആവശ്യമായ സാധനങ്ങളും മരുന്നുകളുമൊക്കെ കൊണ്ടുവന്ന് തരുമായിരുന്നു. അവർക്ക് കോവിഡ് വന്ന് സുഖപ്പെട്ട് കുറച്ചു ദിവസങ്ങളേ ആയിട്ടുള്ളൂ. ആരുടെയും സഹായമില്ലാതെ കോവിഡിനെ അതിജീവിച്ച അവരുടെ നിസ്വാർഥത വളരെ ഹൃദയസ്പർശിയായി ഞങ്ങൾക്ക് തോന്നി. പ്രത്യാശയോടെ ഞാനെന്റെ പ്രാർഥന തുടർന്നു... "യേശുവേ എന്നോട് ക്ഷമിക്കണമേ, ദയവായി എന്നെ പരിപാലിക്കണമേ".

## സെപ്റ്റംബർ 24

അങ്ങനെ ഈ ദിവസമായപ്പോൾ പനി എന്നെ വിട്ടുപോയി, ഓക്സിജന്റെ അളവ് മെച്ചപ്പെടാൻ തുടങ്ങി. സമർപ്പണ നൊവേനയുടെ രണ്ടാം ദിവസം ആരംഭിക്കുന്നത് എന്നിൽ പൂർണമായി സമർപ്പിക്കുകയെന്ന് യേശു നമ്മോട് പറയുന്നതോടെയാണ്. അസ്വസ്ഥനാവുക അല്ലെങ്കിൽ പ്രത്യാശ നഷ്ടപ്പെടുക എന്നൊന്നുമല്ല ഇതുകൊണ്ട് അർഥമാക്കുന്നത്. എന്റെ ആകുലതകളും അസ്വസ്ഥതകളുമെല്ലാം ഒരു പ്രാർഥനയാക്കി മാറ്റുവാൻ എന്നോടാവശ്യപ്പെടുമെന്ന പോലെ. ശാന്തമായി കണ്ണുകളടച്ച് കഷ്ടതകളെക്കുറിച്ചുള്ള ആകുലതകൾ ഉപേക്ഷിച്ച് നമ്മുടെ സംരക്ഷണം പൂർണമായി ദൈവത്തിനെ ഏൽപിക്കുക എന്നതാണ് സമർപ്പണം എന്നെനിക്ക് തോന്നി. എന്റെ ജീവിതത്തിൽ ദൈവം ഇടപെട്ട് എല്ലാം പ്രവർത്തിക്കട്ടെ... "ദൈവമേ നീ എല്ലാം പരിപാലിക്കുക".

ഭയങ്ങളെല്ലാം വിട്ട് ദൈവത്തിൽ മാത്രം ആശ്രയിക്കുകയെന്നത് ഞങ്ങൾക്ക് ഈ നാളുകളിൽ ലഭിച്ച വലിയൊരു ഉൾക്കാഴ്ചയായിരുന്നു. അതുകൊണ്ടുതന്നെ, ചെയ്യേണ്ട പ്രധാന കാര്യംതന്നെ ചെയ്യുവാൻ ഞങ്ങൾക്കായി എന്നത് വലിയൊരു അനുഗ്രഹമായി കാണുന്നു. അതുമറ്റൊന്നുമല്ല, എന്റെ കുടുംബത്തിന്റെ ഈ നിസ്സഹായാവസ്ഥയിൽ ഞങ്ങൾ ക്രിസ്തുവിന്റെ ഇഷ്ടത്തിനും സമയത്തിനും അവിടത്തെ പദ്ധതികൾക്കും ഞങ്ങളെത്തന്നെ മുഴുവനായി വിട്ടുകൊടുക്കുകയായിരുന്നു. ആത്മാർഥമായ നന്ദിയോടെ ഞങ്ങൾ പ്രാർഥനയിൽ തുടർന്നു... "ദൈവമേ നീ എല്ലാം പരിപാലിക്കുകയായിരുന്നു" ■

വിശേഷ വാർത്ത



പയസ് തലക്കോട്ടൂർ, ഒമാൻ

# പാക്കിസ്ഥാനികൾക്കായ്

“ജനതകളുടെ ഇടയിലേക്കു നോക്കി വിസ്മയഭരിതരാകുവിൻ. പറഞ്ഞാൽ വിശ്വസിക്കാനാവാത്ത ഒരു പ്രവൃത്തി നിങ്ങളുടെ നാളുകളിൽ ഞാൻ ചെയ്യാൻ പോകുന്നു”.

ദൈവത്തെയും അവന്റെ സ്നേഹത്തെയും ഞങ്ങൾ അനുഭവിച്ചറിഞ്ഞപ്പോൾ, ആ നിമിഷം വരെ ഞങ്ങളുടെ മനസ്സിലുണ്ടായിരുന്ന എല്ലാ ധാരണകളെയും ദൈവം മാറ്റിമറിച്ചു. പാക്കിസ്ഥാനികൾക്കായ് ഒരു കൂട്ടായ്മ കെട്ടിപടുക്കുവാൻ ദൈവം ഞങ്ങളെ എങ്ങനെ ഉപയോഗിച്ചുവെന്നത് വിസ്മയകരമാണ്. പലതവണ മാതാവിന്റെ ഗ്രോട്ടോയുടെ മുന്നിൽ വന്നുനിന്നുകൊണ്ട് പാക്കിസ്ഥാനികൾ പരിശുദ്ധ കന്യകാമറിയത്തോട് പ്രാർഥിക്കുന്നതും ഞാൻ കണ്ടിട്ടുണ്ട്. പക്ഷേ, അവരാരും പള്ളിയിൽ കുർബാനയ്ക്ക് വരുന്നത് കണ്ടിട്ടില്ല. ഇവരിൽ ഭൂരിഭാഗവും അടുത്തുള്ള പെന്തക്കോസ്ത് പള്ളിയിൽ പോകാറുണ്ടെന്ന് പിന്നീടാണറിഞ്ഞത്. അവരുടെ ഭാഷയായ ഉറുദുവിൽ കുർബാനയില്ലായിരുന്നു എന്നതാണ് ഒരു പ്രധാന കാരണം. അവരിൽ ഭൂരിഭാഗവും മാതൃഭാഷയല്ലാതെ മറ്റൊരു ഭാഷയും അറിയാത്തവരായിരുന്നു. അവരുടെ ആത്മീയ വളർച്ചയ്ക്കായി പെന്തക്കോസ്ത് പള്ളിയിലെ ഉറുദു പ്രാർഥനാ ശുശ്രൂഷകളിൽ പങ്കെടുക്കുകയല്ലാതെ അവർക്ക് അക്കാലത്ത് മറ്റു മാർഗമുണ്ടായിരുന്നില്ല.



ഇതേസമയം, പള്ളിയിൽ വരുന്ന ആളുകളുടെ കാര്യങ്ങൾ നോക്കി, സജീവമായി ശുശ്രൂഷയിൽ ഏർപ്പെട്ടിരുന്ന ഒരു പാക്കിസ്ഥാനി യുവാവുമായി ഞങ്ങൾ പരിചയപ്പെടുകയുണ്ടായി. ആ സമയം വരെ ഞങ്ങൾ ദേവാലയത്തിൽ കണ്ട ഒരേയൊരു തീക്ഷ്ണമതിയായ കത്തോലിക്കൻ അവനായിരുന്നു. കുറച്ചുനേരത്തെ സംസാരത്തിനൊടുവിൽ ജീസസ് യൂത്ത് നടത്തുന്ന യുവജന റിട്രീറ്റിന്റെ മുന്നൊരുക്ക സമ്മേളനത്തിന് അദ്ദേഹത്തെ സ്നേഹപൂർവം ഞങ്ങൾ സ്വാഗതം ചെയ്തു.



കുറച്ചു മണിക്കൂറുകൾക്ക് ശേഷം ഞങ്ങളെ അത്ഭുതപ്പെടുത്തിക്കൊണ്ട് അദ്ദേഹത്തിന്റെ ഒരു ഫോൺ കോൾ വന്നു, യുവജന റിട്രീറ്റിൽ ആ വ്യക്തിയുടെ പങ്കാളിത്തം ഞങ്ങൾക്ക് ഉറപ്പു നൽകുകയും ഒപ്പം മറ്റൊരു സുഹൃത്തിനെ കൂടെ കൊണ്ടുവരുന്നതിനുള്ള അനുവാദവും ചോദിച്ചു. ഉറുദു ഗ്രൂപ്പിനായുള്ള ആദ്യപടികൾ പരിശുദ്ധാത്മാവ് ഒരുക്കുകയാണെന്ന് ഞങ്ങൾക്ക് അന്ന് മനസ്സിലായി, അവന്റെ പ്രവൃത്തികൾ ഞങ്ങൾക്ക് അത്യധികം സന്തോഷവും വിസ്മയവും ഉളവാക്കി. ഏറ്റവും അടുത്തയാഴ്ചതന്നെ ഏഴ് പാക്കിസ്ഥാനികളോടൊപ്പം ഉറുദു ഗ്രൂപ്പ് ആരംഭിക്കുവാൻ ദൈവം അനുവദിച്ചു. 2012ൽ ആരംഭിച്ച ഈ ഗ്രൂപ്പ് മിഡിലീസ്റ്റിലെ ആദ്യത്തെ ജീസസ് യൂത്ത് ഉറുദു ഗ്രൂപ്പാണ്. അങ്ങനെ മാസത്തിലൊരിക്കലെങ്കിലും വിശുദ്ധകുർബാനയ്ക്കുള്ള അവസരവും ആ സമൂഹത്തിനു ലഭിച്ചു. അങ്ങനെ പള്ളിയിൽത്തന്നെ എട്ട് ഭാഷകളിലുള്ള ഗ്രൂപ്പുകൾ തുടങ്ങാനിടയായി.

**അവന്റെ പ്രവൃത്തികൾ ഞങ്ങൾക്ക് അത്യധികം സന്തോഷവും വിസ്മയവും ഉളവാക്കി. ഏറ്റവും അടുത്തയാഴ്ച തന്നെ ഏഴ് പാക്കിസ്ഥാനികളോടൊപ്പം ഉറുദു ഗ്രൂപ്പ് ആരംഭിക്കുവാൻ ദൈവം അനുവദിച്ചു.**

അവരുടെ ആത്മീയവും കൗദാശികവുമായ ജീവിതത്തിലേക്ക് ദൈവം വളരെ വിശാലമായ ഒരു വാതിൽ ഈ ഗ്രൂപ്പിലൂടെ തുറന്നുതന്നു. ഓരോ ആഴ്ചയിലുമുള്ള കൂട്ടായ്മകളിൽ, അവർക്ക് വേദപാഠവും ബൈബിൾ ക്ലാസ്സുകളും ജീസസ് യൂത്തിലെ വ്യക്തികളിലൂടെ നൽകി. അതേപോലെതന്നെ മാസത്തിലൊരിക്കൽ ജീസസ് യൂത്ത് ഹൗസ്ഹോൾഡ് കൂട്ടായ്മയിലെ വിചിന്തനത്തിനും പഠനത്തിനുമായുള്ള മെറ്റീരിയൽ അവരോടൊപ്പം ഞങ്ങൾ പഠിക്കുകയും ചെയ്തിരുന്നു.

ക്രിസ്തുവിന്റെ സ്നേഹം അതിരുകൾക്കപ്പുറം, പാക്കിസ്ഥാനികളിൽ എത്തിയതിന്റെ ഒരു ശക്തമായ അടയാളമായിരുന്നു അവരുടെ സാമൂഹികവും ഭൗതികവുമായ ബുദ്ധിമുട്ടുകളിൽ ഞങ്ങളെ ഇടപെടാൻ അനുവദിച്ചത്. ഇന്ന് പരിശുദ്ധാത്മാവ് വ്യത്യസ്തമായ പ്രവൃത്തികളിലൂടെയും മിനിസ്ട്രികളിലൂടെയും ക്രിസ്തുവിനോടൊപ്പം പ്രവർത്തിക്കാൻ ഞങ്ങളെ ഉത്തേജിപ്പിക്കുന്നു. അവിടത്തെ കൃപയാൽ ഇന്ന് ഞങ്ങൾക്ക് മാസത്തിലൊരിക്കലെങ്കിലും അവരുടെ വിശുദ്ധ കുർബാനയിൽ പങ്കുകൊള്ളാൻ ഇടയാവുകയും അത് ദൈവത്തിന്റെ വചനം സത്യമാകുന്നതായി ഞങ്ങൾ കണക്കാക്കുകയും ചെയ്യുന്നു. അപ്പസ്തോല പ്രവർത്തനം 1,8ൽ ഇപ്രകാരം പറയുന്നു: "എന്നാൽ, പരിശുദ്ധാത്മാവു നിങ്ങളുടെമേൽ വന്നുകഴിയുമ്പോൾ നിങ്ങൾ ശക്തിപ്രാപിക്കും. ജറുസലെമിലും യൂദയാ മുഴുവനിലും സമരിയായിലും ഭൂമിയുടെ അതിർത്തികൾ വരെയും നിങ്ങൾ എനിക്കു സാക്ഷികളായിരിക്കുകയും ചെയ്യും". അങ്ങനെ മറ്റൊരു ദേശത്തിലേക്കും എത്തിച്ചേരുവാൻ സ്നേഹനിധിയായ ദൈവം ഞങ്ങളെ ഉപകരണങ്ങളാക്കി. എല്ലാ മഹത്വവും സ്തുതികളും ദൈവത്തിന്.

ഈ കൂട്ടായ്മയിലുള്ള അധികം ആൾക്കാരും പാകിസ്ഥാനിലെ സിയാൽകോട്ട് പ്രവിശ്യയിൽ പെട്ടവരാണ്. ഇവർ അവധിക്ക് പോകുമ്പോൾ അവിടെ ഒരു ജീസസ് യൂത്ത് കൂട്ടായ്മ അവരുടെ പ്രദേശങ്ങളിൽ രൂപപ്പെടുത്താൻ മുന്നോട്ടു വരുന്നുവെന്നത് ഏറെ സന്തോഷം. അവരിൽ പലരും അവിടെ ചെന്ന് പരിശീലന പരിപാടികളിൽ പങ്കെടുക്കുകയും, ആത്മീയമായ ജീവിതത്തിൽ കൂടുതൽ ആഴപെടുകയും ചെയ്യുന്നു. അതേസമയത്തുതന്നെ ഞങ്ങളുടെ ചെറുതും നിസ്സാരവുമായ പ്രവർത്തനങ്ങളിലൂടെ ഇത്തരം കാര്യങ്ങൾ സഫലീകരിക്കാൻ സഹായിച്ച ദൈവത്തോട് ഞങ്ങളെന്നും നന്ദിയുള്ളവരാണ് ■





റോസമ്മ ജേക്കബ്, ഇടപ്പള്ളി

# കൗമാരക്കാർ വായിച്ചറിയാൻ

## നന്നായി ജീവിക്കാനും ശ്രദ്ധയുള്ളവരാകാനും കുട്ടികൾക്കൊരു ഓർമപ്പെടുത്തൽ

നമ്മുടെ യാത്രക്കിടയിൽ അപകടം പതിയിരിക്കുന്ന പല സ്ഥലങ്ങളിലും ജാഗ്രത എന്ന ഇൻഡിക്കേഷൻ ബോർഡ് നമ്മൾ എല്ലാവരും തന്നെ ശ്രദ്ധിച്ചിട്ടുണ്ടാവും. നമ്മുടെ ആത്മീയ ജീവിതത്തിലും ജാഗ്രത തന്നെയാണ് നമ്മുടെ ആത്മരക്ഷയ്ക്ക് ആവശ്യമായിട്ടുള്ളത്. പഴയനിയമത്തിലും പുതിയ നിയമത്തിലുമൊക്കെ ദൈവവചനം പറയുന്നതും ജാഗ്രതയോടെ ജീവിക്കണമെന്ന് തന്നെയാണ്. ഉപമകളും പ്രബോധനങ്ങളുമെല്ലാം ഇതുതന്നെയാണ് നമ്മോട് പറയുന്നത്. "നാം കേട്ടിട്ടുള്ള കാര്യങ്ങളിൽ നിന്ന് അകന്നു പോകാതിരിക്കാൻ അവയിൽ കൂടുതൽ ശ്രദ്ധിക്കുക ആവശ്യമാണ്" (ഹെബ്രാ 2,1).

### ജാഗരൂകതയും ശ്രദ്ധയും

ജാഗരൂകതയും ശ്രദ്ധയുമൊക്കെ വേണമെന്ന് പറയുമ്പോൾ, ഒരു ധ്യാന ഗുരുവിന്റെ സന്ദേശമാണോർമവരുന്നത്. മെഡിക്കൽ സ്റ്റുഡൻസിന് ഹ്യൂമൻ ബോഡി ഓർഗൻസ് ഡെമോൺസ്ട്രേഷൻ ചെയ്തു കാണിക്കുകയായിരുന്നു. ഓരോ കുട്ടികളും ഇത് ചെയ്തു കാണിക്കുമ്പോൾ അറപ്പോ വെറുപ്പോ ഇല്ലാതെ വേണം ചെയ്യാനെന്ന് അദ്ദേഹം ഓർമിപ്പിച്ചു. ഡെമോൺസ്ട്രേഷനു വേണ്ടി ചത്ത ഒരു പട്ടിയുടെ ശരീരമാണ് അദ്ദേഹം വിദ്യാർഥികൾക്ക് നൽകിയത്. വിദ്യാർഥികൾ എല്ലാവരും വളരെ ഗ്ലാമറായി നിൽക്കുകയാണ്. അധ്യാപകൻ ഓരോ വിരൽകൊണ്ടും ഇന്റേണൽ ഓർഗൻസ് അവർക്കു മുൻപിൽ കാണിച്ചു കൊടുത്തു കൊണ്ട് വിവരിച്ചു. ഇടയ്ക്ക് ഒരു വിരൽ വായിൽ വയ്ക്കുകയും ചെയ്തു, എന്നിട്ട് വീണ്ടും തുടർന്നു. അങ്ങനെ കുട്ടികൾ ചെയ്യേണ്ട സമയമായി. ഓരോരുത്തരായി വന്ന് ചെയ്തു തുടങ്ങി, ഇടയ്ക്ക് ഒരു വിരൽ വായിൽ വച്ച് ഓരോരുത്തരും തുപ്പാനും ഛർദിക്കാനും തുടങ്ങി. അദ്ദേഹം ക്ലാസ്സ് നിറുത്തിയിട്ട് ശ്രദ്ധിച്ചു കേൾക്കാൻ പറഞ്ഞു. ഞാൻ നിങ്ങൾക്ക് മുൻപിൽ ഈ ക്ലാസ്സ് എടുത്തു കൊണ്ട് വിരൽ വായിൽ വച്ചത് എക്സാമിന് ഞാൻ ഉപയോഗിക്കാതിരുന്ന വിരലാണ്. അപ്പോഴാണ് കുട്ടികൾക്ക് അവരുടെ അശ്രദ്ധയും അബദ്ധവും മനസ്സിലായത്.



ഉണ്ടാകാൻ സാധ്യതയുള്ള അപകടങ്ങളും തകർച്ചകളും ഒഴിവാക്കാൻ ജാഗരൂകതയോടെയുള്ള ഒരു ശ്രദ്ധയുണ്ടെങ്കിൽ നമുക്ക് സാധ്യമാണ്. ഇളംപ്രായത്തിലും കൗമാര കാലഘട്ടത്തിലും മുതൽതന്നെ ഇത്തരം സ്വഭാവ സവിശേഷതകൾ കുട്ടികളിൽ വേരൂന്നി വളരണം. സ്നേഹം, സത്യം, നീതി, വിനയം തുടങ്ങിയ എല്ലാത്തരം മൂല്യങ്ങളിലും ശ്രദ്ധയുള്ളവരായി വളരുമ്പോൾ അവരുടെ 'നാളെ' പ്രകാശപൂർണമാകും. അനേകർക്ക് വെളിച്ചമായും വഴികാട്ടിയായും മാറാൻ അവർക്കു കഴിയും.

### പാപ്പായുടെ വാക്കുകൾ

'ക്രിസ്തു ജീവിക്കുന്നു' എന്ന ഫ്രാൻസിസ് പാപ്പായുടെ അപ്പസ്തോലിക ലേഖനത്തിന്റെ പ്രാരംഭത്തിൽ പറയുന്നു: "ഓരോ യുവക്രൈസ്തവനോടും ഞാൻ പറയാൻ ആഗ്രഹിക്കുന്ന ആദ്യ വാക്കുകൾ ഇവയാണ്. 'നിങ്ങൾ ജീവനുള്ളവരായിരിക്കുവിൻ' പാപ്പാ തുടരുന്നു, യുവജനങ്ങൾ സഭയുടെ 'ഇപ്പോൾ' ആണ്".



ജൂഹി എൽസ് ജോർജ്



സിന്റോ വി. വർഗീസ്

## ഫാ. കാസിമിർ സെഗ്ലെൻ



1893ൽ, ചിക്കാഗോ മേയർ തന്റെ വീട്ടിൽ വെടിയേറ്റു മരിച്ചു. ഈ സംഭവം, ജീവൻ രക്ഷാ കവചമായി ഒരു 'ബുള്ളറ്റ് പ്രൂഫ് വെസ്റ്റ്' കണ്ടുപിടിക്കാൻ ഫാ. കാസിമിർ സെഗ്ലെൻ (Fr Casimir Zeglen) എന്ന കത്തോലിക്കാ പുരോഹിതനെ പ്രചോദിപ്പിച്ചു. ചിക്കാഗോയിലെ സെന്റ് സ്റ്റാനിസ്ലോസ് കാത്തലിക് പള്ളിയിലെ ഇടവക വികാരിയായിരുന്നു അദ്ദേഹം. സ്റ്റീൽ ഷേവിംഗുകൾ, മോസ്, മുടി മുതലായവ ഉപയോഗിച്ച് ബുള്ളറ്റ് പ്രൂഫ് തുണി നിർമിക്കാൻ അദ്ദേഹം ശ്രമിച്ചു. എന്നാൽ, അത് വിജയം കണ്ടില്ല. പിന്നീട് അദ്ദേഹം സിൽക്ക് മെറ്റീരിയലിൽ എത്തിച്ചേർന്നു. പട്ടിന്റെ സ്വാഭാവിക ഗുണങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി സിൽക്ക് പാളികൾ തുന്നുന്നതിനുള്ള ഒരു പ്രത്യേക മാർഗം അദ്ദേഹം കണ്ടുപിടിച്ചു. സ്വന്തം കൈകൊണ്ട് ആ മേൽചട്ട നിർമിച്ച ശേഷം തെരുവിൽ പൊതുജന സാന്നിധ്യത്തിൽ ഒരു പരീക്ഷണത്തിന് അദ്ദേഹം സ്വയം തയ്യാറായി. ശരീരത്തിൽ വെടിയുണ്ടകൾ തുളച്ചുകയറാതെ ആ വെസ്റ്റ് പുരോഹിതന് സംരക്ഷിത കവചമായി. ഈ പരീക്ഷണ വിജയത്തോടെ ബുള്ളറ്റ് പ്രൂഫ് വെസ്റ്റ് എന്ന കണ്ടുപിടിത്തം ലോകത്തിനു സ്വന്തമായി. ഒരു കത്തോലിക്കാ പുരോഹിതനിലൂടെ ലോകത്തിനു ലഭിച്ച ഈ വിശിഷ്ട കണ്ടുപിടിത്തം കത്തോലിക്കാ സഭയുടെ ആരവങ്ങളില്ലാത്ത സേവനങ്ങളുടെ മറ്റൊരു സാക്ഷ്യമായി നമ്മുടെ മനസ്സിൽ നിലനിൽക്കട്ടെ.

ഡിജിറ്റൽ ലോകത്തിന് നല്ലതും ചീത്തയുമായ വശങ്ങളുണ്ട്. ഇവയെ ജാഗരൂകതയോടെ ഉപയോഗിക്കേണ്ടതാണ്. കാരണം, ഇവ കുടുംബ ബന്ധങ്ങളിൽ നിന്നും സാംസ്കാരികവും മതപരവുമായ മൂല്യങ്ങളിൽ നിന്നും പിൻമാറുന്നതിനും, ഏകാന്തതയുടെയും സ്വാർഥതയുടെയും ലോകത്തിലേക്ക് പ്രവേശിക്കുന്നതിനും, ക്രിയാത്മകമായ കാര്യങ്ങളിലുള്ള താത്പര്യം കുറയ്ക്കുന്നതിനും, തെറ്റായ വാർത്തകൾ സൃഷ്ടിക്കുന്നതിനും ഭീകരവാദം വളർത്തുന്നതിനുമൊക്കെ കാരണമാകുന്നു.

യുവജനങ്ങൾ തങ്ങളുടെ ജീവിതത്തെ യേശുവുമായുള്ള ബന്ധത്തിൽ നിലനിറുത്തണം. ഒരാൾ തന്നോടുതന്നെ വിശ്വസ്തത പുലർത്തണം. കർത്താവിന് നിന്നെക്കുറിച്ചുള്ള സ്വപ്നം സാക്ഷാത്ക്കരിക്കപ്പെടാൻ നീ നീതന്നെയാകണം. മറ്റൊരാളുടെ ജീവിതത്തെ കോപ്പിയടിച്ച് ജീവിക്കരുതെന്ന് ഫ്രാൻസിസ് പാപ്പാ മുന്നറിയിപ്പ് നൽകുന്നു. തനിച്ചാണെങ്കിലും സത്യത്തിനും നീതിക്കുംവേണ്ടി നിലകൊള്ളണം. ആത്മധൈര്യം വേണം. ലോകത്തിന്റെ ഒഴുക്കിന് എതിരെ പോകാനുള്ള കരുത്താർജിക്കണം.

### പ്രശസ്തമായ കത്ത്

എബ്രഹാം ലിങ്കൺ തന്റെ മകന്റെ അധ്യാപകന് എഴുതിയ കത്ത് വളരെ പ്രശസ്തമാണ്. മക്കൾ യഥാർഥത്തിൽ എങ്ങനെയാണ് വളരേണ്ടതെന്ന് ആ കത്തിലെ വരികൾ നമ്മോട് പറയുന്നുണ്ട്. ചില ഭാഗങ്ങൾ കുറിക്കട്ടെ, "എല്ലാ മനുഷ്യരും നീതിനിഷ്ഠരും സത്യസന്ധരുമാണെന്ന് അവൻ പഠിക്കേണ്ടി വരുമെന്നെനിക്കറിയാം. എന്നാൽ, ഓരോ സ്വാർഥ രാഷ്ട്രീയക്കാരും അർപ്പണബോധമുള്ള ഒരു നേതാവാണെന്നും, ഓരോ ശത്രുവിനും പകരം വയ്ക്കാൻ ഒരു നല്ല സുഹൃത്തിനെ വേണമെന്ന അറിവും പകർന്നു നൽകിയാലും. തിന്മയിൽ നിന്ന് അവനെ മാറ്റി നടത്തുക. പുസ്തകങ്ങളുടെ അത്ഭുത ലോകത്തെപ്പറ്റി അവനെ പഠിപ്പിക്കുക. ചതിവിനേക്കാൾ എന്തുകൊണ്ടും ശ്രേഷ്ഠമായത് തോറ്റു കൊടുക്കലാണെന്ന് അവനു മനസ്സിലാക്കി കൊടുക്കുക. ആൾക്കൂട്ടത്തെ പിൻചെല്ലുന്നവരുടെ പക്ഷം ചേരാതെ ആൾക്കൂട്ടത്തിൽ ഒറ്റയ്ക്കു നിൽക്കുന്നവനാകാൻ അവനു കരുത്തേകുക. എല്ലാ മനുഷ്യരെയും ശ്രവിക്കുന്നവനാകുമ്പോഴും കേൾക്കുന്നവയെല്ലാം സത്യത്തിന്റെ അരിപ്പയിലൂടെ അരിച്ചെടുക്കാൻ കഴിവുള്ളവനായി അവൻ മാറട്ടെ.."



സിബിൻ ജോസ്, കോതമംഗലം

**വെറും കളിത്തോക്കും നൂലുണ്ടയും പിവിസി പൈപ്പുംകൊണ്ടാണ് കളക്ടറെയും സർക്കാരിനെയും അയ്യൻകാളിപ്പട മുൾമുനയിൽ നിറുത്തിയത്. എങ്കിൽ പോലും അവരുടെ നീക്കങ്ങൾ അംഗീകരിക്കാൻ പറ്റാത്തതായിരുന്നു.**




1996ൽ നടന്ന ചരിത്ര സംഭവത്തെ ആസ്പദമാക്കി കുഞ്ചാക്കോ ബോബൻ, ദിലീഷ് പോത്തൻ, ജോജു ജോർജ്, വിനായകൻ തുടങ്ങിയവരെ കേന്ദ്ര കഥാപാത്രങ്ങളാക്കി കമൽ. കെ. തിരക്കഥ എഴുതി സംവിധാനം ചെയ്ത ചിത്രമാണ് 'പട'. 1975-ലെ ആദിവാസി ഭൂപരിഷ്കരണ നിയമത്തെ അട്ടിമറിച്ചുകൊണ്ട് അന്നത്തെ നായനാർ സർക്കാർ 1996-ൽ മുന്നോട്ട് വച്ച ഭേദഗതിക്കെതിരേ കല്ലറ ബാബു, വിളയോട് ശിവൻകുട്ടി, കാഞ്ഞങ്ങാട് രമേശൻ, അജയൻ മണ്ണൂർ തുടങ്ങിയവർ പ്രധിഷേധ സൂചകമായി പാലക്കാട് ജില്ലാ കളക്ടർ ആയിരുന്ന ഡബ്ല്യു. ആർ. റെഡ്ഡിയെ ഏറെ നീണ്ട മണിക്കൂറുകൾ ബന്ദിയാക്കി കേരളത്തെ നടുക്കിയ സംഭവം സിനിമയാക്കിയപ്പോൾ നല്ലൊരു അനുഭവം ആയി മാറുന്നു.

96-ലെ ഭേദഗതി അനുസരിച്ച് ആദിവാസി സമൂഹത്തിന് അവരുടെ ഭൂമി തിരിച്ചു നൽകാതെ അവർക്ക് വസിക്കാൻ മറ്റൊരു പ്രദേശം കൊടുക്കുക എന്നതായിരുന്നു അന്നത്തെ സർക്കാർ മുന്നോട്ടുവച്ചത്. ഈ ഒരു അവഗണന ആദിവാസി സമൂഹത്തെ മുഴുവൻ ബാധിക്കുന്ന ഒന്നായി മാറി. ഇതിന്റെ പ്രതിഷേധാർഹം എന്നോണം 1996 ഒക്ടോബർ 4-ന് പാലക്കാട് ജില്ലാ കളക്ടറെ രാവിലെ 10:30 മുതൽ രാത്രി 9:00 മണി വരെ നാലംഗ സംഘം അയ്യൻകാളി പട എന്ന പേരിൽ ബന്ദിയാക്കി കേരളക്കരയെ മുഴുവൻ നടുക്കിയത്.

ചിത്രത്തിലേക്ക് വരുമ്പോൾ ചരിത്രത്തിന്റെ സത്ത ഒട്ടും ചോർന്നു പോകാതെ വളരെ മനോഹരമായിട്ടാണ് അവതരിപ്പിച്ചിട്ടുള്ളത്. നടന്ന സംഭവം അഭ്രപാളിയിൽ എത്തുമ്പോൾ സിനിമാറ്റിക് ആകാതെ പോകുന്ന സന്ദർഭങ്ങൾ ഉണ്ടാകാറുണ്ട്.





പക്ഷേ, 'പട'യിൽ എത്തുമ്പോൾ ഒരു ഡോക്യുമെന്ററി സ്റ്റൈലിൽ പോകാതെ വളരെ ത്രില്ലിംഗ് ആയിട്ടാണ് സിനിമ കൊണ്ട് പോകുന്നത്.

ഒരു നിവേദനം സമർപ്പിക്കുക എന്ന വ്യാജേന നാലംഗ സംഘം കളക്ടറുടെ ഓഫീസിൽ കയറുന്നു. ഓഫീസിൽ നിന്നും മറ്റുള്ളവർ ഇറങ്ങുമ്പോൾ യാതൊരു പ്രകോപനവും കൂടാതെ സായുധരായ ഈ നാലുപേർ സംഘംചേർന്ന് കളക്ടറെ ബന്ധിയാക്കുന്നു. ഈ ഒരു വാർത്ത ആകാശവാണിയിലൂടെ അറിയിക്കാൻ അവർ തന്നെ ആവശ്യപ്പെടുന്നു. ആദിവാസി സമൂഹത്തിന് അവരുടെ ഭൂമി തിരികെ നൽകുക, 96-ലെ ഭേദഗതിക്ക് മാറ്റം വരുത്തുക എന്ന ലക്ഷ്യത്തോടെ കളക്ടറെ ബന്ധിച്ചു ഗവൺമെന്റ് ഉദ്യോഗസ്ഥരെയും ജനങ്ങളെയും ഒരുപോലെ ഭീതിയലെത്തിക്കുന്നു. പിന്നെ നടക്കുന്ന ഓരോ സീനും ഹൃദയമിടിപ്പോടെയാണ് പ്രേക്ഷകർക്ക് കാണാൻ സാധിക്കുകയുള്ളു.

തികച്ചും ഒരു ഇടതുപക്ഷ ചിന്താ രീതിയിലുള്ള സമീപനമായിരുന്നു ഈ നാലംഗ സംഘത്തിന് ഉണ്ടായിരുന്നതെങ്കിലും മാറി മാറി വരുന്ന ഭരണ സംവിധാനത്തെ ഇവർ ചോദ്യം ചെയ്യുന്നുമുണ്ട്. ആദിവാസി സമൂഹം നേരിടുന്ന പ്രശ്നങ്ങൾക്ക് ഇന്നും പരിഹാരങ്ങൾ കണ്ടെത്താതെ പേപ്പർ കെട്ടുകളിൽ മാത്രം ഒതുങ്ങുന്ന വാഗ്ദാനങ്ങളായി മാറുന്നു. കുറ്റൻ ഫാക്ടറികളും മറ്റു സംവിധാനങ്ങളും കെട്ടിപ്പടുക്കാൻ കൊടുംകാട്ടിലെ അന്തേവാസികളെയും നശിപ്പിക്കുന്ന നീക്കങ്ങൾ നാം പലയിടത്തും വായിച്ചിട്ടുണ്ട്. സ്വന്തം ഭവനത്തിലേക്ക് എന്നാണ് പോകാൻ പറ്റുക എന്ന് സ്വന്തം മകൾ നാലംഗ സംഘത്തിലെ ഒരാളോട് ചോദിക്കുമ്പോൾ കൃത്യമായി മറുപടി പറയാനും അയാൾക്ക് സാധിക്കുന്നില്ല.

മാർഗം ഏതായാലും ലക്ഷ്യം നന്നായാൽ മതി എന്ന തെറ്റിദ്ധാരണ സിനിമ പരത്തുന്നുണ്ട്. വെറും കളിത്തോക്കും നൂലുണ്ടയും പി.വി.സി. പൈപ്പും കൊണ്ടാണ് കളക്ടറെയും സർക്കാരിനേയും അയ്യൻകാളി പട മുൾമുനയിൽ നിറുത്തിയത്. എങ്കിൽ പോലും അവരുടെ നീക്കങ്ങൾ അംഗീകരിക്കാൻ പറ്റാത്തതായിരുന്നു. ഈയൊരു സംഭവത്തിന് ശേഷം അവരെ വെറുതെ വിട്ടെങ്കിലും കുറച്ചു മാസങ്ങൾക്കുശേഷം അറസ്റ്റ് ചെയ്യുകയാണുണ്ടായത്.

ഈ സിനിമയ്ക്ക് ക്ലൈമാക്സ് ഇല്ല. കാരണം ആദിവാസി സമൂഹം നേരിടുന്ന പ്രശ്നങ്ങൾ തുടർന്ന് കൊണ്ടേയിരിക്കുകയാണ് എന്നത് ചിത്രം കാണിച്ച് തരുന്നു. തങ്ങളുടെ പ്രശ്നങ്ങൾക്ക് ഇനി പരിഹാരം ഉണ്ടാകില്ലേ എന്ന് ജഡ്ജിയോട് ചോദിക്കുന്ന ചോദ്യത്തിന് പരിഹാസ രൂപേണ ഒരു ചിരി മാത്രം സമ്മാനിച്ച് അദ്ദേഹം കടന്നു പോകുമ്പോൾ കാത്തിരിപ്പിന്റെ ഒരു ഭാരം കൂടി അവരുടെ ശിരസ്സിൽ കെട്ടിവച്ചുകൊണ്ടാണ് സിനിമ അവസാനിക്കുന്നത്.

സമീർ താഹിറിന്റെ ചായാഗ്രഹണം എടുത്തു പറയേണ്ടതാണ്. ഓഫീസ് രംഗങ്ങൾ വളരെ മനോഹരമായി ഇതിൽ ഒപ്പിയെടുത്തിട്ടുണ്ട്. 96-ലെ കാലഘട്ടം എടുത്തു കാണിച്ച കലാസംവിധാനവും മികവ് പുലർത്തുന്നു. തിയറ്ററുകളിൽ അർഹിച്ച വിജയം നേടാൻ സാധിച്ചില്ലെങ്കിലും ഓ.ടി.ടി പ്ലാറ്റ്ഫോമായ ആമസോൺ പ്രൈമിൽ മികച്ച പ്രതികരണവുമായി ചിത്രം മുന്നേറുന്നു.

# വാർത്താവിചാരം



സണ്ണി കോക്കാപ്പിള്ളിൽ

# മുൻ ഡി.ജി.പി. ആർ. ശ്രീലേഖയുടെ വെളിപ്പെടുത്തലുകൾ

ഫോറൻസിക് ലാബ് റിപ്പോർട്ടുകളാണല്ലോ ഒട്ടനവധി കോടതി വിധികൾക്കാധാരമാകുന്നത്. ഈ ഫോറൻസിക് റിപ്പോർട്ടുകളെപ്പറ്റി മുൻ ഡിജിപി ആർ. ശ്രീലേഖ ചില വസ്തുതകൾ വെളിപ്പെടുത്തുകയുണ്ടായി. നമ്മുടെ പോലീസ് സംവിധാനത്തിൽ വ്യാജ ഫോറൻസിക് ലാബ് റിപ്പോർട്ടുകളുണ്ടാക്കാൻ സാധിക്കുമെന്നാണ് അവർ പറഞ്ഞത്. അന്വേഷണ സംഘങ്ങൾ തന്നെ വ്യാജ റിപ്പോർട്ടുകൾ ഉണ്ടാക്കി ഇതു സത്യസന്ധമാണെന്ന് കോടതിമുൻപിൽ കാണിക്കും. പല കേസുകളിലും ഇങ്ങനെ ചെയ്തിട്ടുണ്ട്. ഇതുവഴി അനേകം നിരപരാധികൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ട്. ഫോറൻസിക് ലാബുകൾ ഇന്ന് പോലീസിന്റെ അധികാര പരിധിയിലാണ്. അതിൽനിന്നും സ്വതന്ത്രമാക്കിയാൽ മാത്രമേ പക്ഷപാതമില്ലാത്ത, സത്യസന്ധമായ റിപ്പോർട്ടുകൾ ഉണ്ടാവുകയുള്ളൂ.

മുൻ ഡിജിപി ശ്രീലേഖയുടെ ഈ വാക്കുകൾ വളരെ ഗുരുതരമായ ചില പിഴവുകളെ ചൂണ്ടിക്കാണിക്കുന്നു. തെറ്റായി സമർപ്പിച്ച ഫോറൻസിക് റിപ്പോർട്ടു മൂലം നിരപരാധികൾ ജയിലിൽ കിടക്കുന്നുവെന്ന യാഥാർഥ്യത്തെ വളരെ ഗൗരവത്തോടെ നാം കാണണം. സി. അഭയക്കേസിന്റെ വിധിയിൽ ഇത്തരമൊരു ഫോറൻസിക് റിപ്പോർട്ടിന്റെ



പ്രസക്തി കാണുന്നവർ ധാരാളമുണ്ട്. ഈ കേസിൽ ശിക്ഷിക്കപ്പെട്ട് ജയിലിൽ കഴിയുന്ന ഫാ. തോമസ് കോട്ടൂരും സി. സെഫിയും നിരപരാധികളാണോ?

ആലപ്പുഴ മെഡിക്കൽ കോളേജിലെ ഫോറൻസിക് സർജനായിരുന്ന ഡോ. കൃഷ്ണൻ ബാലേന്ദ്രൻ 2021 ജനുവരി ഒന്നിനു പ്രസിദ്ധീകരിച്ച പഠനസ്വഭാവമുള്ള FB പോസ്റ്റിൽ സി. സെഫിയുടെ കന്യകാത്വ പരിശോധനയെപ്പറ്റി സൂചിപ്പിക്കുന്നുണ്ട്. ഒരു സ്ത്രീ തന്റെ കന്യകാത്വ പരിശോധനയ്ക്കു വിധേയപ്പെടണമെങ്കിൽ അത്രയ്ക്കും തനിക്ക് ആത്മവിശ്വാസമുണ്ടായിരിക്കണം. ഭേദപ്പെട്ട നീതിന്യായ വ്യവസ്ഥയുള്ള ഒരു രാജ്യത്തുപോലും ഇത്തരം പരിശോധനകളില്ല. എന്നിട്ടും, തന്റെ നിരപരാധിത്വം തെളിയിക്കാൻ താൻ കന്യകയാണെന്നു തെളിയിച്ചാൽ മതിയല്ലോയെന്ന് അവർ ചിന്തിച്ചു. ആലപ്പുഴ മെഡിക്കൽ കോളേജിലെ ഫോറൻസിക് മെഡിസിൻ മേധാവിയും ഗൈനക്കോളജി വിഭാഗം മേധാവിയുമടങ്ങുന്നതായിരുന്നു പരിശോധനയ്ക്കു മേൽനോട്ടം വഹിച്ചത്. പരിശോധനയിൽ അവർ കണ്ടെത്തിയത് സി. സെഫി കന്യകയാണെന്നാണ്. എന്നാൽ, കൃത്രിമമായി കന്യാചർമം വച്ചുപിടിപ്പിച്ചതാകാനുള്ള സാധ്യതയെ അവർ തള്ളിയില്ല.

എന്നാൽ, കൃത്രിമ കന്യാചർമം വച്ചുപിടിപ്പിക്കാനുള്ള (hymenoplasty) സാധ്യത അന്ന് ഇന്ത്യയിലെങ്ങുമില്ല. സി. സെഫി വിദേശത്തു പോയതായി തെളിവില്ല. മാത്രമല്ല, ഈ രണ്ടു ഡോക്ടർമാരുടെയും പഠന വിഷയങ്ങളിൽ അതായത് ഫോറൻസിക് മെഡിസിനിലും ഗൈനക്കോളജിയിലും ഇത്തരം ശസ്ത്രക്രിയയെപ്പറ്റി സിലബസിലില്ലതാനും. ഇത്തരമൊരു ശസ്ത്രക്രിയ ഇവർ ചെയ്തിട്ടുമില്ല, ചെയ്തിട്ടുള്ളവരെ കണ്ടിട്ടുമില്ല. ശരിയായവിധം അറിവില്ലാതെയും അനുഭവജ്ഞാനമില്ലാതെയും ഒരു റിപ്പോർട്ട് തയ്യാറാക്കിയതിന്റെ ലക്ഷ്യമെന്താണ്?

സി. സെഫി കന്യകയാണെങ്കിൽ അഭയ കൊലക്കേസിന്റെ പ്രസക്തി നഷ്ടപ്പെടും. മാധ്യമവിചാരണയിൽ ഫാ. തോമസ് കോട്ടൂരും സി. സെഫിയുമായുള്ള വഴിവിട്ട ബന്ധത്തിന്റെ പരിണിത ഫലമായിട്ടാണ് അഭയകൊലക്കേസ് കെട്ടിച്ചമയ്ക്കപ്പെട്ടിരിക്കുന്നത്. നേരത്തെ നടന്ന നാർക്കോ അനാലിസിസ് വീഡിയോയിൽ കൃത്രിമത്വമില്ലെന്നു സ്ഥാപിച്ചെടുക്കണമെങ്കിൽ ഇത്തരമൊരു ഫോറൻസിക് റിപ്പോർട്ട് ആവശ്യമായേക്കാം. ഹൈമനോപ്ലാസ്റ്റി നടന്നിരുന്നുവെങ്കിൽ ആരു നടത്തി, എവിടെ വച്ചു നടത്തി എന്ന ചോദ്യങ്ങൾക്കൊന്നും ആരും ഇതുവരെ ഉത്തരം നൽകിയിട്ടില്ല. ഈയിടെ അന്തരിച്ച ഡോ. പി. രമ (സിനിമാനടൻ ജഗദീഷിന്റെ ഭാര്യ) ആയിരുന്നു സി. സെഫിയുടെ കന്യകാത്വ പരിശോധന നടത്തിയത്. 2008-ൽ ആലപ്പുഴ മെഡിക്കൽ കോളേജിൽ ഡോ. പി. രമ ഫോറൻസിക് വിഭാഗം അധ്യക്ഷ ആയിരിക്കുമ്പോഴാണ് സി. സെഫിയുടെ കന്യകാത്വ പരിശോധന നടത്തിയത്.

മുൻ ഡിജിപി ആർ. ശ്രീലേഖയുടെ വാക്കുകൾ പല കേസുകളുടെ വിധികളെപ്പറ്റി പുനർവായനയ്ക്കു പ്രേരിപ്പിക്കുന്നതായി കാണാം. അഭയക്കേസ് ഇപ്പോൾ ചർച്ചയാകാൻ കാരണം, ഡോ. പി. രമയുടെ മരണവുമായി ബന്ധപ്പെട്ട് മുൻ മന്ത്രി കെ.ടി. ജലീൽ ഇട്ട പോസ്റ്റാണ്. ഡോ. രമയുടെ റിപ്പോർട്ടു കാരണമാണ് ഫാ. തോമസ് കോട്ടൂർ ശിക്ഷിക്കപ്പെട്ടതെന്ന കാര്യം അദ്ദേഹം ഓർത്തു. ഫാ. കോട്ടൂർ ജസ്റ്റിസ് സിറിയക് ജോസഫിന്റെ ബന്ധു കൂടിയാണ്. ജസ്റ്റിസ് സിറിയക് ജോസഫ് ലോകായുക്ത ആണ്. ലോകായുക്തയുടെ വിധി കാരണമാണല്ലോ ജലീലിനു മന്ത്രിസ്ഥാനം നഷ്ടപ്പെട്ടതും. ഏതായാലും സത്യം എന്നെങ്കിലും തെളിയുമെന്ന് നമുക്ക് ആശിക്കാം.

# ഹൃദയത്തെ കീറിമുറിക്കുന്ന യുദ്ധസങ്കടങ്ങൾ

യുക്രെയ്നിൽ ഒരു കാർ യാത്രയ്ക്കിടയിൽ പതിച്ച ഷെല്ലാക്രമണത്തിലാണ് ഒരു ഒൻപതു വയസുകാരിക്ക് തന്റെ അമ്മയെ നഷ്ടമായത്. അതീവദുഃഖത്തിലായ ആ പെൺകുട്ടി തന്റെ ഡയറിലെഴുതിയ കുറിപ്പ് ഇന്ന് ലോകമാസകലം പ്രചരിക്കപ്പെടുന്നു. *"അമ്മ - അങ്ങാണു ലോകത്തെ ഏറ്റവും ശ്രേഷ്ഠയായ അമ്മ. എനിക്ക് ഒരിക്കലും അമ്മയെ മറക്കാനാവില്ല. സ്വർഗത്തിൽ അമ്മ സന്തോഷത്തോടെ ആയിരിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. അമ്മ പഠിപ്പിച്ചപോലെ നല്ല വ്യക്തിയായി ജീവിക്കാൻ ഞാൻ ഏറ്റവും നന്നായി പരിശ്രമിക്കും. നമുക്കു സ്വർഗത്തിൽ കണ്ടുമുട്ടാം".*

യുദ്ധം വ്യക്തികളിലും കുടുംബങ്ങളിലും സമൂഹത്തിലും വിതയ്ക്കുന്ന ദുരിതങ്ങൾ എത്ര മാത്രം ഭീകരമാണ്. അതിനെക്കാളുപരി ഈ ഒൻപതുകാരിയുടെ കുറിപ്പിലെ ആത്മീയതയാണു




ശ്രദ്ധിക്കപ്പെടേണ്ടത്. അമ്മ സ്വർഗത്തിലാണെന്ന് അവൾ വിശ്വസിക്കുന്നു. അമ്മ പഠിപ്പിച്ചതുപോലെ ഒരു നല്ല വ്യക്തിയായി ജീവിക്കാൻ പരിശ്രമിക്കും. അവസാനം അമ്മയെ സ്വർഗത്തിൽ കണ്ടുമുട്ടാമെന്നും അവൾ പ്രത്യാശിക്കുന്നു. ഇതിൽ കൂടുതൽ എന്ത് ആത്മീയതയാണുള്ളത്? സമഗ്രമായ ആത്മീയ വീക്ഷണം ഈ ഒൻപതുകാരി സ്വായത്തമാക്കിയിരിക്കുന്നു. നന്നായി ജീവിക്കുക, അവസാനം സ്വർഗത്തിലെത്തിച്ചേരുക എന്ന ശ്രേഷ്ഠമായ അവസ്ഥയാണിത്. താനൊരു ഡോക്ടറാകുമെന്നോ, നേതാവാകുമെന്നോ, ഉന്നത ഉദ്യോഗസ്ഥയാകുമെന്നൊന്നും ഈ പെൺകുട്ടി പറഞ്ഞില്ല. നന്നായി ജീവിക്കുക, സ്വർഗത്തിലെത്തിച്ചേരുക അതാണവളുടെ ലക്ഷ്യം. ഇത്തരമൊരു സാഹചര്യത്തിൽപ്പെട്ടാൽ ഇങ്ങനെ പ്രതികരിക്കുന്ന എത്ര കുഞ്ഞുങ്ങളെ നമ്മുടെയിടയിൽ കണ്ടെത്താൻ കഴിയുമെന്നറിയില്ല. ക്രിസ്തീയ വിശ്വാസത്തിൽ കുട്ടിയെ രൂപീകരിച്ചതിൽ ആ യുക്രെയ്ൻ അമ്മ നമുക്കെന്നും മാതൃകയാകട്ടെ.

# അനുസരണം ബലിയേക്കാൾ ശ്രേഷ്ഠമാണ്

ഓരോ വർഷവും ആയിരം കോടി രൂപയാണ് കെ.എസ്.ഇ.ബി.ക്ക് കേരള സർക്കാർ നഷ്ടം നികത്താൻ കൊടുക്കുന്നത്. ഇത്രയ്ക്കും നഷ്ടം വരുത്തുന്ന ഒരു സ്ഥാപനത്തെ പൊതുജന ചെലവിൽ സർക്കാർ നിലനിറുത്തേണ്ടതുണ്ടോയെന്ന് സംശയാസ്പദമാണ്. ജീവനക്കാരുടെ കെടുകാര്യസ്ഥതയും ധാരാളം ഉന്നത റാങ്കിലുള്ള തസ്തികകൾ സൃഷ്ടിക്കലുമാണ് ഇത്രയധികം നഷ്ടം വരുത്തിവയ്ക്കുന്നതെന്നു പറയപ്പെടുന്നു. ബോർഡിനെ വിജയത്തിലെത്തിക്കാൻ ചെയർമാൻ പരിശ്രമിച്ചിട്ടും യൂണിയനുകൾ സമ്മതിക്കുന്നില്ല. ചെയർമാനെ മാത്രമല്ല മന്ത്രിയെപ്പോലും നിലയ്ക്കു നിറുത്താൻ കഴിവുള്ളവരാണ് ചില യൂണിയൻ നേതാക്കൾ. ഏതൊരു സ്ഥാപനത്തിലും അനുസരണമില്ലായ്മ അതിനെ തകർച്ചയിലേക്കു നയിക്കും.

കെ.എസ്.ഇ.ബി.യിൽ മാത്രമല്ല സർവ മേഖലകളിലും അനുസരണമില്ലായ്മ വ്യാപിക്കുന്നുണ്ട്. മാതാപിതാക്കളെ അനുസരിക്കാത്ത മക്കൾ, അധ്യാപകരെ അനുസരിക്കാത്ത വിദ്യാർഥികൾ എന്നിങ്ങനെ എവിടെയും അനുസരണമില്ലായ്മയുടെ അനുരണങ്ങൾ കാണുന്നു. വ്യക്തിസ്വാതന്ത്ര്യത്തിന് അമിത പ്രാധാന്യം കൈവരുന്നതിനാലാണോ ഇങ്ങനെ സംഭവിക്കുന്നത്?! അച്ചടക്കരാഹിത്യം സമൂഹത്തിൽ സൃഷ്ടിക്കുന്ന ഗുരുതരമായ ച്യുതി എത്ര വലുതാണ്.

നിയമം അനുസരിക്കുന്നതിൽ വളരെ മടിയുള്ളവരാണ് ഇന്ത്യാക്കാർ. വാഹനമോടിക്കുന്നതിൽ, നികുതി അടയ്ക്കുന്നതിൽ, ക്യൂ പാലിക്കുന്നതിൽ, പദ്ധതികളുടെ നിർവഹണത്തിൽ ഒക്കെ നിയമത്തെ വെല്ലുവിളിക്കുന്നവരാണ് നാം. ഡ്രൈവിങ്ങിലെ നിയമലംഘനം എല്ലാ പരിധിയും ലംഘിച്ചിരിക്കുന്നു. സമരം ചെയ്യാൻ സ്വാതന്ത്ര്യമുള്ളതുപോലെ ജോലി ചെയ്യാനും സ്വാതന്ത്ര്യമുണ്ടെന്ന കാര്യം നാം മറക്കുന്നു. മറ്റുള്ളവരുടെ അവകാശങ്ങളെ ഹനിക്കുവാൻ നമ്മൾ സംഘടിക്കുന്നു. സ്വാർഥ താത്പര്യങ്ങൾ സംരക്ഷിക്കപ്പെടണമെന്ന ചിന്തയാണ് ഭൂരിപക്ഷത്തെയും നയിക്കുന്നത്. യൂറോപ്പിൽ വാഹനമോടിക്കുന്നവർ കുട്ടികൾക്കും വയോജനങ്ങൾക്കും കൊടുക്കുന്ന ശ്രദ്ധയുടെ നൂറിലൊരംശം ഇവിടെയുണ്ടോ?

സമൂഹത്തിൽ പൊതുവേയുള്ള ഈ അനുസരണക്കേടായിരിക്കാം സഭയിലും നുഴഞ്ഞു കയറിയിരിക്കുന്നത്. അനുസരണയില്ലാത്ത വൈദികരും സിസ്റ്റേഴ്സും വരുത്തി വയ്ക്കുന്ന അപകടങ്ങൾ മറ്റുള്ളവരേക്കാൾ നൂറിരട്ടി ദോഷകരമാണെന്നതും ഓർക്കേണ്ടതുണ്ട്. അവകാശ സമരങ്ങൾ ഒരിക്കലും മറ്റുള്ളവർക്ക് ഉതപ്പു കൊടുക്കുന്ന തരത്തിലാകരുത്. വിശുദ്ധർ നമ്മെ പഠിപ്പിക്കുന്ന പാഠവും അതുതന്നെയാണ്. നിയമത്തെ അനുസരിക്കാനാണ് ക്രിസ്തുവും നമ്മെ പഠിപ്പിച്ചത്. എന്നാൽ, അതിന്റെ ധാർമികതയെയും നാം പരിഗണിക്കണം.







ചിത്രീകരണം: വെങ്കി

# FOOTBALL

റോയ്സിന് വളരെ സങ്കടമുള്ള ഒരു ദിവസമായിരുന്നു അന്ന്. സാധാരണ സ്കൂൾ കഴിഞ്ഞ് വീട്ടിൽ വന്ന് തന്റെ നായ്ക്കുട്ടിയെ കളിപ്പിക്കാറുണ്ടായിരുന്ന റോയ്സിനെ അന്ന് വളരെ മൂഡ് ഓഫായിട്ടാണ് അമ്മ കണ്ടത്. അവൾക്ക് എന്തോ വിഷമമുണ്ടെന്ന് കണ്ടപ്പോൾത്തന്നെ അവളുടെ അമ്മയ്ക്ക് മനസ്സിലായി. അമ്മ കാര്യം തിരക്കിയപ്പോൾ അവൾ വളരെ വിഷമത്തോടെ കാര്യം പറഞ്ഞു: "ഇന്ന് ക്ലാസ്സിൽ വച്ച് അധ്യാപകൻ എന്നോട്, ഭാവിയിൽ ആരാകാനാണ് ആഗ്രഹമെന്ന് ചോദിച്ചപ്പോൾ, ഒരു ഫുട്ബോളർ ആകണമെന്ന് ഞാൻ മറുപടി പറഞ്ഞു. അതുകേട്ട് എന്റെ കൂട്ടുകാർ എന്നെ വെറുതെ കളിയാക്കി. ഫുട്ബോൾ കളിക്കാൻ അറിയാൻ പാടില്ലാത്ത നീ എങ്ങനെ ഒരു ഫുട്ബോളറാകും എന്നൊക്കെ പറഞ്ഞ് അവരെന്നെ കളിയാക്കി ചിരിച്ചു". അവളുടെ സങ്കടം കണ്ടപ്പോൾ അമ്മ അവളെ ചേർത്തുപിടിച്ച് സമാധാനിപ്പിച്ചു.

റോയ്സിന് സ്കൂളിൽ വാർഷിക പരീക്ഷ തുടങ്ങുന്ന സമയമായിരുന്നു. പരീക്ഷ കഴിഞ്ഞാൽ റോയ്സ് ജയിച്ച് ഒമ്പതാം ക്ലാസ്സിലെത്തും. പഠനത്തിൽ വലിയ മിടുക്കിയല്ലെങ്കിലും എല്ലാ വിഷയങ്ങൾക്കും മികച്ച രീതിയിൽ മാർക്കുണ്ടായിരുന്നു. ഇത്തവണത്തെ വാർഷിക പരീക്ഷ എങ്ങനെയെങ്കിലും കഴിഞ്ഞിട്ട് വേണം കളിയുടെ കാര്യങ്ങൾ നോക്കാൻ, അതായിരുന്നു അവളുടെ ചിന്ത.

മാതാപിതാക്കളോട് അവളുടെ ഈ വലിയ ആഗ്രഹം പറഞ്ഞപ്പോൾ അവളുടെ സാധാരണമല്ലാത്ത വാക്കുകളും ആഗ്രഹവുമൊക്കെ കണ്ട് അവർ അവളെ തൊട്ടടുത്തുള്ള ഫുട്ബോൾ കോച്ചിംഗ് സെന്ററിൽ കൊണ്ടുചെന്നാക്കി. രണ്ടു മാസത്തെ വെക്കേഷന് മുഴുവൻ സമയവും കളിയിൽ തന്നെയായിരുന്നു അവളുടെ ശ്രദ്ധ. നല്ല പരിശീലകനായിരുന്നതുകൊണ്ടും അവൾ വേഗം കളികളും ട്രിക്കുകളുമൊക്കെ പഠിക്കാൻ തുടങ്ങി. അസാധാരണമായൊരു മികവായിരുന്നു അവളുടെ കളികളിൽ കാണാൻ കഴിഞ്ഞത്. അത് അവളുടെ പരിശീലകനായ സാറിലും വലിയ മതിപ്പുളവാക്കി.

അവധിക്കാലം കഴിഞ്ഞ് സ്കൂൾ തുറക്കുന്നതിന് ഒരാഴ്ചമുമ്പ് വീടിനടുത്തുള്ള ഗ്രൗണ്ടിൽ കളിക്കുന്നതിനിടയിൽ റോയ്സിന്റെ ഇടതുകാലിന് പരിക്കുപറ്റി. പരിശോധിച്ച് കഴിഞ്ഞപ്പോൾ മനസ്സിലായി കാലിന്റെ എല്ലിന് പൊട്ടലുണ്ടെന്ന്. ഏതായാലും പിന്നെ കുറേ ദിവസം ഒടിഞ്ഞ കാലുമായി വീട്ടിൽ വിശ്രമത്തിലായിരുന്നു. ആ ദിവസങ്ങളിൽ പരിശീലനത്തിന് പോകാൻ സാധിക്കാതിരുന്നത് അവൾക്ക് വലിയ സങ്കടമായി. പിന്നീട് കാലൊക്കെ ശരിയായി വീണ്ടും പരിശീലനത്തിന് പോയിത്തുടങ്ങിയപ്പോൾ ഇത്രയും ദിവസം കാണാതിരുന്നത് എന്താണെന്ന് പരിശീലകൻ തിരക്കി. കളിക്കിടെ കാലൊടിഞ്ഞ കാര്യം പറഞ്ഞു. പരിശീലകൻ ഇതുകേട്ടപ്പോൾ അവളെ വിളിച്ചിരുത്തി കുറച്ചു കാര്യങ്ങൾ ഉപദേശിച്ചു. പരിശീലനം മുടക്കരുതെന്നും കളിയെ കാര്യമായി കാണണമെന്നും അദ്ദേഹം അവളോട് പറഞ്ഞു. മുടങ്ങാതെയുള്ള തീവ്രമായ പരിശീലനമാണ് ഏറ്റവും പ്രധാനമെന്ന് അദ്ദേഹം അവളെ പ്രത്യേകം ഓർമപ്പെടുത്തി. പിന്നീട് ആ ഉപദേശത്തെക്കുറിച്ചായിരുന്നു അവളുടെ ചിന്തകളെല്ലാം. വീട്ടിൽ അവളുടെ പ്രിയപ്പെട്ട നായ്ക്കുട്ടിയോടൊപ്പം കളിക്കുമ്പോഴും ഊണിലും ഉറക്കത്തിലും എന്നുവേണ്ട എപ്പോഴും അധ്യാപകന്റെ ആ വാക്കുകളായിരുന്നു അവളുടെ മനസ്സിൽ. കൃത്യമായി വ്യായാമം ചെയ്യുവാനും ഭക്ഷണം ക്രമീകരിക്കുവാനും അവൾ ശ്രദ്ധിച്ചു തുടങ്ങി.

അങ്ങനെ നാളുകൾ കഴിഞ്ഞു, കാലങ്ങൾ കടന്നു പോയി. റോയ്സിന് ഇരുപത് വയസ്സായി. ഇന്ന് അവൾ അവളുടെ നാട്ടിലെ വുമൺസ് ഫുട്ബോൾ ടീമിന്റെ ക്യാപ്റ്റനാണ്. ദൈവാനുഗ്രഹവും അവളുടെ നല്ല പരിശ്രമവും മൂലം ഏറെ നാളുകൾ കഴിഞ്ഞില്ല, കേരളത്തിന്റെ വനിതാ ഫുട്ബോൾ ടീമിലേക്ക് അവൾക്ക് സെലക്ഷൻ കിട്ടി. തന്റെ കഴിഞ്ഞ നാളുകളെ കുറിച്ച് ഓർക്കുമ്പോൾ അവൾക്ക് എന്തെന്നില്ലാത്ത അഭിമാനം തോന്നി. ഇത്ര ചെറിയ പ്രായത്തിൽ തന്നെ സ്റ്റേറ്റ് ഫുട്ബോൾ ടീമിലേക്ക് സെലക്ഷൻ കിട്ടുക എന്ന് പറഞ്ഞാൽ അത് വലിയ കാര്യം തന്നെയല്ലേ.. താനുൾപ്പെടുന്ന കേരള ടീമിന്റെ ഉദ്ഘാടന മത്സരം അടുത്ത ആഴ്ചയാണ് ഇപ്പോൾ റോയ്സ് അതിനുള്ള ഒരുക്കത്തിലുമാണ്.

അങ്ങനെ കാത്തുകാത്തിരുന്ന് ആ സുന്ദര ദിവസം വന്നെത്തി. തന്റെ ഈ അരങ്ങേറ്റക്കളി നടക്കുന്ന സ്ഥലത്തുവച്ച് പണ്ട് ഒമ്പതാം ക്ലാസ്സിൽ പഠിപ്പിച്ച തന്റെ പരിശീലകനായ ആ സാറിനെ അവൾ വീണ്ടും കണ്ടു. അവളെക്കാൾ ഏറെ സന്തോഷം അവളുടെ അധ്യാപകനായിരുന്നു. ചെറിയ പ്രായത്തിൽ താൻ പഠിപ്പിച്ച ഒരു പെൺകുട്ടി ഈ നിലയിൽ വളർന്നതിൽ അദ്ദേഹം അതീവ ചാരിതാർഥ്യമുള്ളവനായി.

കളി തുടങ്ങാൻ ഏതാനും നിമിഷങ്ങളെയുള്ളൂ. ഇരുടീമുകളും കളിക്കളത്തിൽ ഇറങ്ങി, പ്രാർഥനാ നിരതരായി. ആവേശമുണർത്തുന്ന കളിയുടെ അവസാന നിമിഷത്തിലേക്ക് എത്തുമ്പോൾ റോയ്സിന്റെ ടീം ഒരു ഗോൾ ഏറ്റുവാങ്ങി തോറ്റു നിൽക്കുകയായിരുന്നു. ഞൊടിയിടയിൽ തന്റെ കഴിഞ്ഞകാല നാളുകൾ അവളുടെ മനസ്സിലൂടെ മിന്നിമറഞ്ഞു. കാലൊടിഞ്ഞതും പിന്നീട്



കഥ: സ്റ്റീവ് വർഗീസ്



തുടരെത്തുടരെയുള്ള പ്രോത്സാഹനവും അവളുടെ മനസ്സിലുള്ള സ്വപ്നങ്ങളുമൊക്കെ അന്നേരം അവളോർത്തു. പിന്നീട് കളിക്കളത്തിൽ അവൾ മിന്നൽ പോലെ പായുകയായിരുന്നു.


പരിശീലനത്തിലൂടെ കടന്നു പോയതും തീവ്രമായ പരിശീലനം വേണമെന്നുള്ള സാറിന്റെ തുടരെത്തുടരെയുള്ള പ്രോത്സാഹനവും അവളുടെ മനസ്സിലുള്ള സ്വപ്നങ്ങളുമൊക്കെ അന്നേരം അവളോർത്തു. പിന്നീട് കളിക്കളത്തിൽ അവൾ മിന്നൽ പോലെ പായുകയായിരുന്നു.

ദൈവാനുഗ്രഹം ഉണ്ടായിരുന്ന റോയ്സിന്റെ തുടരെത്തുടരെയുള്ള ആവേശകരമായ രണ്ടു ഗോളുകളിൽ അവസാനനിമിഷത്തിൽ അവളുടെ ടീം വിജയശ്രീലാളിതരായി കപ്പ് നേടി. ആ വിജയ നിമിഷത്തിൽ അവൾ ഗ്രൗണ്ടിൽ മുട്ടുകുത്തി നിന്ന് നിലത്ത് ചുംബിച്ച് തന്റെ മാതാപിതാക്കൾക്കും പരിശീലകനും എല്ലാത്തിനുമുപരി ദൈവത്തിനും നന്ദി പറഞ്ഞു.

# ചിരിയും ചിന്തയും



കാർട്ടൂൺ: ജോയ്സ് കെ.ജോസ്






SUBSCRIBE! TO THE BEST CATHOLIC MAGAZINE FOR YOUTH & YONG FAMILIES

To purchase
scan QR code or visit:
www.jykairosmedia.org/kairosglobal

Kairos Media, 8/174, Navodaya Studio Complex, Thengode P.O, Kochi 682 030, Kerala, India
kairosmag@jykairosmedia.org +91 484 2984327 91 62382 79115 | **www.jykairosmedia.org**

RNI No.KERMAL/2002/12027, Postal Registered No. KL/EKM/734/2022-24, Date of publication: 01/05/2022, ₹50.00




Printed Published by Reji J. Karot on behalf of Kairos Trust Chevayur P.O., Kozhikode-673017, Kerala. Printed at Sterling Print House (P) Ltd. , Door No.49/1849, Ponekkara- Cheranalloor Road, AIMS, Ponekkara P.O, Kochi-682 041 Cell: 98479 00555. Place of Publication Kairos, 8/174, Navodaya Studio Complex, Thengod P.O, Kakkanad, Ernakulam – 682 030. Editor Adv. K.J. Johnson, Kunnathuparambil (H), P.O. Vellangallur, Thrissur 680 662